Reg. M. No. 2293

ഒറ്റപ്രതി 2 ണ.

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 27 | 1129 തുലാം 19—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1953 നവംബർ 4 | ലക്കം 11

## ക്രിസ്റ്റഫർമാർ ഉണരണം

(ജോസഫ് ചാണ്ടി, തൃശ്ശൂർ)

ആസന്നമായ പൊതുതിരഞ്ഞെടുപ്പിനെ ലക്ഷ്യമാക്കി തിരുകൊച്ചിയിൽ ആകെ ഒരുണർവ്വ് പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കയാണല്ലോ. രണ്ടു മൂന്നു മാസങ്ങൾക്കുശേഷമേ ഈ തിരഞ്ഞെടുപ്പ് നടക്കുവാൻപോകുന്നുള്ളുവെങ്കിലും രാഷ്ട്രീയപാർട്ടികൾ ഓരോന്നും അവരുടെ പ്രചരണങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഇടതുപക്ഷകക്ഷികളെല്ലാറ്റിന്റെയും നേതൃത്വം തങ്ങൾക്കാണെന്നുള്ള ഭാവത്തിൽ കമ്മ്യൂണിസ്റ്റുകൾ എല്ലാ ആയുധങ്ങളുമെടുത്ത് പയറ്റിത്തുടങ്ങി. തങ്ങളുടെതന്നെ താല്പര്യങ്ങളെ ലാക്കാക്കി അഴിച്ചുവിട്ട പ്രക്ഷോഭണങ്ങളുടെയും അക്രമങ്ങളുടെയും ഫലമായി നടന്നിട്ടുള്ള ലാത്തിച്ചാർജ്ജുകളും വെടിവെപ്പുകളും ഭരണകക്ഷിയുടെ മർദ്ദനനയമായി വൈദഗ്ധ്യപൂർവ്വം ചിത്രീകരിച്ച് ജനങ്ങളെ ഒന്നടങ്കം ഇടത്തോട്ട് ചായിക്കുവാൻ പരിശ്രമിച്ചുകൊണ്ടിരിക്കയാണ്. ഇത്രയുംനാൾ ഉന്നയിച്ചിട്ടില്ലാത്ത പല പല ആവശ്യങ്ങളും ഇന്നിതാ അടിയന്തിരാവശ്യങ്ങളായി ഉയർത്തിപ്പിടിച്ചിരിക്കുന്നു. അരിറേഷൻ വർദ്ധിപ്പിക്കണം. അത് ഇപ്പോഴുള്ളതിന്റെ ഇരട്ടിയായി വർദ്ധിപ്പിക്കണം. അടുത്തൊന്നും തിരഞ്ഞെടുപ്പില്ലായിരുന്നെങ്കിൽ രണ്ടോ മൂന്നോ ഔൺസ് കൂട്ടിയാൽ മതിയാകുമായിരുന്നു. പക്ഷെ തിരഞ്ഞെടുപ്പല്ലെ അടുത്തിരിക്കുന്നതു്. അതുകൊണ്ട് 6 ഔൺസ് 12 ഔൺസാക്കണം. റേഷൻ കൂട്ടിയാൽ മാത്രംപോരാ, വിലയും കുറയ്ക്കണം. ഇത്തരത്തിലുള്ള ആവശ്യങ്ങളാണധികവും. ഇതിനുവേണ്ടിയുള്ള പ്രചരണയോഗങ്ങളും റാലികളും ഒന്നിനുപുറകെ ഒന്നായി ധൃതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നു. ചില പ്രസംഗങ്ങൾ കേട്ടാൽ നാട്ടുകാരുടെ വിശ്വാസം 47കാരെക്കാൾ 32 കാരിലാണെന്നു് തോന്നിപ്പോകും. ഭരണകക്ഷിയുടെപേരിൽ എണ്ണിയാൽ തീരാത്തത്ര കുറ്റങ്ങൾ ആരോപിക്കുന്നതു കേൾക്കുവാനിടവരുന്ന സാധാരണക്കാരന്റെ ചിന്താശക്തിതന്നെ നഷ്ടപ്പെട്ടുപോകും.

കമ്മ്യൂണിസ്റ്റേതരഗവമെന്റുകൾ ചെയ്യുന്ന എല്ലാം പ്രവൃത്തികളും തെറ്റായിരിക്കുമെന്നും അവ എത്രതന്നെ നന്നായിഭരണം നടത്തിയാലും ജനകീയാവശ്യങ്ങൾക്ക് യോജിച്ചതായിരിക്കയില്ലെന്നും അതുകൊണ്ട് നിലവിലുള്ള എല്ലാ ഭരണക്രമങ്ങളെയും ബലം പ്രയോഗിച്ച് തച്ചുടച്ച് കമ്മ്യൂണിസ്റ്റ് വ്യവസ്ഥിതി നടപ്പിലാക്കണമെന്നുമാണല്ലോ കാൾമാർക്സ് പഠിപ്പിക്കുന്നതു്. അതുകൊണ്ട് ഇത്തരം ചാർജ്ജ്ഷീറ്റുകൾ തയ്യാറാക്കുന്നതിൽ ഒരു പുതുമയ്ക്കോ വിശ്വാസക്കുറവിനോ വകയില്ലതന്നെ. ഇത്തരം ദുഷ്പ്രചരണങ്ങൾ പൊതുമണ്ഡപങ്ങളിൽവെച്ചു മാത്രമല്ല നാലുപേർ ഒന്നിച്ചുകൂടുന്ന എല്ലായിടത്തും അവർ തട്ടിവിട്ടുകൊണ്ടിരിക്കയാണ്. കാപ്പിക്കടകളും ബാർബർഷാപ്പുകളും അവരുടെ പ്രചരണകേന്ദ്രങ്ങളായി മാറിക്കൊണ്ടിരിക്കയാണ്. ബസ്സിൽ യാത്രചെയ്യുമ്പോഴും തീവണ്ടിയിൽ സഞ്ചരിക്കുമ്പോഴും അന്ധകാരത്തിന്റെ ഈ പ്രചാരകന്മാരെ കാണുവാൻ കഴിയും. ഈ വിഷയത്തിൽ അവർക്കുള്ള വിരുതു് ഒന്നുവേറെത്തന്നെയാണ്. ശക്തമായ ഒരു സംഘടനയും വിദഗ്ധമായ ഒരു പ്രചരണവകുപ്പും അതിനെക്കാൾ കരുത്തേറിയ ഒരു പ്രവർത്തകസംഘവും ഇവരുടെ പിന്നിലുണ്ടെന്നു് നാം ധരിച്ചിരിക്കണം. പോരെങ്കിൽ ഈശ്വരനും സന്മാർഗ്ഗവുമില്ലാത്തതുകൊണ്ട് പ്രചരണോപാധികൾ എന്തും സ്വീകരിക്കുവാൻ പ്രയാസമില്ലല്ലോ.



"പുണ്യവാന്മാരുടെ അന്യോന്യഗുണാനുഭവം"

ഇത്തരക്കാരുടെ പ്രചരണത്തിന്റെ ഒരു സാമ്പിൾ ഈ അടുത്ത ഒരു ദിവസം കാണുവാനിടയായി. യാത്രക്കാരെല്ലാം ബസ്സിൽ കയറിയിരുന്നു. സ്റ്റാൻഡിൽനിന്നു് ബസ്സ് പുറപ്പെടുന്നതിനു് അല്പംമുമ്പ് ഒരാൾ അതിലേക്കു് കയറിവന്നു് അതിലിരുന്നിരുന്ന തന്റെ ഒരു സ്നേഹിതനോട് ഉറക്കെ ഓരോ വർത്തമാനങ്ങൾ പറഞ്ഞുതുടങ്ങി. കൂട്ടത്തിൽ പിച്ചി അണക്കെട്ട് പണിയുന്നതു് അയാൾ അപ്പോൾത്തന്നെ കണ്ടുവന്നേയുള്ളുവെന്നും അണക്കെട്ടിന്റെ ഒരു ഭാഗം മുഴുവൻ പൊളിഞ്ഞുതുടങ്ങിയെന്നും അതിനും പുറമെ കരാറുകാരുടെ വെട്ടിപ്പും ഉദ്യോഗസ്ഥന്മാരുടെ തട്ടിപ്പും ജനങ്ങളുടെ മോഷ്ടിപ്പുമായി ആകപ്പാടെ ഈ പദ്ധതി ഉലഞ്ഞുവരികയാണെന്നും സ്നേഹിതനോടെന്ന മട്ടിൽ എല്ലാവരും കേൾക്കെപ്പറഞ്ഞു. പല ദിക്കുകളിലേക്കും പോകുന്നവരായ യാത്രക്കാർ അവരവരുടെ നാട്ടിൽ ചെന്നു് പിച്ചിപ്പദ്ധതി പരാജയപ്പെട്ടുവരികയാണെന്നും മറ്റുമുള്ള ഈ വാർത്ത അവിടെ എല്ലാവരോടും പറയാതിരിക്കയില്ലല്ലോ എന്നാണ് തിന്മയുടെ ആ പ്രചാരകൻ ഉദ്ദേശിച്ചതു്. എന്നാൽ, ബസ്സിലുണ്ടായിരുന്ന വേറൊരാൾ ഈ അവാസ്തവപ്രസ്താവത്തെ അവിടെവച്ചുതന്നെ പൊളിച്ചു്, യഥാർത്ഥം എല്ലാവരെയും മനസ്സിലാക്കി. പിച്ചിപ്പദ്ധതിക്ക് ഒരു വക പൊളിച്ചിലോ അധോഗതിയോ അന്നുവരെ പറ്റിയിട്ടില്ലെന്നും ഈ പദ്ധതി നാട്ടുകാർ എല്ലാവരുടെയും, പ്രത്യേകിച്ചു് അതിന്റെ ഗുണഫലങ്ങൾ അനുഭവിക്കുന്ന കൃഷിക്കാരുടെ പ്രശംസയ്ക്കു് പാത്രമായിവരികയാണെന്നും മറ്റുമുള്ള പരമാർത്ഥങ്ങൾ നന്മയുടെ പ്രചാരകനായ ഇയാൾ വെളിപ്പെടുത്തിയില്ലായിരുന്നുവെങ്കിൽ പിച്ചിപ്പദ്ധതിയെക്കുറിച്ചു് ശ്രോതാക്കൾക്കുണ്ടാകുമായിരുന്ന തെറ്റിദ്ധാരണ നീക്കുവാൻ പ്രയാസമായിവന്നേനെ.

ഞാനിത്രയും പറഞ്ഞതു് അന്ധകാരശക്തികളുടെ സംഘടിതമായ പ്രചരണങ്ങളിൽനിന്നു് നാട്ടുകാരെ രക്ഷിക്കുവാൻ നന്മയുടെ ദൂതന്മാരായ ക്രിസ്റ്റഫർമാർക്കേ കഴിയുകയുള്ളു എന്നു് കാണിക്കുവാനാണ്. തിരഞ്ഞെടുപ്പെല്ലാം സമീപിച്ചിരിക്കയാൽ ആദ്യത്തെ കൂട്ടരുടെ പ്രവർത്തനം അതിവിപുലമായ തോതിലായിരിക്കാനിടയുള്ളതുകൊണ്ട് കൂടുതൽ കൂടുതൽ ക്രിസ്റ്റഫർമാർ രംഗത്തിറങ്ങേണ്ടതത്യാവശ്യമാണ്. ഏതെല്ലാം ജീവിതത്തുറകളിലായിരുന്നാലും ഒരു ക്രിസ്റ്റഫറാകുക പ്രയാസമില്ലാത്ത കാര്യമാണ്. അന്ധകാരത്തെ പഴിക്കുന്നതിനെക്കാൾ ഒരു കൈത്തിരി കത്തിക്കുന്നതാണ് നല്ലതു് എന്നാണല്ലോ ഈ പ്രസ്ഥാനത്തിന്റെ മുദ്രാവാക്യം. ക്രിസ്റ്റഫർമാരുടെ ഉജ്ജ്വലമായ പ്രവർത്തനങ്ങൾക്ക് ആർത്തിരമ്പിവരുന്ന അന്ധകാരശക്തികളുടെ സുസംഘടിതമായ പ്രചരണത്തെ വെല്ലാൻ എങ്ങനെ കഴിയുമെന്നു് സംശയിക്കുന്നവരോട് ഈ പ്രസ്ഥാനത്തിന്റെ ജനയിതാവായ ഫാദർ കെല്ലർ പറയുന്നതു് "ലോകത്തിലെ എല്ലാ കുഴപ്പങ്ങൾക്കും കാരണക്കാരും നല്ലതായ എല്ലാറ്റിനെയും ഇല്ലായ്മ ചെയ്യുവാൻ ഉത്സാഹിച്ചുകൊണ്ടിരിക്കുന്നവരും ലോകത്തിലാകെയുള്ളതിന്റെ ഒരു ശതമാനത്തെക്കാൾ കുറവായ ഏതാനും

പോരാണ്. അതിനെ സമത്ഥമായി നേരിടുവാൻ മറെറാരു ശതമാനത്തോളം വരുന്ന യഥാത്ഥ ക്രിസ്തുഹർമാരുണ്ടായാൽ തിന്മയുടെ ദൂതന്മാർ പിഴുതുകളയുവാനുത്സാഹിക്കുന്ന സത്യത്തെ തൽസ്ഥാനത്ത് പ്രതിഷ്ഠിക്കുവാൻ പ്രയാസമില്ല" എന്നിപ്രകാരമാണ്.

ബസ്സിലിരുന്നുകൊണ്ട് പച്ചിപ്പദ്ധതി പൊളിഞ്ഞെന്നും കമ്മ്യൂണിററി പ്രോജക്ടുകൾ പരാജയപ്പെട്ടുവെന്നും തട്ടിവിടുമ്പോൾ അതെല്ലാം വാസ്തവവിരുദ്ധമാണെന്ന് പറയുന്നതിനും യാഥാർത്ഥ്യം വെളിപ്പെടുത്തുന്നതിനും സന്നദ്ധനാവുകമാത്രമേ ഒരു ക്രിസ്തുഹർ ആകാൻ ചെയ്യേണ്ടതുള്ളൂ. കാപ്പിക്കടകളിലും ബാർബർഷാപ്പിലും ചെന്നിരുന്ന് ജനകീയഗവണ്മെണ്ടിനെ കൊലയാളിഗവണ്മെണ്ടെന്ന് സംബോധനചെയ്യുമ്പോഴും മട്ടാഞ്ചേരിസംഭവത്തെ കോൺഗ്രസ്സ് സക്കാരിന്റെ തൊഴിലാളിമദ്ദനമാണെന്നു ചിത്രീകരിക്കുമ്പോഴും മൗനമവലംബിക്കാതെ വസ്തുതകൾ ഉദ്ധരിച്ച് സത്യം വെളിപ്പെടുത്തുകമാത്രമേ ഒരു ക്രിസ്തുഹറിനു ചെയ്യേണ്ടതുള്ളൂ. ജനങ്ങളുടെ അവശതകളെ ചൂഷണംചെയ്തുകൊണ്ട് അവരെ അസംതൃപ്തിയിലേക്കും നിരാശയിലേക്കും തള്ളിവിടുകയും അതുവഴി വിപ്ലവത്തിന് കളമൊരുക്കുകയും ചെയ്യുമ്പോൾ അവശരുടെ മാടങ്ങളിലേക്ക് കയറിച്ചെന്ന് സ്നേഹവും സമാധാനവും പ്രത്യാശയും പകർന്നുകൊടുത്താൽ ക്രിസ്തുഹർ പ്രവർത്തനമായി. "എനിക്കെന്തു സാധിക്കും? എന്റെ കഴിവുകൾ എത്ര നിസ്സാരങ്ങൾ" എന്നെല്ലാം പറഞ്ഞ് ഒഴിഞ്ഞുമാറുവാൻ മാത്രം ഭാരപ്പെട്ട ചുമതലകളൊന്നും ഒരു ക്രിസ്തുഹറിനില്ല. ക്രിസ്തുഹറാകുന്നവൻ ഒരു സംഘടനയുടെ അംഗമായി ചേരേണ്ടതില്ല; ഏതെങ്കിലും മീററിങ്ങുകളിൽ സംബന്ധിക്കേണ്ടതില്ല; ഒരുവിധവരിസംഖ്യയും കൊടുക്കേണ്ട ആവശ്യവുമില്ല. നിമ്മതപ്രസ്ഥാനങ്ങളെയും വിപ്ലവപ്രവർത്തനങ്ങളെയും നേരിടാൻ വലിയവലിയ സംഘടനകൾ രൂപീകരിക്കുവാൻ കഴിവില്ലാത്തവൻ ഒരു ക്രിസ്തുഹറല്ലാതാകുന്നില്ല. നമ്മുടെ സ്നേഹിതരും പരിചിതരും വിശിഷ്യ നമ്മെക്കാൾ താഴ്ന്നനിലയിലുള്ളവരുമായവരെക്കണ്ടാൽ ഒരു പുഞ്ചിരിതൂകുന്നതിനോ സൗമ്യമായി എന്തെങ്കിലും കുശലപ്രശ്നം നടത്തുന്നതിനോ വല്ല സംഘടനകളും കെട്ടിയുയർത്തേണ്ടതുണ്ടോ? സ്നേഹിതരെല്ലാം ചേർന്ന് മറെറാരുവന്റെ കുററങ്ങൾ പറഞ്ഞ് അവന് മാനഭംഗം വരുത്തിക്കൊണ്ടിരിക്കുമ്പോൾ അവരോടൊന്നിച്ച് രസത്തിൽ കൂടാതെ മൗനമവലംബിച്ചെങ്കിലും പ്രതിഷേധിക്കാൻ വല്ല വാദ്ധ്യാടിയുടെയും ആവശ്യമുണ്ടോ? ജോലിയെല്ലാം കഴിഞ്ഞ് രാത്രി വീട്ടിലേക്കു മടങ്ങുമ്പോൾ വഴിക്കുള്ള പാലത്തിന്മേൽ "പട്ടിണികിടന്നാലും ചെങ്കൊടിവേണ്ട" എന്ന് എഴുതിവയ്ക്കുവാൻ എന്തെങ്കിലും മുതലിറക്കേണ്ടതുണ്ടോ? ഈവവിധ നിസ്സാരകാര്യങ്ങൾ മാത്രമേ ഒരുവനെക്കൊണ്ട് ചെയ്യുവാൻ കഴികയുള്ളുവെങ്കിൽ അതുമതി; അവനും ഒരു തികഞ്ഞ ക്രിസ്തുഹറാണ്. പലപ്പോഴും നമ്മിൽ ചിലർ രംഗത്തേക്കിറങ്ങുവാൻ തയ്യാറാകുന്നില്ല എന്ന ഏകകാരണത്താൽ നമ്മെ നോക്കിനില്ക്കുന്ന പലരും പുറത്തുവരാതെ പ്രവർത്തനരഹിതരായി ഇരിക്കുന്നുണ്ടായിരിക്കും. നാം ഇറങ്ങിയെന്നു കണ്ടാൽ പിന്നാലെ പുറത്തിറങ്ങുവാൻ നൂറുകണക്കിന് ആളുകളുണ്ടായെന്നുവരാം. ഒരുപക്ഷെ കാര്യങ്ങൾ നിസ്സാരമായി തോന്നിയേക്കാവുന്ന നമ്മുടെചില പ്രവൃത്തികളായിരിക്കും നമ്മുടെ പട്ടണത്തെയോ നാടിനെ ആകെത്തന്നെയോ രക്ഷിക്കുക.

വേറൊരു വിഭാഗം ആളുകൾ പ്രവർത്തനരഹിതരായിരിക്കുന്നതിന്റെ കാരണം "അവസാനം സത്യം ജയിക്കാതിരിക്കയില്ലല്ലോ" എന്നുള്ള വിശ്വാസമാണത്രെ. ഇക്കൂട്ടർ എത്രയോ ബാലിശമായി ചിന്തിക്കുന്നു. ലോകത്തെ മുഴുവൻ അന്ധകാരത്തിലേക്ക് തള്ളിവീഴ്ത്തുവാൻ ചെമ്പട അലറിയടുത്തുകൊണ്ടിരിക്കുമ്പോൾ നിങ്ങളെന്തുകൊണ്ടാണ് ഉറങ്ങിക്കൊണ്ടിരിക്കുന്നതെന്ന് ഇവരോട് ചോദിച്ചാൽ മറുപടി ഒരുപക്ഷെ ഇപ്രകാരമായിരിക്കും: "ഇത്രയധികം പരിഭ്രമിക്കുവാനൊന്നുമില്ല, റഷ്യയിലാകെ അധികാരവടംവലിയും ആഭ്യന്തരകലഹങ്ങളും നാൾക്കുനാൾ വർദ്ധിച്ചാണ് വരുന്നത്. ഇന്നല്ലെങ്കിൽ നാളെ റഷ്യ തകരും; അപ്പോൾ അവസാനിക്കുമല്ലോ എല്ലാ കുഴപ്പങ്ങളും." ആത്മാർത്ഥതയോടുകൂടിയതാണെങ്കിലും എത്ര അപകടകരമായ ചിന്താഗതി. ലോകത്തെ മുഴുവൻ ഭയവിഹ്വലമാക്കിക്കൊണ്ടിരിക്കുന്ന ഗുരുതരങ്ങളായ പ്രശ്നങ്ങൾക്കെല്ലാം എത്രയോ എളുപ്പമായ പരിഹാരമാർഗ്ഗങ്ങളാണ് ഇവർ കാണുന്നത്? ഒരു കമ്മ്യൂണിസ്റ്റുയോഗത്തിൽ പറയത്തക്ക ആളുകളൊന്നും സംബന്ധിച്ചില്ലെന്നുള്ള ഒരു പത്രറിപ്പോർട്ടു കണ്ടാൽ ഉടനെ ഇക്കൂട്ടർ തീരുമാനിച്ചുകഴിഞ്ഞു ആ രാജ്യത്ത് കമ്മ്യൂണിസം ആകെ അവസാനിച്ചുവെന്ന്; ഇനിയവിടെ വിരുദ്ധപ്രവർത്തനങ്ങളുടെ ആവശ്യകതയൊന്നുമില്ലെന്ന്. ആളുകളില്ലാത്ത ആ യോഗം നടന്നുകൊണ്ടിരിക്കുമ്പോഴും അവരുടെ പ്രവർത്തകർ വീടുതോറും കയറിയിറങ്ങി ജനങ്ങളെ തെററിദ്ധരിപ്പിച്ചുകൊണ്ടിരിക്കുന്നുണ്ടായിരിക്കുമെന്നും തൊഴിലാളികളുടെ അനുഭാവം സമ്പാദിക്കുവാൻ മിൽപ്പടിക്കൽ സത്യഗ്രഹവും പട്ടിണിജാഥകളും നടത്തിക്കൊണ്ടിരിക്കുന്നുണ്ടായിരിക്കുമെന്നുമുള്ള കാര്യങ്ങൾ ഇക്കൂട്ടർ വിസ്മരിക്കുകയാണ്. കമ്മ്യൂണിസ്റ്റ് റഷ്യ തകന്നാൽ അഥവാ കമ്മ്യൂണിസം സാർവ്വത്രികമായി പരാജയപ്പെട്ടാൽ എല്ലാ കുഴപ്പങ്ങളും അവസാനിക്കുമെന്നാണ് ഇവരുടെ പ്രതീക്ഷ. റഷ്യ പെട്ടെന്ന് കമ്മ്യൂണിസം ഉപേക്ഷിക്കാൻ നിർബന്ധിതയാവുകയാണെങ്കിലോ അല്ലെങ്കിൽ അഖിലലോകകമ്മ്യൂണിസ്റ്റ് സംഘടന ഒരു സുപ്രഭാതത്തിൽ പിരിച്ചുവിടുകയാണെങ്കിലോ ഇന്നുവരെ അന്ധകാരത്തിന്റെ ദൂതന്മാരായി പ്രവത്തിച്ചിരുന്നവരെല്ലാം എവിടെപ്പോകുന്നു? അവരെല്ലാം പിന്നെയും ലോകത്തിന് വേറൊരുതരത്തിലുള്ള തിന്മ വരുത്തിവയ്ക്കുന്ന ജോലിയിലേർപ്പെട്ടുകൊണ്ടിരിക്കുകതന്നെചെയ്യും; അതുമറെറാരു പേരിലായിരിക്കുമെന്നുമാത്രം.

മറെറാരു കൂട്ടരുടെ ചിന്ത നേരെ വിപരീതമായരീതിയിലാണ്. സംഗതികളെല്ലാം നിയന്ത്രണാധീനമല്ലാത്ത നിലയിലേക്ക് പുരോഗമിച്ചുകഴിഞ്ഞുവെന്നും എത്രതന്നെ സംഘടിതമായും ഊർജ്ജിതമായും നാം പ്രവത്തിച്ചാലും തടയുവാൻ പ്രയാസമാകത്തക്ക പരിതസ്ഥിതിയിലെത്തിച്ചേന്നിട്ടുണ്ടെന്നുമാണ് ഇവരുടെ സങ്കല്പം. ഇത്തരം തെററിദ്ധാരണയുടെ ഫലം പരാജയത്തെ മാടിവിളിക്കലാണെന്ന് കഴിഞ്ഞ തിരഞ്ഞെടുപ്പുകാലത്തെ ഒരനുഭവത്തിൽനിന്ന് ഏറെക്കുറെ മനസ്സിലാക്കാം. വോട്ടു കാൻവാസ്സ് ചെയ്യുന്നതിന് ഞങ്ങൾ നടന്നുകൊണ്ടിരിക്കേ ഒരു ചെറു ഇടവഴിയുടെ രണ്ടററങ്ങളിൽ ഓരോ ചെങ്കൊടികൾ നാട്ടിയിരിക്കുന്നതുകണ്ട് ഞങ്ങളുടെ സംഘത്തിലെ ചിലർ അഭിപ്രായപ്പെട്ടു ആ ഇടവഴിയിലെ സകലരും ചുകപ്പന്മാരായിരിക്കുമെന്നും അങ്ങോട്ടു പ്രവേശിച്ചാൽ ആകെ കൂക്കുവിളിയായിരിക്കും നമ്മെ അഭിമുഖീകരിക്കുകയെന്നും മററും. വാസ്തവത്തിൽ രണ്ടററങ്ങളിലുള്ള ഒന്നുരണ്ടുപേരൊഴികെ ആ അങ്ങാടിയിലെ മിക്കവരും കമ്മ്യൂണിസ്റ്റ് വിരുദ്ധമനോഭാവക്കാരാണെന്നും, പ്രവർത്തനസന്നദ്ധരായ പലരും അവിടെയുണ്ടെന്നും ഞങ്ങൾ ധൈര്യമായി അവിടേക്കു പ്രവേശിച്ചില്ലെങ്കിൽ അറിയുമായിരുന്നില്ല. ചുകപ്പനാണെന്നുള്ള ധാരണയിന്മേൽ അവിടേക്ക് പ്രവേശിക്കാതിരുന്നെങ്കിൽ മററുള്ളവർ ആ പ്രവൃത്തിയിൽനിന്നു തന്നെ മുതലെടുക്കുമായിരുന്നുവെന്നത് തക്കമററസംഗതിയാണ്.

ഏതെങ്കിലും നല്ല കാര്യത്തിലേർപ്പെട്ട് സംഗതിവശാൽ വല്ല പ്രതിബന്ധങ്ങളോ പ്രയാസങ്ങളോ അഭിമുഖീകരിക്കേണ്ടിവന്നാൽ തീരെ നിരാശരാകുന്നവരുണ്ട്. ആക്കും അനുഭവപ്പെടാത്തതരം പ്രയാസത്തെയാണ് താൻ നേരിടുന്നതെന്ന് ചിലർ ചിന്തിച്ചുപോകും. എത്രയെത്ര ബുദ്ധിമുട്ടുകളെ തരണംചെയ്തുകൊണ്ടാണ് പലരും അവരുടെ ഉദ്ദേശത്തിലെത്തിച്ചേന്നിരിക്കുന്നതെന്നുള്ള പരമാർത്ഥം പെട്ടെന്ന് ആലോചനയിൽ വരാത്തതുകൊണ്ടാണ് അവർ നിരാശരാകുന്നത്. ഒരിക്കൽ ഒരു പള്ളിപ്രദക്ഷിണം കല്ലുവിരിച്ചുകൊണ്ടിരുന്ന ഒരു റോഡിൽക്കൂടി നീങ്ങിക്കൊണ്ടിരിക്കയായിരുന്നു. കല്ലു വിരിച്ചുകൊണ്ടിരുന്ന ഭാഗം കഴിയാറായപ്പോൾ പ്രദക്ഷിണത്തിന്റെ പന്നണിയിൽ നിന്നിരുന്ന ഒരു യുവാവ് പരുപരുത്ത കല്ലുകളിന്മേൽക്കൂടി ഇത്രയധികം നടക്കേണ്ടിവന്നതിലുള്ള പ്രയാസത്താൽ ദേഷ്യഭാവത്തിൽ തന്റെ സ്നേഹിതനോട് പിറുപിറുത്തു. സ്നേഹിതൻ ക്ഷണത്തിൽത്തന്നെ കൂട്ടുകാരന്റെ ശ്രദ്ധയെ തങ്ങളുടെ മുമ്പിൽ നീങ്ങിക്കൊണ്ടിരുന്ന വൃദ്ധന്മാരുടെയും കുട്ടികളുടെയും നേക്ക് തിരിച്ചപ്പോഴാണ് പിറുപിറുപ്പ് വിഡ്ഢിത്തമായെന്ന് അയാൾക്ക് മനസ്സിലായത്. ഇതു നമ്മിൽ പലക്കും അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നതരം പിറുപിറുപ്പാണ്. എനിക്കുവേണ്ടി എന്നതു മാററി എല്ലാവക്കുംവേണ്ടി അല്ലെങ്കിൽ ദൈവത്തിനുവേണ്ടി എന്ന നിയോഗംവെച്ചല്ലാതെ ഈവക സ്വാത്ഥചിന്തകൾ അസ്തമിച്ചുപോവുകയില്ല.

"നമ്മൾ ക്രിസ്ത്യാനികളെയും ക്രിസ്തുമതത്തെയും വെറുക്കുന്നു. അവരിൽ ഏററവും നല്ലവരെപോലും നമ്മുടെ ഏററവും വലിയ ശത്രുക്കളായി കണക്കാക്കണം. ഒരുവന്റെ അയൽക്കാരനോടുള്ള സ്നേഹവും ദയയുമാണ് അവർ പ്രസംഗിക്കുന്നത്. ഇത് നമ്മുടെ തത്വങ്ങൾക്ക് കടകവിരുദ്ധമാണ്. നമ്മൾ ആവശ്യപ്പെടുന്നതു വെറുപ്പാണ്. എന്നാൽ മാത്രമേ ഈ പ്രപഞ്ചത്തെ നാം കീഴടക്കുകയുള്ളൂ." സോവിയററു റഷ്യയിലെ വിദ്യാഭ്യാസകമ്മീഷണറായ അനാട്ടോൾ ലൂണാക്കാർസ്കിയുടെ ഈ വാക്കുകൾ ക്രിസ്തുഹർമാരോടുള്ള ഒരു വെല്ലുവിളിയാണ്. അതിനെ നേരിടുവാൻ എല്ലാ ക്രിസ്തുഹർമാരും ഉണർവോടും ധൈര്യത്തോടുംകൂടി മുമ്പോട്ടുവരണം.


നിത്യമായ സന്തോഷത്തിന്

പണമാണ് മനുഷ്യനെ സന്തോഷവാനും ദുഃഖിതനുമാക്കുന്നത്. ജീവിതത്തിലെ ഓരോ പ്രധാന സന്ദർഭത്തിലും പണം അപരിത്യാജ്യമായ ഒരു വസ്തുവാണ്. എല്ലാ മാസത്തിലും നിങ്ങളുടെ വരുമാനത്തിൽ ഒരു ക്ലിപ്തമായ അംശം ബാങ്കിൽ നിക്ഷേപിക്കുക. അങ്ങനെ ആ തുക വർദ്ധിച്ച് ചുരുങ്ങിയ ഒരു കാലയളവിനുള്ളിൽ അതു നിങ്ങൾക്ക് ധൈര്യവും പ്രചോദനവും തരുവാൻ തക്കവണ്ണം മതിയായ ഒരു സംഖ്യയായി രൂപാന്തരപ്പെടും. നിങ്ങളുടെ നിക്ഷേപങ്ങൾക്ക്.

ദി കാത്തലിക്ക് ബാങ്ക് ഓഫ് ഇൻഡ്യാ ക്ലിപ്തം.
ഹെഡ് ആഫീസ്. ചങ്ങനാശ്ശേരി

ബ്രാഞ്ചുകൾ
ആലപ്പുഴ – അതിരമ്പുഴ – കോഴിക്കോട്
ചങ്ങനാശ്ശേരി – എടത്വാ – കോട്ടയം
മണിമല – തിരുവനന്തപുരം
കാഞ്ഞിരപ്പള്ളി

K.P.S



ശുദ്ധീകരാത്മാക്കളുടെ വണക്കമാസം

നവീനരീതിയിൽ പരിഷ്കരിച്ച പതിപ്പ്

പരിഭാഷകൻ: റവ. ഫാ. വിക്ടറർ സി. ഡി.

വില 1ക. 6ണ. (കാലിക്കൊ), 1ക. 14ണ. (തുകൽ)

റവ. ഫാ. ആബേൽ എഴുതിയ "നമ്മുടെ. ബലി", പൂക്കാലം. ന. ബലി സാധാരണ ബയൻറ് 1-ന് 4ണ. കാലിക്കോ 1-ന് 6ണ. പൂക്കാലം 1-ന് 3ണ.

കച്ചവടക്കാർക്ക് നല്ല കമ്മീഷൻ

ആവശ്യപ്പെടുക:

എസ്. എച്ച്. ബുക്ക്സ്റ്റാൾ, മാന്നാനം

സ്റ്റോക്കിസ്റ്റ്: മൂക്കന്നൂർ ഓർഫനേജ് ഡിപ്പോ, എറണാകുളം



വായനശാലകൾക്കും

സൊഡാലിററികൾക്കും

സുവർണ്ണാവസരം

സ്റ്റോക്ക് ചുരുക്കം!! വിലക്കുറവ്!!!

ക്ലിപ്തകാലത്തേക്കുമാത്രം പ്രത്യേക ആനുകൂല്യം

താഴെപറയുന്ന പുസ്തകങ്ങൾ 1953 ഡിസംബർ 31-ാംനു വരെ വിലകുറച്ചു വില്ക്കപ്പെടുന്നതാണ്.

| | പഴയവില | | | പുതിയവില | | |
|---|---|---|---|---|---|---|
| | ക. | ണ. | പ. | ക. | ണ. | പ. |
| 1. ലോകോദ്ധാരകൻ (മേനിക്കടലാസ്) | 1 | 4 | 0 | 1 | 0 | 0 |
| 2. ടി. (പരുക്കൻ) | 1 | 0 | 0 | 0 | 14 | 0 |
| 3. ബാലാദർശം | 1 | 0 | 0 | 0 | 12 | 0 |
| 4. എലിസബത്തു് കാററസ് | 0 | 12 | 0 | 0 | 10 | 0 |
| 5. ഗാന്ധിയും കത്തോലിക്കാസഭയും | 0 | 10 | 0 | 0 | 6 | 0 |
| 6. ക്രിസ്തുവും ലോകവും | 0 | 8 | 0 | 0 | 6 | 0 |
| 7. ധമ്മബലി | 0 | 8 | 0 | 0 | 6 | 0 |
| 8. മാമ്മോന്റെ വിക്രിയകൾ | 0 | 8 | 0 | 0 | 6 | 0 |
| 9. നമ്മുടെ കർത്താവും സി. ബനീഞ്ഞ കൊൺസലാത്തായും | 0 | 8 | 0 | 0 | 6 | 0 |
| 10. ജനനനിയന്ത്രണമോ | 0 | 6 | 0 | 0 | 4 | 0 |
| 11. ഭാരതദീപം | 0 | 6 | 0 | 0 | 3 | 0 |
| 12. പാദുവായിലെ മറിയം | 0 | 5 | 0 | 0 | 3 | 0 |
| 13. അന്റണീററാ | 0 | 5 | 0 | 0 | 3 | 0 |
| 14. ചൈനയിലെ ചെറുസൂനം | 0 | 5 | 0 | 0 | 3 | 0 |
| 15. കിരണങ്ങൾ | 0 | 5 | 0 | 0 | 3 | 0 |

അപേക്ഷിക്കേണ്ടും മേൽവിലാസം:

മാനേജർ,

എൽ. എഫ്. പ്രസ്സ്, തേവര എറണാകുളം-3

സഭാചരിത്രപംക്തി (3)

# ചരിത്രസമാരംഭം— അതിന്റെ പശ്ചാത്തലം

(പ്രഫസ്സർ പി. ടി. തോമസ് എം. എ.)

"കാലത്തിന്റെ തികവിൽ" ദൈവം മനുഷ്യനായി ലോകത്തിൽ അവതരിച്ച രക്ഷകനായ ക്രിസ്തുവിന്റെ അവതാരത്തിനുശേഷം തിരുസ്സഭയും സമാരംഭിക്കുന്നു. കാലത്തിന്റെ "തികവിൽ" എന്നുള്ള വി. പൗലോസിന്റെ സൂചന ഏററം അത്ഥഗർഭമാണ്. ലോകപരിത്രാതാവിന്റെ ആഗമനത്തിനും അവിടുത്തെ ദിവ്യസന്ദേശത്തിന്റെ പ്രചരണത്തിനുംവേണ്ടിയുള്ള കളമൊരുക്കൽ പൂർത്തിയായിക്കഴിഞ്ഞപ്പോൾ ക്രിസ്തു മനുഷ്യനായി അവതരിച്ചു എന്നാണിതിന്റെ താല്പയ്യം. യാതൊരു പരസ്പരബന്ധവുമില്ലാത്തവയെന്നു തോന്നാവുന്ന പല സംഭവഗതികളും, ചരിത്രപരമായ സാഹചയ്യങ്ങളും ക്രിസ്തുവിന്റെ ആഗമനത്തിനും തിരുസ്സഭയുടെ സ്ഥാപനത്തിനുംവേണ്ടിയുള്ള രംഗസജ്ജീകരണം സാധിച്ചിരുന്നു എന്നു സൂക്ഷ്മപരിശോധനയിൽ ബോദ്ധ്യമാകുന്നതാണ്.

ക്രിസ്തു ജനിക്കുന്ന കാലത്ത് പലസ്തീനരാജ്യം റോമാസാമ്രാജ്യത്തിന്റെ ഒരു പ്രവിശ്യയായിക്കഴിഞ്ഞിരുന്നു. അക്കാലത്ത് മദ്ധ്യധരണ്യാഴിയെ വലയംചെയ്തു കിടന്നിരുന്ന രാജ്യങ്ങളെല്ലാം റോമാസാമ്രാജ്യത്തിന്റെ അധികാരസീമയിൽപ്പെട്ടിരുന്നു. അവിടെയെല്ലാം റോമൻ ഗവണ്ണർമാർ ചക്രവത്തിക്കുവേണ്ടി ഭരണംനടത്തിവരികയുംചെയ്തു. പഴയ രാജ്യാതിത്തികളെല്ലാം നിമ്മാജ്ജനംചെയ്യപ്പെട്ടിരുന്നതുകൊണ്ട് സാമ്രാജ്യത്തിൽപ്പെട്ട രാജ്യങ്ങൾതമ്മിലുള്ള ജനസമ്പക്കം പൂവ്വാധികം സുഗമമായിത്തീന്നു. ഒന്നാംതരം റോഡുകളും വമ്പിച്ച കപ്പൽസമൂഹങ്ങളും കരമാഗ്ഗമായും ജലമാഗ്ഗമായുമുള്ള ദീർഘയാത്രകൾക്കു പ്രോത്സാഹനം നൽകി. യൂഫ്രട്ടീസ് നദീതീരത്തുനിന്നും അററ്ലാൻറിക്സമുദ്രതീരത്തേക്കു യാത്രചെയ്യുക വളരെ എളുപ്പമായിരുന്നു. വിനോദത്തിനും കച്ചവടത്തിനും വേണ്ടിയുള്ള ഇത്തരം ദീർഘയാത്രകൾ അക്കാലത്ത് സാധാരണയുമായിരുന്നു. സാമ്രാജ്യത്തിന്റെ പൗരസ്ത്യവിഭാഗങ്ങളിൽ ഗ്രീക്കുഭാഷയും പാശ്ചാത്യവിഭാഗങ്ങളിൽ ലത്തീൻഭാഷയും പ്രചാരത്തിലെത്തിയിരുന്നതുകൊണ്ട് ആശയവിനിമയത്തിനുള്ള പ്രതിബന്ധങ്ങളും വളരെ ലഘൂകരിക്കപ്പെട്ടു. ഗ്രീക്കും ലത്തീനും സംസ്കാരങ്ങളുടെ സംയോഗത്തിൽനിന്നും രൂപംപ്രാപിച്ച ഒരു പുതിയ നാഗരികതയുടെ കേളീരംഗങ്ങളായ അനവധി നൂതനനഗരങ്ങൾ കിഴക്കും പടിഞ്ഞാറും വളർച്ച പ്രാപിച്ചു. അങ്ങനെ നൂതനമായ ആശയങ്ങളുടെ പ്രചാരത്തിനു സഹായകമായ ഒരു രംഗവിധാനമാണ് റോമാസാമ്രാജ്യം സാധിച്ചിരുന്നതു്. സാമ്രാജ്യത്തിന്റെ കീഴിൽ ഭരണവിഷയകമായ ഐക്യവും സാംസ്കാരികമായ ഐക്യവും കൈവന്നതോടുകൂടി മതപരമായ ഐക്യത്തിനുവേണ്ടിയുള്ള ഒരഭിനിവേശം ജനഹൃദയങ്ങളിൽ സ്ഥലംപിടിച്ചു. മനുഷ്യജാതിയെ മുഴുവൻ സഹോദര്യബന്ധത്തിൽ കൂട്ടിയിണക്കുവാനിരുന്ന ക്രിസ്തുമതത്തിനു വേണ്ടിയുള്ള ഒരു കളമൊരുക്കലായിരുന്നു ഇതു്. ചുരുക്കത്തിൽ ഒരു പുതിയ മതത്തിന് വികസിക്കുവാനും പ്രചരിക്കുവാനും വേണ്ടത്ര അനുകൂലസാഹചയ്യങ്ങൾ സാമ്രാജ്യത്തിൽ രൂപമെടുത്തുകൊണ്ടിരുന്നു.

സാമ്രാജ്യത്തിൽനിലവിലിരുന്നിരുന്ന ആചാരങ്ങളും മതാനുഷ്ഠാനക്രമങ്ങളും സാമൂഹ്യവ്യവസ്ഥിതിയും ഒരു ലോകപരിത്രാതാവിനെപ്പററിയുള്ള പ്രതീക്ഷയ്ക്കു വഴിതെളിച്ചു. സാമ്രാജ്യത്തിനു പൊതുവിൽ ഒരു മതമില്ലായിരുന്നു. റോമൻചക്രവത്തിമാരെ ദേവന്മാരായി ആരാധിക്കണമെന്നും അവക്കു പൂജാർച്ചനകൾ നടത്തണമെന്നും ആയിരുന്നു സാമ്രാജ്യനിയമം. സാമ്രാജ്യശക്തി നിലനിത്തുവാനുള്ള ഒരുപാധിയായിട്ടാണ് ഇതു കരുതപ്പെട്ടിരുന്നതു്. കാലാന്തരത്തിൽ റോമൻനിയമങ്ങളോടും സാമ്രാജ്യാധികാരത്തോടുമുള്ള ഒരു ഭക്തിപ്രകടനമായിമാത്രം രാജാരാധന കലാശിച്ചു. സമാന്യജനങ്ങൾ ചക്രവത്തിമാരെ ആരാധിക്കുന്നതിനോടൊപ്പം അവരുടെ പൗരാണികദേവന്മാരോടും ഐകൈക്യം പുലത്തിവന്നു. ഈ ദേവന്മാർ ഒരുതരം വിചിത്രസൃഷ്ടികളായിരുന്നു. മനുഷ്യസഹജമായ എല്ലാത്തരം ദുവ്വാസനകളുടെയും മൂത്തീകരണമായിരുന്നു അവർ. ഏററം ഗർഹണീയങ്ങളായ പാപകമ്മങ്ങളുടെ രക്ഷാധികാരികളായി ചില ദേവന്മാർ ആരാധിക്കപ്പെട്ടിരുന്നു. ഇത്തരം ആരാധനക്രമങ്ങൾ അധികപങ്കും സന്മാഗ്ഗവിരുദ്ധമായ പരസ്യപ്രകടനങ്ങളുടെ കൂത്തരങ്ങായിരുന്നു. ജനസാമാന്യത്തിന്റെ സന്മാഗ്ഗികനിലവാരം ഇത്രമാത്രം അധഃപതിച്ച ഒരു കാലഘട്ടം ലോകചരിത്രത്തിൽ വളരെ അപൂവ്വമാണ്.

റോമൻ സാമ്രാജ്യശക്തിയുടെ കേന്ദ്രമെന്നപോലെതന്നെ, റോമൻ സംസ്കാരത്തിന്റെയും കേന്ദ്രമായിരുന്നു തലസ്ഥാനനഗരമായ റോമാ. ഒന്നുകൊണ്ടും മതിവരാത്ത ജഡികാസക്തി, ഏററം മൃഗീയമായ ക്രൂരതകളുടെ പരസ്യപ്രദർശനങ്ങൾ കണ്ടു രസിക്കുന്നതിനുള്ള ആവേശം, മനുഷ്യജീവനെ സംബന്ധിച്ചുള്ള ഹൃദയശൂന്യമായ അലക്ഷ്യഭാവം, അനിയന്ത്രിതമായ അസാന്മാഗ്ഗികവ്യാപാരങ്ങൾ, ഇവയെല്ലാം ഈ സംസ്കാരത്തിന്റെ പ്രത്യേകലക്ഷണങ്ങളായിരുന്നു. തടവുകാരെത്തമ്മിൽ ദ്വന്ദയുദ്ധം ചെയ്യിച്ച് അവർ ദാരുണമായവിധം മരണമടയുന്നതു കാണുന്നതുപോലെ ആനന്ദകരമായ ഒരു വിനോദം റോമൻ പൗരാവലിക്കു വേറെയില്ലായിരുന്നു. ഇങ്ങനെ ഉത്സവവേളകളിലും മററും അനേകായിരം തടവുകാർ ഒരേരംഗത്തുവച്ചുതന്നെ വധിക്കപ്പെട്ടിട്ടുണ്ട്. റോമൻ പൗരന്മാക്ക് ആനന്ദിക്കുവാൻ വേണ്ടിമാത്രം. വിശിഷ്ടമെന്നു കരുതപ്പെട്ടിരുന്ന ആ സംസ്കാരസൗധത്തിന്റെ അടിത്തട്ടിൽ മനുഷ്യത്വംപോലും നിഷേധിക്കപ്പെട്ടിരുന്ന അനേകലക്ഷം അടിമകൾ കിടന്നു ഞെങ്ങിഞെരുങ്ങിയിരുന്നു. സ്നേഹമെന്നും അനുകമ്പയെന്നും ദീനസേവനമെന്നുമുള്ള ആശയങ്ങൾ റോമൻ പൗരാവലിയെ സംബന്ധിച്ചിടത്തോളം നിരത്ഥകങ്ങളായിരുന്നു. ചുരുക്കത്തിൽ അടിതൊട്ടു മുടിവരെയും റോമൻ സമുദായം ആന്തരികമായി ജീണ്ണിച്ചുകഴിഞ്ഞ ഒരു കാലസന്ധിയായിരുന്നു അതു്. എന്നാൽ സുഖലോലുപത്വത്തിന്റെയും ക്രൂരതയുടെയും ഭോഗാസക്തിയുടെയും പരമാവധി കണ്ട റോമൻ ജനാവലിക്ക് ആനന്ദത്തിനും സംതൃപ്തിക്കും പകരം ആന്തരികമായ അസ്വസ്ഥതയും നൈരാശ്യവും നിസ്സഹായതാബോധവുമാണ് അനുഭവപ്പെട്ടുകൊണ്ടിരുന്നതു്. അവരെ ഈ ദയനീയാവസ്ഥയിൽനിന്നും രക്ഷിക്കുവാൻ ദൈവികശക്തിക്കുമാത്രമേ സാധ്യമാവൂ എന്ന് അവക്കു കൂടുതൽകൂടുതൽ ബോദ്ധ്യമായിത്തുടങ്ങി. പഴയ ദേവന്മാരോടുള്ള ഭക്തിയും അവരുടെ ശക്തിയിലുള്ള വിശ്വാസവും ക്ഷയോന്മുഖമായിത്തീന്നു. കുറെക്കൂടി ആത്മീയപ്രവണതകൾ ഉൾക്കൊള്ളുന്ന ഒരു മതത്തെപ്പററിയുള്ള അന്വേഷണം ജനഹൃദയങ്ങളിൽ അങ്കുരിച്ചു. ഒരു ദൈവികപരിത്രാതാവിനെപ്പററിയുള്ള പ്രതീക്ഷ റോമൻ ജനതതിയിൽ തീക്ഷ്ണമായിവളന്നുകൊണ്ടിരുന്നു.

സാമ്രാജ്യത്തിന്റെ ശക്തിയും സാമ്പത്തികശേഷിയും റോമൻ ജനതയ്ക്കു് പരിഷ്കൃതലോകത്തിന്റെ നേതൃത്വം നൽകി. ലോകജേതാക്കളെന്നുള്ള അവരുടെ നില പരക്കെ അംഗീകരിക്കപ്പെട്ടു. ലോകദൃഷ്ടിയിൽ അനന്തമായ പ്രഭാവത്തിന്റെയും ഐശ്വര്യത്തിന്റെയും ചിഹ്നമായി റോമാനഗരം പരിലസിച്ചു. ജനങ്ങളുടെ ഭാവനയിൽ നിത്യനഗരമെന്നുള്ള സ്ഥാനം റോമാ കരസ്ഥമാക്കി. സാമ്രാജ്യത്തിന്റെ പ്രഭാവവും റോമാനഗരത്തിന്റെ അനശ്വരകീത്തിയും പിന്നീട് ക്രിസ്തുമതത്തിനു റോമിന്റെമേലുണ്ടായ വിജയത്തിനുശേഷം, തിരുസ്സഭയുടെ പ്രശസ്തിക്കു സഹായകമായിത്തീന്നു എന്നു സ്മരിക്കുമ്പോൾ റോമാസാമ്രാജ്യത്തിന്റെ ചരിത്രപരമായ പരിണാമത്തിൽ ദൈവത്തിന്റെ കൈ പ്രവത്തിക്കുന്നതായിക്കാണാം.

ഇക്കാലത്ത് യഹൂദവഗ്ഗത്തിന്റെ നില എന്തായിരുന്നു എന്നു പരിശോധിക്കേണ്ടതും ആവശ്യമാണ്. പൗരാണികലോകത്തിലെ മററു വഗ്ഗങ്ങളെ അപേക്ഷിച്ച് യഹൂദവഗ്ഗത്തിന് ഒരു പ്രത്യേകതയുണ്ട്. ബഹുദേവാരാധന പ്രചുരപ്രചാരത്തിലിരുന്ന അക്കാലത്തു യഹൂദർ ഏകദൈവവിശ്വാസം പുലത്തിക്കൊണ്ടുപോന്നു. ചരിത്രഗതിയിൽ ഈജിപ്ത്, ബാബിലോൺ, പേർഷ്യാ, ഗ്രീസ്, റോം എന്നീ വമ്പിച്ച സാമ്രാജ്യങ്ങളോടെല്ലാം യഹൂദർ ബന്ധപ്പെടേണ്ടിവന്നിട്ടുണ്ട്. ഇക്കാരണത്താലും, രാജ്യാന്തരവ്യാപാരത്തിൽ അവക്കുണ്ടായിരുന്ന സ്വാഭാവികമായ താല്പയ്യംകൊണ്ടും ക്രിസ്തു ജനിക്കുന്ന കാലത്ത് യഹൂദർ റോമാസാമ്രാജ്യത്തിന്റെ എല്ലാ പ്രധാനപ്പെട്ട സ്ഥാനങ്ങളിലും സ്ഥിരവാസമുറപ്പിച്ചുകഴിഞ്ഞിരുന്നു. ഈജിപ്ത് രാജ്യമായിരുന്നു അവരുടെ പ്രധാനസങ്കേതം. ഇങ്ങനെ വിദേശരാജ്യങ്ങളിൽ താമസമുറപ്പിച്ചിരുന്ന യഹൂദർ, "യഹൂദപ്രവാസികൾ" (The Jews of the Dispersion) എന്ന പേരിനാൽ അറിയപ്പെട്ടിരുന്നു. റോമാസാമ്രാജ്യത്തിലെ എല്ലാ പ്രധാനനഗരങ്ങളിലും യഹൂദപ്പള്ളികളും സ്ഥാപിക്കപ്പെട്ടിരുന്നു. ഈ പ്രവാസികളിൽ അധികംപേരും ഗ്രീക്കുഭാഷ വശമാക്കിയിരുന്നു. അവരുടെ വിശുദ്ധ ഗ്രന്ഥങ്ങൾ ഗ്രീക്കിലേക്കു ഭാഷാന്തരപ്പെടുത്തി അവർ ഉപയോഗിച്ചുപോന്നു. പലസ്തീനയിൽ സ്ഥിരതാമസക്കാരായിരുന്ന യഹൂദരെ അപേക്ഷിച്ച് അവർ ഗ്രീക്കുകാർ. റോമാക്കാർ തുടങ്ങിയ പുറജാതികളുമായി കൂടുതൽ സമ്പക്കവും സാഹോദയ്യവും പുലത്തിയിരുന്നു. തൽഫലമായി പഴയനിയമത്തിൽ ഉടനീളം പ്രതിപാദിക്കപ്പെട്ടിരുന്ന യഹൂദമതവിശ്വാസതത്വങ്ങളെപ്പററിയും, പ്രത്യേകിച്ച് പരമശക്തനായ ഏകദൈവത്തെപ്പററിയും യഹൂദപ്രവാചകന്മാരുടെ സന്മാഗ്ഗതത്വങ്ങളെപ്പററിയും ഗ്രീക്കുകാരും റോമാക്കാരും കൂടുതലായി അറിയുവാൻ ഇടവരികയും അവരിൽ പലരും യഹൂദമതം സ്വീകരിക്കയുംചെയ്തു പിന്നീട് അപ്പസ്തോലന്മാർ സുവിശേഷം പ്രസംഗിക്കുവാൻ തുടങ്ങിയപ്പോൾ യഹൂദമതവിശ്വാസികളായിരുന്ന ഈ പുറജാതിക്കാർ അനായാസേന ക്രിസ്തുമതം സ്വീകരിക്കയുംചെയ്തു. അവിടെയും ക്രിസ്തുവിന്റെ അവതാരത്തിനുമുമ്പുതന്നെ തന്റെ ദിവ്യസന്ദേശത്തിന്റെ പ്രചാരത്തിനുള്ള വഴി തെളിഞ്ഞുവരുന്നതായിക്കാണാം.

യഹൂദപ്രവാചകന്മാരുടെ ദീർഘദർശനമനുസരിച്ച് യൂദയായിൽനിന്നും ചെങ്കോൽ നീങ്ങിക്കഴിയുമ്പോൾ രക്ഷകൻ അവതരിക്കുമെന്നായിരുന്നു യഹൂദരുടെ വിശ്വാസം. 63 ബി സി. യിൽ പലസ്തീനാരാജ്യം റോമാസാമ്രാജ്യത്തിന്റെ ഒരു പ്രവിശ്യയായിത്തീന്നുകഴിഞ്ഞപ്പോൾ മുതൽ മിശിഹായുടെ ആഗമനം ആസന്നമായിരിക്കുന്നു എന്നുള്ള ബോധം യഹൂദജനങ്ങളുടെയിടയിൽ രൂഢമൂലമായിത്തീന്നു. എന്നാൽ അവർ പ്രതീക്ഷിച്ചിരുന്നതു് ക്രിസ്തുവിനെപ്പോലെയുള്ള ഒരു മതസ്ഥാപകനെയല്ല; പ്രത്യുത യഹൂദവംശത്തിന്റെ സ്വാതന്ത്ര്യം വീണ്ടെടുത്ത് രാജാധികാരം പുനഃസ്ഥാപിക്കുവാൻ പ്രാപ്തനായ ഒരു വീരപുരുഷനെയായിരുന്നു.

അങ്ങനെ റോമാസാമ്രാജ്യത്തിനുള്ളിൽ സംഭവിച്ചുകൊണ്ടിരുന്ന പരിവത്തനങ്ങൾ, ദൈവത്തിന്റെ നിഗൂഢഹസ്തങ്ങളാൽ നയിക്കപ്പെട്ട്, ക്രിസ്തുവിന്റെ ആഗമനത്തിനുള്ള സജ്ജീകരണങ്ങൾ പൂത്തിയാക്കി. ആ കാലസന്ധിയിൽ വി. പൗലോസിന്റെ അന്വഗ്ഥഭാഷയിൽ പറഞ്ഞാൽ "കാലത്തിന്റെ തികവിൽ" ദൈവം തന്റെ പുത്രനെ ലോകത്തിലേക്കയച്ചു.

**തിരുഹൃദയ ഡിപ്പൊ**

വി. തോമസ് ശ്ലീഹായുടെ പ്ലാസ്റ്റർ ഓഫ് പാരീസ് രൂപം. പൊക്കം 2 അടി. വില 45ക.

സ്ലീവാപ്പാത പടങ്ങൾ (ഇററലി) സെററ് ഒന്നുക്ക് 18" × 14"—65ക. 12" × 10"—26ക.

ക്രിസ്തുമസ് കാർഡുകൾ (അമേരിക്കൻ) 100ക്ക് 18ക. 21ക 27ക. 30ക. 33ക. ഒന്നിനു് 4ണ. മുതൽ 8ണ. വരെ.

തിരുഹൃദയഡിപ്പൊ, ബ്രോഡ്‌വേ, എറണാകുളം-1

# പുസ്തകാഭിപ്രായം

## ബലിയും ബലിജീവിതവും

[ഫാ. ലാസർ ററി. ഒ. സി. ഡി. ബി. എ., എൽ. ററി. സെൻറ് ജോസഫ്സ് ഐ. എസ്. പ്രസ്സ്, എൽത്തുരുത്ത്. പേജ് 114, വില 8 ണ.]

"മതതത്വബോധിനി" എന്ന വേദോപദേശഗ്രന്ഥപരമ്പരയുടെ കത്താവായ ഫാ. ലാസർ രചിച്ചിട്ടുള്ള ഒരു പുതിയ പുസ്തകമാണു നിരൂപണവിഷയമായ കൃതി. പരിശുദ്ധ കർബാന എന്ന ശ്രേഷ്ഠബലിയെപ്പററി പ്രതിപാദിക്കുന്ന പല ഗ്രന്ഥങ്ങളും ഇതിനകം പുറത്തിറങ്ങിയിട്ടുണ്ട്. ആലുവാ സെമ്മിനാരിയിൽനിന്നു പ്രസിദ്ധീകരിച്ചിട്ടുള്ള "ദിവ്യബലി", ഫാദർ അഗസ്റ്റിൻ മണക്കാട്ട് രചിച്ച് ആലപ്പുഴ സാൻറാക്രൂസ് പ്രസ്സിൽനിന്നു പ്രസിദ്ധീകരിച്ചിട്ടുള്ള 'അൾത്താരയിലെ ബലിയും കത്തോലിക്കാജീവിതവും" തുടങ്ങിയ ഗ്രന്ഥങ്ങൾ ഈയിനത്തിൽപ്പെടുന്നു. അതുപോലെതന്നെ, ദിവ്യബലിയിൽ ഭക്തിപൂവ്വം സംബന്ധിക്കുന്നതിനു സഹായകമാകത്തക്കവിധത്തിൽ, കർബാനയിലെ ഔദ്യോഗികപ്രാത്ഥനകളുടെ തജ്ജിമയും അവസരോചിതമായ മററു ജപങ്ങളും പാട്ടുകളും ഉൾപ്പെടുത്തി രചിച്ചിട്ടുള്ള വിലകുറഞ്ഞ പല ചെറുപുസ്തകങ്ങളും കത്തോലിക്കരുടെ ഇടയിൽ പ്രചരിച്ചിട്ടുണ്ട്. ഫ്രാൻസിസ്കൻ വൈദികരുടെ നേതൃത്വത്തിൽ കൊല്ലത്തുനിന്നും പ്രസിദ്ധീകരിച്ചിട്ടുള്ള "ദിവ്യബലി", മാന്നാനത്തുനിന്നുമുള്ള "നമ്മുടെ കർബാന", ഫാദർ മാത്യു നടയ്ക്കൽ രചിച്ചിട്ടുള്ള "കുട്ടികളുടെ കർബാന" മുതലായ ഗ്രന്ഥങ്ങൾ ഈ രണ്ടാമതു പറഞ്ഞതിനു് ഉദാഹരണങ്ങളാണ്. ഫാദർ ലാസറിന്റെ "ബലിയും ബലിജീവിതവും" എന്ന ഗ്രന്ഥത്തിൽ അദ്ദേഹം മേൽപ്പറഞ്ഞ രണ്ടുതരം ഗ്രന്ഥങ്ങളിലെയും വിഷയങ്ങൾ സംക്ഷിപ്തമായും സ്വമനോധമ്മമനുസരിച്ചും ഉൾക്കൊള്ളിച്ചിരിക്കുന്നു. ആദ്യഭാഗത്തു ബലിയുടെ സ്വഭാവത്തെപ്പററിയും "ബലിജീവിത"ത്തിന്റെ ആവശ്യകതയെപ്പററിയും പ്രതിപാദിക്കുന്നു. ഉത്തരഭാഗത്തു ബലിയിൽ സംബന്ധിക്കുമ്പോൾ, തനിച്ചോ കൂട്ടമായോ ചൊല്ലാവുന്ന പ്രാത്ഥനകളും പാടാവുന്ന പാട്ടുകളും ചേത്തിരിക്കുന്നു.

ആകപ്പാടെ നോക്കുമ്പോൾ ഗ്രന്ഥം വിജ്ഞാനപ്രദവും പ്രയോജനപ്രദവുമായിരിക്കുന്നെന്നു പറയാം. ഗ്രന്ഥകത്താവു പ്രസ്താവിക്കുന്നതുപോലെ ശാസ്ത്രജ്ഞന്മാരെ ഉദ്ദേശിച്ചല്ല ചിന്താശീലരായ സാധാരണക്കാരെമാത്രം ഉദ്ദേശിച്ചാണ് ഇതു രചിച്ചിരിക്കുന്നതു്. തൃശ്ശൂർ മെത്രാൻ തിരുമനസ്സിലെ ആശീവ്വാദലേഖനം ഗ്രന്ഥത്തിനു് ഒരലങ്കാരമായിട്ടുണ്ട്.

ഗ്രന്ഥത്തിലെ ഭാഷ ലളിതവും പ്രതിപാദ്യവിഷയത്തിനു യോജിച്ചതുമാണ്. എന്നാൽ ചില അച്ചടിപ്പിശകുകൾ അവിടവിടെയായി കടന്നുപററിയിട്ടുണ്ട്. കുട്ടികൾ നിത്യം ഉപയോഗിക്കുവാനുള്ള പ്രാത്ഥനപ്പുസ്തകങ്ങളിലും മററു മതഗ്രന്ഥങ്ങളിലും അവ കടന്നുകൂടാതിരിക്കുവാൻ നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. 13-ാം പേജിൽ, "മാമ്മോദീസാ സ്വീകരിച്ചിട്ടുള്ളവർ പൗരോഹിത്യത്തിൽ പങ്കുകാരാണെന്നു വി. പൗലോസ് സമത്ഥിച്ചിട്ടു"ള്ളതായി പ്രസ്താവിക്കുന്നു. വി. പത്രോസിന്റെ 1-ാം ലേഖനത്തിൽ അങ്ങനെയൊരു ഭാഗമുണ്ട്. (അ. 2; വാ. 9.) വി. പൗലോസിന്റെ ലേഖനങ്ങളിൽ അത്തരമൊരു വാക്യം ഉള്ളതായി ഓക്കുന്നില്ല.

ബലിയും ബലിജീവിതവും എങ്ങും പ്രചരിച്ചുകാണുവാനുള്ള ആഗ്രഹം രേഖപ്പെടുത്തിക്കൊള്ളട്ടെ.

(P. I. J.)

ആദ്ധ്യാത്മികവീഥി

# മറുപടിക്കത്ത് (3)

ദൈവത്തിന്റെ വത്സലമക്കളേ,

ഒന്നാമത്തെ മറുപടിക്കത്തിൽ പ്രാരംഭമായി രണ്ടുമൂന്നു സംഗതികൾ ചെയ്യുന്നതിനു നിർദ്ദേശിച്ചിട്ടുണ്ടായിരുന്നല്ലോ. അവ നിങ്ങൾ ചെയ്യുന്നുണ്ടെന്നു വിശ്വസിക്കുന്നു. ഇന്നു വേറൊരു സംഗതികൂടി പറയാം.

അതു പ്രതിദിനം ഒരു പതിനഞ്ചു മിനിററുനേരത്തേക്കെങ്കിലും ആദ്ധ്യാത്മികമായ എന്തെങ്കിലും ഒരു പുസ്തകം വായിക്കണമെന്നുള്ളതാണ്. വിശുദ്ധ ഗ്രന്ഥം, ക്രിസ്ത്വാനുകരണം, തിരുഹൃദയാനുകരണം, ഭക്തിമാർഗ്ഗപ്രവേശിക, ആത്മീയസമരം, വിശുദ്ധന്മാരുടെ ജീവചരിത്രങ്ങൾ മുതലായ പല പുസ്തകങ്ങൾ ഇപ്പോൾ നിഷ്പ്രയാസം ലഭിക്കുമല്ലോ. ഇവയിലേതെങ്കിലും തെരഞ്ഞെടുക്കാം.

പുസ്തകം ഏതുതന്നെയായിരുന്നാലും ഓടിച്ചുവായിക്കുന്നതുകൊണ്ടു പ്രയോജനമില്ല. നമ്മുടെ ആത്മാവിനു പ്രയോജനമുണ്ടാകണമെന്ന ഉദ്ദേശത്തോടുകൂടി ദൈവസഹായം അപേക്ഷിച്ചുകൊണ്ടു സാവധാനത്തിൽ മനസ്സിരുത്തി വായിക്കണം. അനുകരണീയമായി കാണുന്ന സംഗതികൾ പ്രയോഗത്തിൽ വരുത്തുവാനും ശ്രമിക്കണം.

ഇനി ഒരു പ്രത്യേക എഴുത്തിനുകൂടി മറുപടിതരാം. ഇതിനുമുമ്പു ഇങ്ങനെ ഒരു മറുപടി ഉണ്ടായിരുന്നതുകൊണ്ടു ഇത്തവണത്തെ മറുപടിക്കു (2) എന്നു നമ്പറിടുന്നു. അടുത്ത പ്രത്യേക മറുപടി 3-ാം നമ്പറായിരിക്കും.

(2) ഞാൻ ബി. എ. പാസ്സായശേഷം ഇപ്പോൾ സജീവമായ കത്തോലിക്കാ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന ഒരു യുവാവാണ്. എന്റെ ആഗ്രഹാനുസരണം ഉപരിപഠനത്തിനു പോകുന്നപക്ഷം സത്യദീപത്തിലെ ആഹ്വാനം അനുസരിച്ച് ഒരുത്തമ ദൈവപുത്രനായി ജീവിക്കുവാൻ എനിക്കു സാധിക്കുമോ?

നിശ്ചയമായും സാധിക്കുമെന്നാണ് എന്റെ മറുപടി. കഴിയുമെങ്കിൽ അവിടെ ഒരാത്മപിതാവിനെ തെരഞ്ഞെടുത്ത് അദ്ദേഹത്തിന്റെ നിയന്ത്രണത്തിനു വിധേയനായി പ്രതിദിനം വിശുദ്ധ ബലിയിൽ സംബന്ധിക്കയും ദിവ്യകാരുണ്യം ഉൾക്കൊള്ളുകയും ചെയ്യുക. കൃത്യനിഷ്ഠ, സത്യസന്ധത, ജീവിതനൈർമ്മല്യം, സേവനസന്നദ്ധത, ലളിതജീവിതം മുതലായവയാൽ ഒരു മാതൃകാകത്തോലിക്കനായി ജീവിക്കുവാൻ ശ്രമിക്കുക. മതസംബന്ധമായി ഒരക്ഷരംപോലും മിണ്ടാതെ പലരേയും നമ്മുടെ കർത്താവിന്റെ പക്കലേക്കു ആനയിക്കുവാൻ അതുവഴിയായി നിങ്ങൾക്കു സാധിക്കും. കൂടാതെ ദൈവതിരുമനസ്സു നിറവേററണമെന്നും ഈശോയെ പ്രസാദിപ്പിക്കണമെന്നും ഉള്ള ഉദ്ദേശത്തോടുകൂടി മേല്പറഞ്ഞവ ചെയ്യുന്നതുകൊണ്ടു പുണ്യത്തിൽ അടിക്കടി വർദ്ധിക്കയും തദനുസരണമുള്ള സ്വർഗ്ഗഭാഗ്യത്തിനു അർഹനായിത്തീരുകയും ചെയ്യും.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. എന്നു പ്രാർത്ഥനയുടെ ഐക്യത്തിൽ

സ്വന്തം ആത്മപിതാവ്.



ബ. അൽഫോൻസാമ്മയുടെ സഹായത്താൽ എന്റെ ഭാര്യ സുഖമായി പ്രസവിച്ചതിനു ഉപകാരസ്മരണ. താമസിച്ചതിൽ ക്ഷമാപണം.

കെ. എം. മാത്യു, ബോംബെ

---

വേദശാസ്ത്രപംക്തി

## ആംഗ്ലിക്കൻപട്ടം അസാധുവാണ്

നിയോഗത്തിന്റെ ന്യൂനത

ഒരു കൂദാശ സാധുവാകുന്നതിനു ക്രിസ്തുവിനാൽ സ്ഥാപിതമായ യഥാർത്ഥ കൂദാശ കൊടുക്കണമെന്നുള്ള ഉദ്ദേശ്യം അഥവാ നിയോഗം പരോക്ഷമായിട്ടെങ്കിലും കാർമ്മികനു ഉണ്ടായിരിക്കണം. ആംഗ്ലിക്കൻമുറപ്രകാരം പട്ടം കൊടുക്കുന്ന കാർമ്മികനു അത്തരം നിയോഗം ഉണ്ടായിരിക്കുകയില്ലെന്നാണു പൗരോഹിത്യത്തെപ്പററി അവർക്കുള്ള ആശയങ്ങളിൽനിന്നും അനുമാനിക്കേണ്ടതു.

ഒരു പുരോഹിതന്റെ സർവ്വപ്രധാനമായ കർത്തവ്യം ബലിസമർപ്പണമാണ്. അതിനുള്ള ശക്തിയാണു പൗരോഹിത്യം പ്രദാനംചെയ്യുന്നതു. ദിവ്യബലിസമർപ്പണത്തിനു ശക്തി നൽകാത്ത പൗരോഹിത്യം ക്രിസ്തീയ പൗരോഹിത്യമല്ല. എന്നാൽ ആംഗ്ലിക്കരുടെ സിദ്ധാന്തപ്രകാരം പൗരോഹിത്യവും പരി. കുർബാനയാകുന്ന സാക്ഷാൽ ദിവ്യബലിയും തമ്മിൽ യാതൊരു ബന്ധവുമില്ല. പരി. കുർബാനയിൽനിന്നു ക്രിസ്തുവിന്റെ യഥാർത്ഥസാന്നിദ്ധ്യത്തെപ്പററിയും ബലിയെപ്പററിയുമുള്ള ആശയങ്ങൾ ബഹിഷ്കരിച്ച്, വെറുമൊരു "കമ്മ്യൂണിയൻ സേർവീസ്" സ്മാരകശുശ്രൂഷയുമായി അവരതിനെ പരിഗണിച്ചുതുടങ്ങി. അവർ അൾത്താരകൾ നശിപ്പിക്കുകയും അശുദ്ധമാക്കുകയും ചെയ്തു. ഈ ദുരുമനോഭാവവും തദനുസാരമായ സിദ്ധാന്തങ്ങളും പുലർത്തിവന്ന ക്രാൻമറും കൂട്ടുകാരുമാണ് ആംഗ്ലിക്കൻ "ഓർഡിനലി"ന്റെ പ്രണേതാക്കൾ. അതുകൊണ്ടാണു സാക്ഷാൽ ബലിയെ സൂചിപ്പിക്കുന്ന യാതൊരു ശബ്ദവും അതിലില്ലാതെ വന്നതു. അവരുടെ സിദ്ധാന്തത്തിന്റെ വെളിച്ചത്തിൽ നോക്കുമ്പോൾ നാം മനസ്സിലാക്കുന്ന വിധത്തിലുള്ള സാക്ഷാൽ ബലി അർപ്പിക്കുവാനുള്ള അധികാരം കൊടുക്കുവാനുള്ള ഉദ്ദേശ്യം ഒരാംഗ്ലിക്കൻമെത്രാനു ഉണ്ടായിരിക്കുക അസാദ്ധ്യമാണ്. തന്നിമിത്തം ശരിയായ പട്ടംകൊടുക്കുവാനുള്ള ഉദ്ദേശ്യവും ഉണ്ടായിരിക്കയില്ല. ഏതന്ന്യായത്താൽ അദ്ദേഹം കൊടുക്കുന്ന പട്ടവും അസാധുവാണെന്നു സിദ്ധിക്കുന്നു.

ആംഗ്ലിക്കരുടെ സിദ്ധാന്തപ്രകാരം അവരുടെ പുരോഹിതർ സുവിശേഷപ്രസംഗകർ (Gospel Minister) മാത്രമാണ്. ഒരാംഗ്ലിക്കൻ ഗ്രന്ഥകാരനായ ഹൂക്കർ എന്നദേഹം എഴുതിയിരിക്കുന്നതു നോക്കുക: "ബലി സഭയുടെ ശുശ്രൂഷയുടെ ഘടകമല്ല" (Sacrifice is no part of the Church's ministry); "സുവിശേഷത്തിൽ യഥാർത്ഥത്തിൽ ബലിയില്ല" (The Gospel hath properly no sacrifice.) ക്രിസ്തു ഒടുവിലത്തെ അത്താഴത്തിൽവച്ചു യഥാർത്ഥബലി സമർപ്പിച്ചെന്നും ആ ബലി തുടരാൻ ശ്ലീഹന്മാർക്കും അവരുടെ അനന്തരഗാമികൾക്കും അനുമതി നൽകിയെന്നും നമുക്കറിയാം. ആ വസ്തുതയെ ആംഗ്ലിക്കർ അവഗണിക്കുന്നു. ഇങ്ങനെയുള്ള വിവിധ കാരണങ്ങളാലാണ് ആംഗ്ലിക്കരുടെ പട്ടം അസാധുവായി ആദ്യകാലംമുതൽ തിരുസ്സഭ പരിഗണിച്ചുവന്നതു. ഇതു സംബന്ധിച്ചുള്ള പ്രധാനരേഖകളുടെ പട്ടിക താഴെ ചേർക്കുന്നു.

1. 1554 മാർച്ച് 8-ാംനു 3-ാം ജൂലിയസ്സുമാർപ്പാപ്പ അപ്പസ്തോലിക് ലഗാറു് കാർഡിനൽ പോൾ (Pole) എന്നദേഹത്തിനയച്ച കത്തു്.

2. 1555 ജൂൺ 20-ാംനു 4-ാം പോൾ മാർപ്പാപ്പ അയച്ച "പ്രെക്ലാര കരിസ്സിമി" എന്ന ബൂള.

3. 1704 ഏപ്രിൽ 17-ാംനു ജോൺ ക്ലെമെൻറു് ഗോർഡൻ എന്ന ഒരാംഗ്ലിക്കൻ വൈദികനു പുനരഭിഷേകം നൽകാൻ ആജ്ഞാപിച്ചുകൊണ്ടു് 11-ാം ക്ലെമെൻറു് മാർപ്പാപ്പ അയച്ച കത്തു്.

4. 13-ാം ലെയോ മാർപ്പാപ്പ 1896 സെപ്റ്റംബർ 13-ാംനു പ്രസിദ്ധപ്പെടുത്തിയ "അപ്പസ്തോലിച്ചേ കൂരേ" എന്ന തിരുവെഴുത്തു്.

---

വി. യൂദാസു് തദ്ദേവൂസു് ശ്ലീഹായുടെ മാദ്ധ്യസ്ഥത്തിൽ രോഗവിമുക്തി ലഭിച്ചതിനു കൃതജ്ഞത.

A Rev. Sister

---

## ഇടവകവാർത്തകൾ

മിഷൻഞായർ

താഴത്തുവടകര, ഇടമററം, വയ്പൂരു്, മുളക്കുളം, മേക്കാട്ടു്, വല്ലം, വാഴക്കുളം, കപ്പാട്ടുവീറ, അങ്കമാലി, രാമപുരം, അരുവിത്തുറ, പാററപ്പള്ളി എന്നിവിടങ്ങളിൽ മിഷൻഞായർ സാഘോഷംകൊണ്ടാടിയിരിക്കുന്നതായി റിപ്പോർട്ടുകൾ ലഭിച്ചിരിക്കുന്നു.

—വൈക്കം, നടേൽ, തോട്ടകം, ഒർശ്ലേം, കുലശേഖരമംഗലം, വല്ലകം മുതലായ ഇടവകകൾ ഏകോപിച്ചു് ഒക്ടോബർ 25-ാംനു ക്രിസ്തുരാജത്തിരുനാൾ ആഘോഷിക്കുകയുണ്ടായി.

—കൂത്താട്ടുകുളം: ഒക്ടോ. 18-ാംനു റവ. ഫാ. ജോസഫ് പാററനിയുടെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുയോഗത്തിൽവച്ചു് വിൻസെൻറു് ഡി പോൾ സഖ്യത്തിന്റെ ഒരു ശാഖ ഉൽഘാടനം ചെയ്യപ്പെട്ടിരിക്കുന്നു.

—കടുത്തുരുത്തി: വിൻസെൻറു് ഡി പോൾ സഖ്യത്തിന്റെയും മിഷൻലീഗിന്റെയും സംയുക്ത വാർഷികം ഒക്ടോ. 11-ാംനു റവ. ഫാ. തോമസ് വെട്ടിക്കമററത്തിന്റെ അദ്ധ്യക്ഷതയിൽ ആഘോഷിക്കപ്പെട്ടു.

—വാഴക്കുളം: വിൻസെൻറു് ഡി പോൾ സഖ്യത്തിന്റെ ആഭിമുഖ്യത്തിൽ ഫ്രെഡറിക്കു് ഓസ്സാനാമിന്റെ ചരമശതാബ്ദി ഒക്ടോബർ 15-ാംനു കൊണ്ടാടപ്പെട്ടു. യോഗത്തിൽ റവ. ഫാ. മാത്യു പാലമററം ആദ്ധ്യക്ഷ്യം വഹിക്കുകയും ശ്രീ കെ. സി. ചാക്കോ എം. എ. പ്രസംഗിക്കുകയും ചെയ്തു.

—തോട്ടക്കര: കപ്പൂച്ചിൻ വൈദികരുടെ നേതൃത്വത്തിൽ മിഷൻധ്യാനവും അതേതുടർന്നു് ഒരു പരിഹാരപ്രദക്ഷിണവും നടത്തപ്പെട്ടു.

### ചരമം

കരാഞ്ചിറ: ആലപ്പാട്ടു പൊറുഞ്ചുണ്ണി വറിയതുവൈദ്യൻ ഒക്ടോബർ 11-ാംനു 75-ാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു.

—നെടിയശാല: ബ. അബ്രാഹം യോസച്ചന്റെ മാതാവായ കാഞ്ഞിരക്കൊമ്പിൽ പൈലി ഭാര്യ ബ്രിജീത്ത ഒക്ടോബർ 13-ാംനു ചരമംപ്രാപിച്ചു.

—ചുണങ്ങംവേലി: അഗതികളുടെ സഹോദരിസഭയിൽപ്പെട്ട റവ. സിസ്റ്റർ മാർഗരററ് എസ്. ഡി. ഒക്ടോബർ 15-ാംനു നിര്യാതയായിരിക്കുന്നു. പരേതവെരി റവ. ഫാ. ജോർജു് മണ്ണാറ അവർകളുടെ സഹോദരിയാണ്.

—കാഞ്ഞൂർ: പാറക്കു തരിയതു അന്തോണി അവർകളുടെ മാതാവു ഒക്ടോബർ 19-ാംനു നിര്യാതയായിരിക്കുന്നു.

—ചെമ്മലമററം: കണ്ണുവൈദ്യൻ ശ്രീ മത്തായി മത്തായി കണിയപറമ്പിൽ ഒക്ടോ. 21-ാംനു 68-ാമത്തെവയസ്സിൽ നിര്യാതനായി.

—പൂവരണി: ചിലമ്പിൽ തൊമ്മൻ അന്തോണി അവർകൾ ഒക്ടോ. 17-ാംനു 69-ാമത്തെ വയസ്സിൽ ചരമംപ്രാപിച്ചു.

—കോക്കമംഗലം: ചേന്നോത്തു കുമ്മംപള്ളിയിൽ അന്തോണി അവർകളുടെ പുത്രൻ എബ്രാഹം ഒക്ടോ. 18-ാംനു നിര്യാതനായി.

—കടപ്ലാമററം: പെരുമ്പാമ്പിള്ളിൽ ശ്രീ ആഗസ്തി മത്തായി ഒക്ടോ. 19-ാംനു 66-ാമത്തെ വയസ്സിൽ നിര്യാതനായി.

—കല്ലൂർ: ചാരുവേലിൽ തൊമ്മൻ മറിയം ഒക്ടോ. 25-ാംനു 80-ാമത്തെവയസ്സിൽ ചരമംപ്രാപിച്ചു.

R. I. P.


മഹത്തായ
നമ്മുടെ രാഷ്ട്രത്തിനു വേണ്ടി

നിങ്ങൾ ഒരു ബാങ്കിൽ പണം നിക്ഷേപിക്കുന്നതു് സൗകര്യവും സുരക്ഷിതത്വവും കരുതിയാണ്. ആവശ്യപ്പെടുമ്പോൾ പണം തിരികെ ലഭിക്കണം. അതോടൊപ്പംതന്നെ നിങ്ങളുടെ പണം രാജ്യനന്മയ്ക്കുകൂടി ഉപകരിച്ചാൽ കൊള്ളാമെന്നു് ആഗ്രഹിക്കുന്നു.

ഓറിയൻറ സെൻട്രൽ ബാങ്കിൽ നിക്ഷേപിക്കുന്ന പണം ഈ നാട്ടിലെ വാണിജ്യവ്യവസായങ്ങളുടെ പുരോഗമനത്തിനു സഹായകരമായി വിനിയോഗിക്കപ്പെടുന്നു. വാണിജ്യവ്യവസായങ്ങളുടെ പുരോഗമനം സാധനദൗർലഭ്യം കുറയ്ക്കുകയും തൊഴിലില്ലായ്മ പരിഹരിക്കുകയും ചെയ്യുന്നു. തൊഴിലില്ലായ്മയും സാധനദൗർലഭ്യവും നിർമ്മാർജ്ജനം ചെയ്തു് മഹത്തായ നമ്മുടെ രാഷ്ട്രത്തിൽ സമൃദ്ധിയും സുഭിക്ഷതയും കൈവരുത്തുന്നതിനു് നിങ്ങളുടെ പണം

ഓറിയന്റ് സെൻട്രൽ ബാങ്കിൽ
നിക്ഷേപിക്കുക

ഹെഡ്ആഫീസ്:- കോട്ടയം

ബ്രാഞ്ചുകൾ

| | | |
|---|---|---|
| ഈരാററുപേട്ട | കുമരകം | പാമ്പാടി |
| എറണാകുളം | കോതമംഗലം | പിറവം |
| എരുമേലി | കൂട്ടിക്കൽ | പൂവരണി |
| കാളകെട്ടി | വടക്കൻപറവൂർ | തൊടുപുഴ |
| കോട്ടയം | പാലാ | തിരുവല്ല |
| | വൈക്കം | |

FOR GENUINE AND EFFECTIVE
HOMOEOPATHIC MEDICINES
in Mother Tinctures, Potencies in liquids, pills or globules
Biochemic (Tissue) Remedies in powders, 1gr. celloids or 5gr. tablets
Special Medicines imported from
Dr. Willmar Schwabe - Germany
Luyties Pharmacal Co., U. S. A.
For Fr. Muller's Soleri Belloti Specifics and Fr. Muller's Biochemic Tonic
Apply to:
Fr. Muller's Homoeopathic Poor Dispensary
Kankanady, Mangalore-2.
Please correspond in English
പാമ്പുവിഷത്തിനുള്ള ഔഷധം "തിരിയാക്കം" (Tiriyaq) അവിടെ കിട്ടുന്നതാണ്.

# കമ്മ്യൂണിസ്റ്റുവിപത്തു്

## എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലെ ഇടയലേഖനം

എറണാകുളം മെത്രാപ്പോലീത്താ കണ്ടത്തിൽ മാർ ആഗുസ്തീനോസ് തിരുമനസ്സുകൊണ്ടു് 1953 ഒക്ടോബർ 30-ാംനു പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ഇടയലേഖനമാണു ചുവടെ ചേർക്കുന്നതു്:—

ഇന്നത്തെ ലോകത്തിൽ നാരകീയശക്തികളുടെ പ്രവർത്തനം നാനാവിധത്തിൽ പ്രബലപ്പെട്ടുവരികയാണു്. ആധുനികലോകത്തിലെ ഏററവും വിനാശകരമായ ഒരു സിദ്ധാന്തമാണു് കമ്മ്യൂണിസം. ലോകത്തിൽ എല്ലാവിധത്തിലുമുള്ള ഐശ്വര്യവും ശാശ്വതമായ സംതൃപ്തിയും കൈവരുത്താമെന്നും മററുമുള്ള ആകർഷകങ്ങളായ വാഗ്ദാനങ്ങൾ പൊക്കിപ്പിടിച്ചുകൊണ്ടു് കമ്മ്യൂണിസ്റ്റുകാർ ജനങ്ങളെ വഞ്ചിച്ചുവരികയാണു്. സംഗതികളുടെ യഥാർത്ഥരൂപം മനസ്സിലാക്കാതെയാണു് ആദ്യമൊക്കെ പലരും അതിൽ പെട്ടുപോകുന്നതു്.

മതസ്വാതന്ത്ര്യത്തിനൊന്നും തങ്ങൾ എതിരല്ലെന്നു് ആരംഭകാലത്തു് ജനങ്ങളുടെയിടയിൽ കമ്മ്യൂണിസ്റ്റുകാർ പ്രചരണം നടത്താറുണ്ടു്. അതിനാൽ ഒരാൾക്കു് ഒരേസമയത്തുതന്നെ കത്തോലിക്കനും കമ്മ്യൂണിസ്റ്റുകാരനും ആയിരിക്കുവാൻ സാധിക്കുമെന്നു് വ്യാമോഹിച്ചു പലരും കമ്മ്യൂണിസ്റ്റുചേരിയിൽ ചേർന്നുവരുന്നുണ്ടു്. മാർപ്പാപ്പാമാർ പലതവണ വ്യക്തമാക്കിയിട്ടുള്ളതാണു് കമ്മ്യൂണിസം ദൈവവിശ്വാസത്തിനും മതത്തിനും തികച്ചും എതിരാണെന്നും, അതിനാൽ കത്തോലിക്കനു കമ്മ്യൂണിസ്റ്റുകാരുമായി യാതൊരു വേഴ്ചയും പാടില്ലെന്നും. കമ്മ്യൂണിസ്റ്റുകാരുടെ ഇതുവരെയുള്ള പ്രവർത്തനങ്ങൾതന്നെ ഇതിനു തെളിവാണു്. കമ്മ്യൂണിസ്റ്റധീനത്തിലുള്ള ഒരൊററ രാജ്യത്തെങ്കിലും ശരിയായ മതസ്വാതന്ത്ര്യം ഇല്ല. ചിലേടത്തെല്ലാം മതസംഘടനകൾ എന്ന പേരിൽ ചില പ്രവർത്തനങ്ങൾ അവർ നടത്തിക്കുന്നുണ്ടെന്നുള്ള വസ്തുത ഇവിടെ വിസ്മരിക്കുന്നില്ല. പക്ഷേ, അവർ രാഷ്ട്രത്തിന്റെ വെറും പിണിയാളുകളാണു്; മതത്തിന്റെ പേരിൽ കമ്മ്യൂണിസ്റ്റുപ്രചരണം നടത്തുന്ന ചില വഞ്ചകർ.

കമ്മ്യൂണിസ്റ്റുഭരണം നടക്കുന്ന രാജ്യങ്ങളിലെല്ലാംതന്നെ അനേകലക്ഷം കത്തോലിക്കർ ഭയങ്കരമായവിധം പീഡിപ്പിക്കപ്പെടുന്നു. നിരീശ്വരത്വത്തിലും അക്രമത്തിലും അടിയുറപ്പിച്ചിട്ടുള്ള കമ്മ്യൂണിസവും, ദൈവവിശ്വാസത്തിലും പരസ്നേഹത്തിലും കെട്ടിപ്പടുത്തിട്ടുള്ള കത്തോലിക്കാസഭയും തമ്മിൽ ഒരുവിധത്തിലും പൊരുത്തപ്പെടുകയില്ലെന്നും, അതിനാൽ കത്തോലിക്കാസഭയെ നശിപ്പിക്കാതെ തങ്ങൾക്കേതെങ്കിലും രാജ്യത്തിൽ ആധിപത്യം സ്ഥാപിക്കുക സാദ്ധ്യമല്ലെന്നും, കമ്മ്യൂണിസ്റ്റുകാർക്കു നന്നായറിയാം. അതിനാൽ കളവായ ആരോപണങ്ങൾ വകഞ്ഞുണ്ടാക്കി, രാജ്യദ്രോഹികളെന്നുള്ള കുററവും ചുമത്തി വൈദികമേലദ്ധ്യക്ഷന്മാരേയും വൈദികരേയും കന്യാസ്ത്രീകളേയും കത്തോലിക്കരെ പൊതുവേയും അവർ ഭയങ്കരമായ മർദ്ദനത്തിനു വിധേയരാക്കിക്കൊണ്ടിരിക്കുന്നു.

സഭയുടെ സ്വാധീനശക്തി വർദ്ധിക്കുമെന്നുള്ള ഏകകാരണത്താൽ സഭയുടെ പല പരസ്നേഹപരങ്ങളായ പ്രവർത്തനങ്ങളേയും അവർ സ്തംഭിപ്പിച്ചുകൊണ്ടിരിക്കുന്നു. അങ്ങനെ സഭയുടെ വകയായ വിദ്യാലയങ്ങളും അനാഥശാലകളും ആതുരമന്ദിരങ്ങളും ആസ്പത്രികളും മററും അവർ അടച്ചുപൂട്ടുകയാണു്. അതിനാവശ്യമായ സഭയുടെ സ്വത്തുക്കൾ അവർ അപഹരിച്ചെടുക്കുന്നു.

കമ്മ്യൂണിസം മതത്തിനൊന്നും എതിരല്ലെന്നു് ഇന്നും വ്യാമോഹിക്കുന്ന കത്തോലിക്കരുണ്ടെങ്കിൽ അവരുടെ കണ്ണുതുറപ്പിക്കുവാൻ ഈ വസ്തുതകൾ പ്രയോജനപ്പെടട്ടെ.

കമ്മ്യൂണിസ്റ്റുമർദ്ദനത്തിനു വിധേയരായി കഴിഞ്ഞുകൂടുന്ന കർദ്ദിനാൾ മിൻസെന്തിയുടെയും കർദ്ദിനാൾ സ്റ്റെപ്പിനാക്കിന്റെയും കഥ നിങ്ങൾക്കറിയാമല്ലോ. ഇപ്പോഴിതാ കമ്മ്യൂണിസ്റ്റുകാർ പോളണ്ടിൽ വാർസോയിലെ മെത്രാപ്പോലീത്തായായ അത്യുന്നത കർദ്ദിനാൾ സ്റ്റെഫാക്കു് വിസിൻസ്കി തിരുമേനിയെയും അറസ്റ്റുചെയ്തു സ്ഥാനഭ്രഷ്ടനാക്കി



ഒരാശ്രമത്തിൽ തടങ്കലിൽ പാർപ്പിച്ചുവരുന്നു. അവിടത്തെ വൈദികരും കത്തോലിക്കരും ഇപ്പോൾ ഭയങ്കരമായ മർദ്ദനത്തിനിരയായിക്കഴിയുകയാണു്. മൂന്നുലക്ഷം പോളിഷുകാർ നാടുകടത്തപ്പെടുകയോ തടങ്കൽപ്പാളയങ്ങളിൽ ജോലിക്കു നിർബന്ധിതരാകുകയോ ചെയ്തിട്ടുണ്ടു്.

മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് ഈ പരിതസ്ഥിതിയിൽ എത്രവളരെ മനോവേദന അനുഭവിക്കുന്നു. ലോകത്തിന്റെ നാനാഭാഗത്തും മർദ്ദിക്കപ്പെടുന്ന നമ്മുടെ സഹോദരർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്നു് അവിടുന്നു നമ്മെ ഉപദേശിക്കുന്നു.

കത്തോലിക്കാതിരുസ്സഭ ക്രിസ്തുവിന്റെ മൗതികശരീരമാണു്; ഓരോ കത്തോലിക്കനും ആ ശരീരത്തിന്റെ ഭാഗമാണു്. ക്രിസ്തുവാണു് അതിന്റെ ശിരസ്സു്. അതിനാൽ കത്തോലിക്കർ ലോകത്തിന്റെ ഏതു ഭാഗത്തു പീഡിപ്പിക്കപ്പെട്ടാലും ക്രിസ്തുവിന്റെ മൗതികശരീരമാണു് പീഡിപ്പിക്കപ്പെടുന്നതു്. കത്തോലിക്കാസഭയ്ക്കു ലോകത്തിലെവിടെയുമുണ്ടാകുന്ന വളർച്ചയും തളർച്ചയും പൊതുവിലുള്ളതായി പരിഗണിക്കപ്പെടണം.

അതിനാൽ മർദ്ദിക്കപ്പെടുന്ന നമ്മുടെ സഹോദരർക്കു് അവരുടെ മതവിശ്വാസത്തിൽ അടിയുറച്ചുനില്ക്കുവാൻ വേണ്ട ധൈര്യവും ശക്തിയും ലഭിക്കുവാൻവേണ്ടി പ്രാർത്ഥിക്കാം. നിങ്ങളുടെ പ്രാർത്ഥനകളിലും സൽകൃത്യങ്ങളിലും ഈ നിയോഗത്തിനൊരു പ്രധാനസ്ഥാനമുണ്ടായിരിക്കണം.

ഈ ഇടയലേഖനം കിട്ടുന്ന ദിവസം മുതൽ നവമ്പർ 8-ാംനുവരെ കുർബാനകഴിഞ്ഞു് "എത്രയും ദയയുള്ള മാതാവേ" എന്ന ജപം ഈ നിയോഗത്തിനുവേണ്ടി ചൊല്ലണം. നവമ്പർ 8-ാം തീയതി പരിശുദ്ധ കന്യകാമറിയത്തിന്റെ മദ്ധ്യസ്ഥത്തിരുനാളാണല്ലോ. അവിടത്തെ മാദ്ധ്യസ്ഥം വഴിയാണു് ഈ പൈശാചികശക്തിയെ തകർക്കേണ്ടതു്. അതിനുതകുന്ന ഒരായുധമായി അവിടുന്നുതന്നെ നിർദ്ദേശിച്ചുതന്നിട്ടുള്ളതാണു ജപമാലഭക്തി. അതിനാൽ പ്രസ്തുത ദിവസം വി. കുർബാനയുടെ വാഴ്‌വിന്റെ നേരത്തു് ഒരു ജപമാലചൊല്ലി ഈ നിയോഗത്തിനുവേണ്ടി കാഴ്ചവെക്കണം. കൂടാതെ, നിങ്ങളുടെ ദിവസംതോറുമുള്ള ജപമാലകളിൽ മർദ്ദിക്കപ്പെടുന്ന നമ്മുടെ സഹോദരരെ പ്രത്യേകം സ്മരിക്കുക. അടുത്ത 8-ാംനു വരെയുള്ള നിങ്ങളുടെ ജപമാലകൾ ഇവർക്കുവേണ്ടി കാഴ്ചവെക്കുക.

എത്ര ശക്തിയായ മർദ്ദനത്തിനും ദൈവസ്ഥാപിതമായ കത്തോലിക്കാ തിരുസ്സഭയെ നാമാവശേഷമാക്കുവാൻ സാധിക്കുകയില്ലെന്നുള്ളതു ശരിതന്നെ. എങ്കിലും സഭയുടെ ഈ ക്ലേശത്തിന്റെ കാലം കുറയ്ക്കുവാനും പൂർവ്വാധികം ഉന്മേഷത്തോടും ഉത്സാഹത്തോടുംകൂടി പ്രവർത്തനങ്ങൾ തുടരുവാൻ സഭയ്ക്കു സാധിക്കുന്നതിനും നമ്മുടെ പ്രാർത്ഥനകൾ പ്രയോജനപ്പെടും.

പരസ്യമായ ഇത്തരം മർദ്ദനങ്ങളെക്കാൾ പതിന്മടങ്ങു നാശമാണു് രഹസ്യമായും അസ്പഷ്ടമായുമുള്ള മാർഗ്ഗങ്ങളിൽക്കൂടി സഭാശത്രുക്കൾ വരുത്തിവച്ചുകൊണ്ടിരിക്കുന്നതു്. ജനങ്ങളുടെ — പ്രത്യേകിച്ചും യുവജനങ്ങളുടെ — സന്മാർഗ്ഗബോധത്തെ പിഴുതുകളയുവാൻവേണ്ടി പല മാർഗ്ഗങ്ങളും അവർ ഉപയോഗിച്ചുകൊണ്ടിരിക്കുന്നു. അസാന്മാർഗ്ഗികങ്ങളായ പുസ്തകങ്ങൾ, സിനിമകൾ, നാടകങ്ങൾ, വിനോദത്തിനുള്ള മററു ചില മാർഗ്ഗങ്ങൾ മുതലായവയുടെ ദുഷ്ഫലങ്ങൾ നിരവധിയാണു്. പാപവും അക്രമവും പ്രവർത്തിക്കുന്നതു് പരിഷ്കാരവും ധീരതയുമാണെന്നു ജനങ്ങളെ ധരിപ്പിച്ചുകൊണ്ടു് പാപബോധംതന്നെ നശിപ്പിക്കുവാനാണു് അവരുടെ ശ്രമം.

ബ. വൈദികരും സന്യാസികളും കന്യാസ്ത്രീകളും മാതാപിതാക്കന്മാരും അദ്ധ്യാപകരും മററും പ്രത്യേകം ശ്രദ്ധിക്കണം തങ്ങളുടെ സൂക്ഷത്തിനേല്പിക്കപ്പെട്ടിരിക്കുന്നവരെ ഈ മഹാവിപത്തിൽനിന്നും രക്ഷിക്കുവാൻ. ശരിയായ മതബോധനവും സ്വഭാവരൂപീകരണത്തിലുള്ള ശ്രദ്ധയും, ബാല്യം മുതല്ക്കു പുണ്യകൃത്യങ്ങളിലുള്ള പരിശീലനവുംകൊണ്ടു മാത്രമേ ഇതു സാധിക്കുകയുള്ളു. യുവജനങ്ങൾ വായിക്കുന്ന പുസ്തകങ്ങൾ, പഠിക്കുന്ന സ്കൂളുകൾ, അവർ വിനോദത്തിനും വിശ്രമത്തിനും മററുമായി ഉപയോഗിക്കുന്ന സ്ഥലങ്ങൾ, മാർഗ്ഗങ്ങൾ, സഹവസിക്കുന്ന ആളുകൾ മുതലായവയെപ്പററി നിഷ്കർഷാപൂർവ്വമായ അന്വേഷണങ്ങൾ നടത്തിക്കൊണ്ടിരുന്നില്ലെങ്കിൽ ഫലം പരിതാപകരമായിരിക്കും. വിനാശകരങ്ങളായ ഈ ശക്തികളുടെ സ്വാധീനത്തിനു വിധേയമായിക്കഴിഞ്ഞതിനുശേഷം തിരിച്ചെടുക്കുക മിക്കവാറും അസാദ്ധ്യമായിരിക്കും. അതിനാൽ ഇക്കാര്യത്തിൽ നേരത്തെതന്നെ ശ്രദ്ധിക്കുന്നതാണു് വിവേകം.

പലതുകൊണ്ടും നാമൊരു നിർണ്ണായകമായ ഘട്ടത്തിലാണു് ജീവിക്കുന്നതു്. കമ്മ്യൂണിസ്റ്റുകാർ ആകർഷകങ്ങളും പ്രത്യക്ഷത്തിൽ നിരുപദ്രവങ്ങളുമായ പല പേരുകളോടും പരിപാടികളോടുംകൂടി പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നു. ഇക്കാര്യത്തിൽ നാം വിവേകത്തോടും ജാഗ്രതയോടുംകൂടി വർത്തിക്കണം. ഇവിടെ നാം ക്രിസ്തുവിനോടുകൂടെയാണോ അതോ ക്രിസ്തുവിനെതിരാണോ എന്നതാണു പ്രശ്നം. ക്രിസ്തുവിനോടുകൂടിയല്ലാത്തവൻ ക്രിസ്തുവിനെതിരാണു്. നിഷ്പക്ഷതയ്ക്കിവിടെ സ്ഥാനമില്ല. അവർ അറിഞ്ഞോ അറിയാതെയോ കമ്മ്യൂണിസ്റ്റുകാരുടെ ഉപകരണങ്ങളായിത്തീരുകയാണു്. നിഷ്പക്ഷതയുടെ പിന്നിൽ പലപ്പോഴും കാണുന്നതു സ്വാർത്ഥതയും അലസതയുമായിരിക്കും. അവർ കമ്മ്യൂണിസത്തെ വിളിച്ചുവരുത്തുകയാണു്.

ഇടത്തുടിനോടനുഭാവം കാണിക്കുന്നവരും വഞ്ചകരും അപകടകാരികളുമായിരിക്കുന്നതുപോലെ, കമ്മ്യൂസിസ്റ്റനുഭാവികളും വഞ്ചകരും അപകടകാരികളുമായിരിക്കുന്നു. അതിനാൽ ബ. സഹോദരരേ, പ്രിയമക്കളേ, പലതുകൊണ്ടും പ്രാധാന്യമേറിയതും ആപൽക്കരവുമായ ഈ അവസരത്തിൽ സ്വാർത്ഥതയെ മാററിവച്ചുകൊണ്ടു്, വിവേകത്തോടും വിശാലമനസ്കതയോടും ദീർഘദൃഷ്ടിയോടുംകൂടി പ്രവർത്തിക്കുക, നമ്മൾ ശരിയായ കത്തോലിക്കരെന്നു കാണിക്കുക.

—




സി. കെ.
ലോനപ്പൻ &
ബ്രദേഴ്സ്
എറണാകുളം


### കർദ്ദിനാൾ തിരുമേനിയുടെ

## പരിപാടി

കർദ്ദിനാൾ ടിസ്സറാൻ തിരുമേനിയുടെ കേരളസന്ദർശനപരിപാടിയുടെ അവസാനരൂപമാണു താഴെ ചേർക്കുന്നതു്.

തിരുമേനി നവമ്പർ 11-ാംനു കാലത്തു വിമാനമാർഗ്ഗം വില്ലിംഗ്ടൺ ദ്വീപിൽ എത്തുന്നതാണു്. അനന്തരം മലബാർ ഹോട്ടലിലേക്കു് ആനയിക്കപ്പെടും. ഉച്ചതിരിഞ്ഞു 2 മണിയോടുകൂടി ഹോട്ടൽജട്ടിയിൽനിന്നും ബോട്ടുമാർഗ്ഗം ഒട്ടനേകം ബോട്ടുകൾ, ഓടികൾ മുതലായവയുടെ അകമ്പടിയോടുകൂടി എറണാകുളം ഹസൂർ ജട്ടിയിലേക്കു എഴുന്നള്ളുന്നതാണു്. അവിടെനിന്നും എറണാകുളം മെത്രാപ്പോലീത്തൻ പള്ളിയിലേക്കു് എതിരേല്പ്—ദേവാലയകർമ്മങ്ങൾ — സ്വീകരണമഹായോഗം — എറണാകുളം മെത്രാപ്പോലീത്ത വകയായി അരമനപ്പരിസരങ്ങളിൽവച്ചു് ഉദ്യാനവിരുന്നു്—എറണാകുളം അതിരൂപതവക മംഗളപത്രസമർപ്പണം—രാത്രി എറണാകുളം മെത്രാപ്പോലീത്ത വക ബാൻകെ്വററ്—12-ാംനു കാലത്തു മെത്രാപ്പോലീത്തൻ പള്ളിയിൽ കർദ്ദിനാൾ തിരുമേനിയുടെ ദിവ്യബലി.

മററു രൂപതകളിലെ സന്ദർശനപരിപാടി താഴെ ചേർക്കുംവിധമായിരിക്കും.

| | | |
|---|---|---|
| വരാപ്പുഴ | 13-ാംനു — | 14-ാംനു |
| ആലപ്പുഴ | 14 — | 15 |
| കൊല്ലം | 15 — | 16 |
| തിരുവനന്തപുരം (അതിരൂപത) | 16 — | 19 |
| കോട്ടാർ | 19 — | 20 |
| തിരുവനന്തപുരം (രൂപത) | 20 — | 21 |
| തിരുവല്ല | 21 — | 24 |
| ചങ്ങനാശ്ശേരി | 24 — | 27 |
| കോട്ടയം | 27 — | 30 |
| വിജയപുരം | 30 — | 30 |
| പാലാ | 30 — | ഡി. 3 |
| കൊച്ചി | 3 — | 4 |
| തൃശ്ശൂർ | 4 — | 7 |

ഡിസമ്പർ 7-ാംനു തിരുമനസ്സുകൊണ്ടു് മംഗലപ്പുഴ സെമ്മിനാരിയിലേക്കു് എഴുന്നള്ളുന്നതും 8-ാംനു ശെമ്മാശ്ശന്മാർക്കു പട്ടംകൊടുക്കുന്നതുമാണു്. രണ്ടുമൂന്നു ദിവസം അവിടെ താമസിച്ചശേഷം കോഴിക്കോട്ടേക്കു് പോകുന്നതാണു്. അവിടെനിന്നു മദ്രാസുവഴി ഡൽഹിയിലേക്കുപോയി 17-ാം തീയതി റോമിലേക്കു മടങ്ങുന്നതാണു്.

---

വിശുദ്ധ ഗീവറുഗീസ്, വി. അന്തോനീസ് എന്നിവരുടെ മാദ്ധ്യസ്ഥതാലും ബ. അൽഫോൻസാമ്മയുടെ സഹായത്താലും, കാണാതെപോയ എന്റെ പശുവിനെ ഒന്നരമാസംകഴിഞ്ഞു് കണ്ടുകിട്ടിയതിനു ഉപകാരസ്മരണ.

എന്നു്, മാത്യു തെങ്ങുപള്ളി,
പാലാ

---

### മുനിസിപ്പാലിററിവക

## മംഗളപത്രം

കർദ്ദിനാൾ തിരുമേനി എറണാകുളം ഹസൂർ ജട്ടിയിൽ വന്നിറങ്ങുമ്പോൾ തിരുമേനിക്കു മുനിസിപ്പാലിററിവക ഒരു മംഗളപത്രം നൽകാൻ ഒക്ടോബർ 31-ാംനു കൂടിയ മുനിസിപ്പൽ യോഗം ഐകകണ്ഠമായി തീരുമാനിച്ചിരിക്കുന്നു.

---

## For favours received



Excuse delay.
P. K. M., Cheruvandoor

---

## പേപ്പൽബഹുമതി

തൃശ്ശൂർ രൂപതയുടെ ചാൻസലർ റവ. ഡോക്ടർ സെബാസ്റ്റ്യൻ ചെറയത്തു് അവർകൾക്കു പരി. സിംഹാസനത്തിൽനിന്നും ഡൊമസ്റ്റിക്കു് പ്രലററ്സ്ഥാനം നൽകിയതായി അറിയുന്നു.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ്ബ് നടുവത്തുശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ബി. എ., ഡി. ഡി.

Vol. 27 ‖ ERNAKULAM, NOVEMBER 4, 1953 ‖ No. 11


# മീനച്ചിൽ ഉപതിരഞ്ഞെടുപ്പ്

മീനച്ചിൽ നിയോജകമണ്ഡലത്തിൽനിന്നും പാർലമെൻററിലേക്കു തിരഞ്ഞെടുക്കപ്പെട്ടിരുന്ന സാമാജികനായ ശ്രീ പി ടി. ചാക്കൊ ബി. എ. ബി. എൽ. രാജിവച്ചതിനെത്തുടന്നു്, ഈ വരുന്ന നവമ്പർ 16-ാംനു- അവിടെയൊരു ഉപതിരഞ്ഞെടുപ്പു നടക്കുന്നതാണു്. കോൺഗ്രസ്സ് സ്ഥാനാത്ഥി ശ്രീ ജോർജ്ജ് തോമസ്സ് കൊട്ടുകാപ്പള്ളിയും ഒരു "സ്വതന്ത്ര"സ്ഥാനാത്ഥിനിയായ ശ്രീമതി അക്കാമ്മ വക്കിയും (അക്കാമ്മ ചെറിയാൻ) തമ്മിലാണു മത്സരം.

## മണ്ഡലത്തിൻെറ വിസ്തൃതി

താഴെപറയുന്ന താലൂക്കുകളും പകുതികളുമാണു മീനച്ചിൽ പാർലമെൻററി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്നതു്. (1) തൊടുപുഴ താലൂക്കു മുഴുവൻ, (2) മൂവാററുപുഴ താലൂക്കിലെ ഏനാനല്ലൂർ പകുതി, (3) പീരുമേടു-ദേവികുളം താലൂക്കുകൾ മുഴുവൻ, (4) മീനച്ചിൽ താലൂക്കിലെ പൂഞ്ഞാർ പകുതികൾ, കൊണ്ടൂർ, ഭരണങ്ങാനം, രാമപുരം, ളാലം, പുലിയന്നൂർ, മീനച്ചിൽ, കിടങ്ങൂർ പകുതികൾ, (5) പാലാ നഗരസഭാതിത്തി, (6) കോട്ടയം താലൂക്കിലെ അകലക്കുന്നം പകുതി, (7) ചങ്ങനാശേരി താലൂക്കിലെ നെടുങ്കുന്നം, വാഴൂർ, ചിറക്കടവു്, വെള്ളാവൂർ, കാഞ്ഞിരപ്പള്ളി തെക്കും വടക്കും പകുതികൾ, മണിമല.

## സ്ഥാനാത്ഥികളുടെ കക്ഷിനില

ഇത്തരം തിരഞ്ഞെടുപ്പുകൾ നടക്കുമ്പോൾ, സ്ഥാനാത്ഥികളുടെ കക്ഷിനില എങ്ങനെയാണെന്നും അവരുടെ ചാച്ചിലും അനുഭാവവും ഏതുവഴിക്കാണെന്നും ഏതെല്ലാം രാഷ്ട്രീയകക്ഷികളും സംഘടനകളും അവക്കു പിന്തുണ നൽകാൻ ഇടയുണ്ടെന്നും നല്ലപോലെ മനസ്സിലാക്കിയിട്ടു വേണം പൊതുജനങ്ങൾ തങ്ങളുടെ വിലപിടിച്ച വോട്ടവകാശം വിനിയോഗിക്കുവാൻ. കാരണം, ഇന്നത്തെ ലോകത്തിൽ പ്രധാനമായി ആദശങ്ങൾ തമ്മിലാണു സംഘട്ടനം നടക്കുന്നതു്. ആകയാൽ ഒരു പൗരൻ തൻെറ വോട്ടു ബാലട്ടുപെട്ടിയിൽ നിക്ഷേപിക്കുമ്പോൾ ഏതു ആദശത്തിനാണു താൻ പിന്തുണ നൽകുന്നതെന്നു അവനു ബോധമുണ്ടായിരിക്കേണ്ടതാണു്.

മീനച്ചിൽ നിയോജകമണ്ഡലത്തിൽ മത്സരിക്കുന്ന ശ്രീ ജോർജ്ജ് തോമസ്സ് ഒരു കോൺഗ്രസ്സ് സ്ഥാനാത്ഥിയാണു്. മനുഷ്യൻെറ മൗലികാവകാശങ്ങൾ സംരക്ഷിക്കുവാനും ഒരു ക്ഷേമരാഷ്ട്രം കെട്ടിപ്പടുക്കുവാനും സന്നദ്ധത പ്രകാശിപ്പിച്ചിരിക്കുന്നതും ത്യാഗസുരഭിലവും സേവനനിരതവുമായ ചരിത്രമുള്ളതുമായ ഒരു പാർട്ടിയാണു കോൺഗ്രസ്സെന്നു് ഏവക്കും അറിയാം. കോൺഗ്രസ്സിനു ന്യൂനതകളൊന്നുമില്ലെന്നു ഞങ്ങൾ വിവക്ഷിക്കുന്നില്ല. എല്ലാം തികഞ്ഞിട്ടൊരു വസ്തു പ്രപഞ്ചത്തിൽ ദൃശ്യമല്ലാത്തതുപോലെ എല്ലാം തികഞ്ഞിട്ടൊരു പാർട്ടി രാഷ്ട്രീയരംഗത്തും ദൃശ്യമല്ല. യാതൊരു രാജ്യത്തുമതു ദൃശ്യമല്ല. എന്നാലൊരുകാര്യം ഖണ്ഡിതമായി പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ഇന്നു് ഇൻഡ്യയിലെ കത്തോലിക്കർ റഷ്യ, പോളൻറു്, പൂർവ്വജർമ്മനി, ഹംഗറി, യൂഗോസ്ലാവിയ, ചൈന തുടങ്ങിയ നിരവധി രാജ്യങ്ങളിലെ കത്തോലിക്കരെ അപേക്ഷിച്ചു്. കൂടുതൽ സ്വാതന്ത്ര്യമനുഭവിക്കുന്നെങ്കിൽ അതിനവർ ഇൻഡ്യയിലെ കോൺഗ്രസ്സുഗവമ്മെൻറിനോടാണു കടപ്പെട്ടിരിക്കുന്നതു്. ജനക്ഷേമദൃഷ്ട്യാ നോക്കുമ്പോൾ, പാവപ്പെട്ടവൻേറയും സാധാരണക്കാരൻേറയും ഉന്നമനത്തെ ഉദ്ദേശിച്ചു് കോൺഗ്രസ്സുഗവമ്മെൻറു പല പദ്ധതികളും ആസൂത്രണം ചെയ്തിട്ടുണ്ടെന്നും അവ വിജയപ്രദമായി പുരോഗമിച്ചുവരുന്നുണ്ടെന്നുമുള്ള സംഗതിയും പ്രസ്താവ്യമാണു്.

ശ്രീമതി അക്കാമ്മ ഒരു സ്വതന്ത്രസ്ഥാനാത്ഥിനിയായിട്ടാണു രംഗപ്രവേശം ചെയ്തിരിക്കുന്നതെങ്കിലും, അവർ ഒരു കമ്മ്യൂണിസ്റ്റു് നിയന്ത്രിതസ്ഥാനാത്ഥിനിയാണെന്നു കാര്യങ്ങൾ അടുത്തറിഞ്ഞിട്ടുള്ളവർ വിശദമാക്കിയിരിക്കുന്നു. ഉദാഹരണത്തിനു്, കോട്ടയത്തുനിന്നു പ്രസിദ്ധീകരിക്കുന്ന ഒരു കത്തോലിക്കാപത്രമായ "അപ്പാദേശം" ഒക്ടോബർ 21-ാംതീയതിയിലെ മുഖപ്രസംഗത്തിൽ എഴുതിയിരിക്കുന്നതു നോക്കുക: "ജോർജ് തോമസ് കോൺഗ്രസ്സിൻെറ ഔദ്യോഗിക സ്ഥാനാത്ഥിയാണെന്നു് എല്ലാവക്കും നിസ്സംശയം അറിയാവുന്ന സംഗതിയാണു്. എന്നാൽ അക്കാമ്മ വക്കി ഏതു രാഷ്ട്രീയകക്ഷിയിൽ പെട്ടയാളാണെന്നു ചിലക്കു സംശയം ഉള്ളതായി കാണുന്നു. അക്കാമ്മ വക്കി കമ്മ്യൂണിസ്റ്റു് കക്ഷിയുടെ ആളാണെന്നു് ഒരഭിപ്രായമുണ്ടു്. അതല്ല, അവർ ഒരു സ്വതന്ത്രയാണെന്നു് വേറൊരു അഭിപ്രായവും ഉണ്ടു്. രണ്ടാമത്തെ അഭിപ്രായക്കാർ പറയുന്നതു് അവർ ഒരു കത്തോലിക്കാകുടുംബത്തിലെ അംഗമാണെന്നാണു്. ഒരാൾ ഒരു കത്തോലിക്കാകുടുംബത്തിലെ അംഗമായതുകൊണ്ടോ, കത്തോലിക്കാ മതാവലംബിയായി ജീവിച്ചുവന്നതുകൊണ്ടോ കമ്മ്യൂണിസ്റ്റുബന്ധം ഉണ്ടായിരിക്കരുതെന്നു പറയുന്നതിനു അത്ഥമില്ല. തിരു-കൊച്ചിയിലെ കമ്മ്യൂണിസ്റ്റുകക്ഷിയുടെ നേതാവായ ടി. വി. തോമസ്സ് ഒരു കത്തോലിക്കനായിരുന്നു. ഇപ്പോഴും അയാളുടെ കുടുംബം കത്തോലിക്കാമതാവലംബികളാണെന്നു പറയപ്പെടുന്നു. ആകാരണത്താൽ ടി. വി. തോമസ്സ് കമ്മ്യൂണിസ്റ്റു നേതാവല്ലാതായിത്തീരുന്നില്ല. പി. ററി. പുന്നൂസ്സ് കമ്മ്യൂണിസ്റ്റുനേതാവാണു്. ഒരുന്നതക്രൈസ്തവകുടുംബത്തിലെ അംഗവുമാണു്. അക്കാമ്മ വക്കിയുടെ സഹോദരി കത്തോലിക്കാ കുടുംബാംഗമാണെങ്കിലും ഒരു മിശ്രവിവാഹത്തിൽ ഏപ്പെട്ടു കമ്മ്യൂണിസ്റ്റുനേതാവായ പി. ററി. പുന്നൂസിൻെറ ഭാര്യയായിരിക്കയാണു്. ഒരു കമ്മ്യൂണിസ്റ്റു് കൂട്ടുകെട്ടു തുടരുന്നതിനു അക്കാമ്മക്കു് കത്തോലിക്കാ കുടുംബമെന്നതു് ഒരു തടസ്സമല്ല.

"മററു സാഹചര്യങ്ങൾ നോക്കിയാലും, ഈ കമ്മ്യൂണിസ്റ്റു് ബന്ധത്തെ ദൃഢീകരിക്കുന്നതേയുള്ളു. അക്കാമ്മയുടെ നോമിനേഷൻ പേപ്പർ പ്രധാനമായി ഒപ്പിട്ടു ഹാജരാക്കിയതു് കഴിഞ്ഞ നിയമസഭയിലെ ഒരു കമ്മ്യൂണിസ്റ്റു് മെമ്പറായ രാഘവക്കുറുപ്പാണു്. അക്കാമ്മ തിരഞ്ഞെടുത്തിരിക്കുന്ന ചിഹ്നംതന്നെയും ഐക്യമുന്നണിയിൽപ്പെട്ടവർ സ്വീകരിച്ചിരുന്നതാണു്. ഈ സാഹചര്യങ്ങളെല്ലാം ആലോചിക്കുമ്പോൾ, അക്കാമ്മ സ്വതന്ത്രസ്ഥാനാത്ഥിയല്ല, ഒരു കമ്മ്യൂണിസ്റ്റു് നിയന്ത്രിതസ്ഥാനാത്ഥിയാണെന്നു കരുതുവാൻ യാതൊരു തടസ്സവുമില്ല. മീനച്ചിൽ നിയോജകമണ്ഡലത്തിലെ വോട്ടറന്മാക്കു് മറെറല്ലാ വോട്ടറന്മാരെയുംപോലെ, അവരവക്കിഷ്ടമുള്ളവക്കു് വോട്ടുചെയ്യാൻ സ്വാതന്ത്ര്യമുണ്ടു്. എന്നാൽ, അക്കാമ്മക്കുവേണ്ടി വോട്ടുചെയ്യാൻ ഉദ്ദേശിക്കുന്നവർ, അക്കാമ്മ തനി കത്തോലിക്കാവനിതയാണെന്നു് ഒരു പഴിപായേണ്ടയാവശ്യമില്ലെന്നു മാത്രമാണു് ഞങ്ങൾ വിശദമാക്കുന്നതു്."

കോട്ടയത്തുനിന്നുതന്നെ പ്രസിദ്ധപ്പെടുത്തുന്ന ദീപിക ഒക്ടോബർ 23-ാംനു- എഴുതിയിരിക്കുന്ന മുഖപ്രസംഗത്തിൽനിന്നും ഒരു ഭാഗം ഉദ്ധരിക്കുന്നു: "നോമിനേഷൻ പേപ്പർ സമപ്പിച്ച ദിവസം കോട്ടയത്തു് നടന്നതെന്തെന്നു് അറിയാവുന്ന മീനച്ചിൽ നിയോജകമണ്ഡലത്തിലെ സമ്മതിദായകന്മാക്കു് തങ്ങളുടെ കത്തവ്യമെന്തെന്നുള്ളതിനെപ്പററി രണ്ടഭിപ്രായമുണ്ടാകാൻ വഴിയില്ല. നാമനിർദ്ദേശപത്രിക സമർപ്പിക്കാൻ വന്നപ്പോൾ ശ്രീമതിയെ അകമ്പടിസേവിച്ചവരിൽ പ്രധാനികൾ കമ്മ്യൂണിസ്റ്റു് പ്രമുഖരായ മെ. രാഘവക്കുറുപ്പ്, പുന്നൂസ്സ് മുതൽപേരായിരുന്നു. അന്നു വൈകുന്നേരം തിരുനക്കര മൈതാനത്തുവച്ചു് മി. പുന്നൂസ്സ് ചെയ്ത സുദീർഘമായ പ്രസംഗം ശ്രവിച്ചവക്കു് ശ്രീമതി അക്കാമ്മയുടെ യഥാത്ഥനിലയെപ്പററി യാതൊരു സന്ദേഹത്തിനും ഇടയില്ല. മീനച്ചിൽ നിയോജകമണ്ഡലത്തിൽ നടക്കാൻപോകുന്ന സമരം യഥാത്ഥത്തിൽ കോൺഗ്രസ്സും ഐ. മു. വുമായിട്ടാകുന്നു. മിസ്സസ് അക്കാമ്മയുടെ വിജയം മെ. രാഘവക്കുറുപ്പിൻെറയും, പുന്നൂസിൻെറയും, കമ്മ്യൂണിസ്റ്റുകാരുടെയും ഒരു വിജയമായിട്ടേ തീരൂ. ലോകം അങ്ങനെയല്ലാതെ എടുക്കുമോ? മിസ്സസ് അക്കാമ്മ ഔപചാരികമായി കമ്മ്യൂണിസ്റ്റുപാർട്ടിയിൽ ചേന്നിട്ടില്ല എന്നു പറയുന്നതുകൊണ്ടു് എന്തു വിശേഷം? ഫലത്തിൽ എന്തു വ്യത്യാസം വരാൻ പോകുന്നു?"

"നീ നിൻെറ കൂട്ടുകാരെ പറഞ്ഞാൽ നീ എന്തു സ്വഭാവക്കാരനാണെന്നു ഞാൻ പറയാം" എന്ന മഹദ്വാക്യത്തിനു് ഇവിടെയും പ്രസക്തിയില്ലാതില്ല. ഒരു സ്ഥാനാത്ഥിയുടെ പൂർവ്വചരിത്രത്തെ അപേക്ഷിച്ചു് ഇന്നത്തെ നിലപാടാണു നാം പരിഗണിക്കേണ്ടതു്. ശ്രീമതി അക്കാമ്മയുടെ നോമിനേഷൻ പേപ്പർ പ്രധാനമായി ഒപ്പിട്ടു ഹാജരാക്കിയതു് ഒരു കമ്മ്യൂണിസ്റ്റു മുൻസാമാജികനാണെന്ന സംഗതി പ്രത്യേകം ചിന്താർഹമായിരിക്കുന്നു. ഒരു യഥാത്ഥ കത്തോലിക്കൻെറ രാഷ്ട്രീയാദർശവും ഒരു യഥാത്ഥ കമ്മ്യൂണിസ്റ്റിൻെറ രാഷ്ട്രീയാദർശവും പരസ്പരവിരുദ്ധങ്ങളാണു്. ആ നിലക്കു് കത്തോലിക്കയായ ശ്രീമതി അക്കാമ്മയുടെ രാഷ്ട്രീയാദർശത്തിനു് ഈ നോമിനേഷൻ പേപ്പറിൻെറ ഒപ്പിടലും ഹാജരാക്കലും വഴിയായി പ്രസ്തുത കമ്മ്യൂണിസ്റ്റു് സാമാജികൻ അംഗീകരണം നൽകുകയാണോ ചെയ്തതു്? താൻ അംഗീകരിക്കാത്ത രാഷ്ട്രീയാദർശം വച്ചുകൊണ്ടിരിക്കുന്ന ഒരു സ്ഥാനാത്ഥിയുടെ നോമിനേഷൻപേപ്പർ ഒപ്പിടാനും ഹാജരാക്കാനും ആ കമ്മ്യൂണിസ്റ്റു് സാമാജികൻ സന്നദ്ധനാകുമോ? ഏതായാലും ശ്രീമതി അക്കാമ്മയുടെ വിജയത്തിനുവേണ്ടി സകല സഹായങ്ങളും ചെയ്തുകൊടുക്കുവാൻ ഇടതുപക്ഷ പാർട്ടികൾ തീരുമാനിച്ചിരിക്കയാണെന്നു് പത്രറിപ്പോർട്ടുകളിൽ കാണുന്നു. "പ്രജാസോഷ്യലിസ്റ്റു പാർട്ടി പ്രവിശ്യാഎക്സിക്യൂട്ടീവിൻെറ ഒരു യോഗം ഒക്ടോബർ 21-ാംനു- ചെയർമൻെറ അദ്ധ്യക്ഷതയിൽ കൂടി. മീനച്ചിൽ ഉപതിരഞ്ഞെടുപ്പിൽ സ്വതന്ത്രസ്ഥാനാത്ഥിയായി നിന്നു് മത്സരിക്കുന്ന അക്കാമ്മചെറിയാനു് പാർട്ടിയുടെ സഹായം നൽകേണ്ടതാണെന്നു തീരുമാനിച്ചു" എന്ന പത്രറിപ്പോർട്ടു് ഇതിനൊരുദാഹരണമാണു്.

ശ്രീമതി അക്കാമ്മയുടെ നിലപാടിനെ വ്യക്തമാക്കുന്ന മറെറാരു സംഗതി അവരുടെ സ്ഥാനാത്ഥിത്വത്തിൽ അവരുടെ കുടുംബാംഗങ്ങൾക്കുള്ള പ്രതിഷേധമാണു്. ഒക്ടോബർ 28-ാംനു- യിലെ ദീപികയിൽനിന്നു ഒരു വാത്ത പകത്തിക്കൊള്ളട്ടെ. "ഇന്നു (ഒക്ടോ. 23) രാവിലെ ശ്രീമതി അക്കാമ്മചെറിയാനെ കൊരട്ടിയിലുള്ള തൻെറ വസതിയിൽവച്ചു കരിപ്പാപ്പറമ്പു കുടുംബത്തിലെ പ്രമുഖവ്യക്തികളായ മെ. കെ. ഡൊമിനിക്കു് തോമസ്സ് ബി. എ. ബി. എൽ; കെ. ററി. മൈക്കൾ ബി. എ. ബി. എൽ; കെ. എം. ജോസഫ്, കെ. എം. ഡൊമിനിക്കു് ബി. എ. എൽ. ററി; കെ. എം. ഡൊമിനിക്കു് ജോർജ്ജ് മുതൽപേർ സന്ദശിച്ചു. ശ്രീമതി അക്കാമ്മ ചെറിയാൻ മീനച്ചിൽ പാർലമെൻറുമണ്ഡലത്തിൽനിന്നു മത്സരിക്കുന്നതിൽ പ്രതിഷേധം രേഖപ്പെടുത്തുകയും ഒരു സ്വതന്ത്രസ്ഥാനാത്ഥിയായിനിന്നുകൊണ്ടു കുടുംബത്തിനും സമുദായത്തിനും രാഷ്ട്രത്തിനും മതത്തിനും വിരുദ്ധമെന്നു് അവരുടെ മനസ്സാക്ഷിതന്നെ നിശ്ചയമായും വിലക്കുന്ന കമ്മ്യൂണിസ്റ്റുകളുടെ പിണിയാളായി രാഗപ്രവേശം ചെയ്യുവാൻ നിർബന്ധിതയാവുകയോ സന്നദ്ധയാവുകയോ ചെയ്യുകാണുന്നതിൽ കുടുംബാംഗങ്ങൾക്കുള്ള അത്യധികമായ ഖേദം പ്രകടിപ്പിക്കുകയും തങ്ങളിൽനിന്നു യാതൊരുവിധമായ സഹായസഹകരണങ്ങളും അവർ പ്രതീക്ഷിക്കേണ്ടതില്ലെന്നും, പ്രത്യുത സർവ്വശക്തികളുമുപയോഗിച്ചു അവരെ എതിർക്കുകതന്നെ ചെയ്യുമെന്നും അറിയിച്ചിരിക്കുന്നു.

"അഞ്ഞൂറിൽപ്പരം അംഗങ്ങളുള്ള കരിപ്പാപ്പറമ്പു കുടുംബത്തിൽ അക്കാമ്മചെറിയാൻെറ സ്വന്തം സഹോദരങ്ങളും മററു ഒന്നോ രണ്ടോ വ്യക്തികളുംമാത്രമേ അവക്കനുഭാവികളായിട്ടുള്ളു എന്നുള്ളതു പ്രത്യേകം പ്രസ്താവ്യമാണു്."

മേലുദ്ധരിച്ച പ്രസ്താവങ്ങളുടേയും വാത്തകളുടേയും വെളിച്ചത്തിൽ, ശ്രീമതി അക്കാമ്മക്കു കൊടുക്കുന്ന ഓരോ വോട്ടും യഥാത്ഥത്തിൽ നാട്ടിൽ കമ്മ്യൂണിസത്തെ വളത്തുന്നതിനു കൊടുക്കുന്ന വോട്ടായി പരിഗണിക്കുന്നതിനേ നിവൃത്തിയുള്ളു. ശ്രീമതി അക്കാമ്മ ഒരു കത്തോലിക്കയാണോ അല്ലയോ എന്ന ചോദ്യത്തിനുതന്നെ പ്രസക്തിയില്ല. അവരുടെ മതവികാരങ്ങളെ വ്രണപ്പെടുത്തുവാൻ ഞങ്ങൾക്കുദ്ദേശവുമില്ല. ശ്രീമതി അക്കാമ്മ ജയിക്കാനിടവരികയാണെങ്കിൽ—അതിനിടവരുമെന്നു ഞങ്ങൾ വിചാരിക്കുന്നില്ല—അതു പരോക്ഷമായിട്ടെങ്കിലും കമ്മ്യൂണിസത്തിനു് ഒരു വിജയമായിരിക്കുമെന്ന സംഗതി എല്ലാ വോട്ടർമാരേയും, വിശിഷ്യ കത്തോലിക്കരെ, ധരിപ്പിക്കുകയാണു് ഞങ്ങൾ ചെയ്യുന്നതു്. അതു് ഈ വിപൽസന്ധിയിൽ ഞങ്ങളുടെ കടമയായും ഞങ്ങൾ പരിഗണിക്കുന്നു. ഇതു മതാത്മകവും സാമൂഹികവുമായ പ്രശ്നങ്ങളുമായി ഗാഢമായ ബന്ധമുള്ള ഒരു രാഷ്ട്രീയകാര്യമായതുകൊണ്ടാണു് അതെപ്പററി ഒരഭിപ്രായം രേഖപ്പെടുത്തുവാൻ ഞങ്ങൾ മുതിന്നതുതന്നെ.

## ശ്രീ മന്നത്തിൻെറ ആഹ്വാനം

ഇക്കഴിഞ്ഞ ഒക്ടോബർ 22-ാംനു- പാലായിൽവച്ചു കോൺഗ്രസ്സ് സ്ഥാനാത്ഥിയുടെ തിരഞ്ഞെടുപ്പു പ്രചരണം ഉൽഘാടനംചെയ്തുകൊണ്ടു് നായർസമുദായനേതാവു് ശ്രീ മന്നത്തു പത്മനാഭൻ ചെയ്ത പ്രസംഗം ശ്രദ്ധേയമായിരുന്നു. എഴുതി വായിച്ച ആ പ്രസംഗത്തിലെ ചിലഭാഗങ്ങളാണു് കീഴെ ചേക്കുന്നതു്. പല പേരിൽ അറിയപ്പെടുന്ന പല പാർട്ടികൾ ഉണ്ടെങ്കിലും അവയെ കോൺഗ്രസ്സെന്നും കമ്മ്യൂണിസ്റ്റെന്നും രണ്ടായി തരംതിരിച്ചാൽ മതിയെന്നും, കമ്മ്യൂണിസ്റ്റുകാർ ജനകീയഭരണത്തേയും വോട്ടിനേയും വിശ്വസിക്കാത്തവരാണെന്നും, അവർ ധമ്മബോധമോ ഈശ്വരവിശ്വാസമോ രാജ്യാഭിമാനമോ ഇല്ലാത്തവരാണെന്നും, കാര്യസാദ്ധ്യത്തിനുവേണ്ടി കളവും ചതിയും മാത്രമല്ല കൊള്ളയും കൊലയും നടത്താമെന്നുള്ള വിശ്വാസത്തിലാണു് അവരുടെ സംഘടന കെട്ടിപ്പടുത്തിരിക്കുന്നതെന്നുംമററും വിശദമാക്കിയശേഷം തൻെറ പ്രസംഗത്തിൻെറ അവസാനഭാഗത്തു് അദ്ദേഹം ഇങ്ങനെ പ്രസ്താവിച്ചു: "രാജ്യം കമ്മ്യൂണിസ്റ്റുകാക്കു് വിട്ടുകൊടുക്കണമോ കോൺഗ്രസ്സ് ഭരിക്കണമോ എന്നു തീരുമാനിക്കേണ്ട ഘട്ടത്തിൽ നാമെത്തിച്ചേന്നിരിക്കുന്നു. ഈ മൽസരത്തിൽ നാം തോററാൽ രാജ്യവും സന്തതിപരമ്പരകളും നശിക്കും. കമ്മ്യൂണിസ്റ്റുകളുടെയോ ഐമുവിൻെറയോ പി. എസ്സ്. പി. യുടെയോ ശേഷിയും സ്വാധീനവുംകൊണ്ടു് കോൺഗ്രസ്സും തോൽക്കാൻ പോകുന്നില്ല. കോൺഗ്രസ്സുകാരുടെ അനൈക്യവും അലസതയുംകൊണ്ടേ നാം തോൽക്കാൻപോകുന്നുള്ളു. അതു മാററാൻ പ്രത്യേകം ഒരു പ്രചരണം നടത്തേണ്ട ആവശ്യമില്ല. രാജ്യത്തിൻെറ ഈ ആപൽഘട്ടം തിരിച്ചറിഞ്ഞു് ഓരോരുത്തരും കത്തവ്യനിരതരായിത്തീർന്നുകൊണ്ടാൽ മതിയാകും. നിയോജകമണ്ഡലത്തിലെ വിസ്തൃതിയും അനവധിശതം പോളിംഗ് സ്റ്റേഷൻെറ കണക്കും ലക്ഷോപലക്ഷം വോട്ടറന്മാരുടെ പട്ടികയും എത്രയധികം സ്വാധീനമുള്ള ധീരനായ സ്ഥാനാത്ഥിയെപ്പോലും അമ്പരപ്പിക്കുന്ന വസ്തുതകളാണു്. എന്നാൽ ഈ വിഷമങ്ങളെല്ലാം എതിർസ്ഥാനാത്ഥി

ക്കുമുണ്ടെന്നുള്ളതോർത്തു് സമാധാനപ്പെടാവുന്നതേയുള്ളു.

"ശ്രീമതി അക്കാമ്മയ്ക്കു് കമ്മ്യൂണിസ്റ്റിന്റെ എത്രയധികം പിന്തുണ ലഭിച്ചാലും കോൺഗ്രസ്സിന്റെ വ്യാപ്തിയേറിയ സംഘടനയുടേയും സ്വാധീനത്തിന്റേയും മുമ്പിൽ അവയെല്ലാം നിഷ്പ്രഭങ്ങളാണു്. അവർ രാത്രികാലങ്ങളിൽ വീട്ടുതോറും കേറിനടന്നു് വോട്ടുപിടിക്കുന്നു. യോഗങ്ങളിൽ അനുഭാവസൂചകമായി ഇലക്ഷൻ ഫണ്ടിനുവേണ്ടി സംഭാവനചെയ്യുന്ന ബീഡിക്കെറികൾ ലേലംചെയ്യുമ്പോൾ 100 രൂപയ്ക്കും സാധാരണന്മാർ വിളികേൾക്കുന്നു എന്നുള്ള പ്രസംഗങ്ങളും പത്രപ്രസ്താവനകളും കണ്ടു് ആരും അമ്പരന്നുപോകരുതു്. അതെല്ലാം കമ്മ്യൂണിസ്റ്റു് പിത്തലാട്ടങ്ങളിലെ ചില പൊടിക്കൈകൾ മാത്രമാണു്.

"നമ്മുടെ പ്രചാരകന്മാർ യോഗങ്ങളും പ്രസംഗങ്ങളുംകൊണ്ടു് തൃപ്തിപ്പെടാതെ വോട്ടറന്മാരുടെ വീട്ടുതോറും ചെന്നു് കോൺഗ്രസ്സിനേയും ഭരണത്തേയും പററി ചുരുക്കം കാര്യങ്ങളെങ്കിലും ധരിപ്പിക്കാമോ? വോട്ടു നമുക്കുതന്നെ കിട്ടും. അതിനു ഓരോ പോളിംഗ്സ്റ്റേഷനേയും കേന്ദ്രമാക്കി യുവാക്കന്മാരായ പ്രവത്തകന്മാരെ അതതുനാട്ടുകാർ സംയോജിപ്പിക്കണം. ഇതെല്ലാം സ്ഥാനാത്ഥിയുടെ കാര്യമായി ആരും കരുതരുതു്....... ഇതു കൊട്ടുകാപ്പള്ളിയുടെ കാര്യമല്ല, നമ്മുടെ എല്ലാം കാര്യമാണു്. ശ്രീമതി അക്കാമ്മയുടെ വിജയമെന്നുപറഞ്ഞാൽ കമ്മ്യൂണിസ്റ്റു്വിജയമാണെന്നു ഓർമ്മിച്ചുകൊള്ളണം."

### ശ്രീ ശങ്കറിന്റെ ഉദ്ബോധനം

മേൽപ്പറഞ്ഞ തിരഞ്ഞെടുപ്പു പ്രചരണയോഗത്തിൽ പ്രസംഗിച്ച ഈഴവനേതാവും എസ്സ്. എൻ. ഡി. പി. സെക്രട്ടറിയുമായ ശ്രീ ശങ്കർ കമ്മ്യൂണിസത്തിന്റെ തനിസ്വഭാവം തൊലിയുരിഞ്ഞുകാണിച്ചശേഷം പ്രസ്താവിച്ചതു് ഇപ്രകാരമാണു്: "മീനച്ചിൽ പാർലമെന്റു ഉപതെരഞ്ഞെടുപ്പിൽ കോൺഗ്രസ്സു് സ്ഥാനാത്ഥിക്കെതിരായി ശ്രീമതി അക്കാമ്മ നില്ക്കുന്നു എന്നറിഞ്ഞപ്പോൾ എനിക്കു അത്ഭുതമുണ്ടായി. അവർ ഒരു കമ്മ്യൂണിസ്റ്റു് പിണിയാളായിത്തീന്നു എന്നറിഞ്ഞപ്പോൾ ഞാൻ അത്ഭുതപരതന്ത്രനായി. എനിക്കു് അക്കാമ്മയെ പരിചയമുണ്ടു്. വളരെക്കാലം കോൺഗ്രസ്സിനെ സേവിച്ച ഒരു വ്യക്തിയാണവർ. ഞങ്ങൾ കുറെക്കാലം കോൺഗ്രസ്സിലെ സഹപ്രവത്തകരായിരുന്നു. അവർ കമ്മ്യൂണിസ്റ്റു് ചേരിയിലേക്കു് മറിഞ്ഞതു് ശോചനീയം എന്നേ പറയേണ്ടു.

"മീനച്ചിൽ നിയോജകമണ്ഡലത്തിലെ ജനങ്ങൾ പ്രബുദ്ധരാണെന്നു എനിക്കറിയാം; ശ്രീ ജോർജ്ജു് തോമസ് കൊട്ടുകാപ്പള്ളി വമ്പിച്ച ഭൂരിപക്ഷത്തോടെ ജയിക്കുമെന്നും എനിക്കറിയാം. കോൺഗ്രസ്സിനെ ജയിപ്പിക്കുക എന്നതിനെക്കാൾ നമുക്കാവശ്യം കമ്മ്യൂണിസത്തെ തോല്പിക്കുക എന്നതാണു്. ഇനി മേലാൽ കമ്മ്യൂണിസ്റ്റുകൾ സ്ഥാനാത്ഥികളെ നിത്താൻ ധൈര്യപ്പെടാത്തവിധത്തിൽ കമ്മ്യൂണിസ്റ്റുകളെ പരാജയപ്പെടുത്തണം. ശ്രീ ജോർജ്ജു് തോമസ് കൊട്ടുകാപ്പള്ളിയെക്കാൾ നാടിന്റെ ഭാവിയെ ഉദ്ദേശിച്ചാണു് ഞാൻ ഇങ്ങനെ അഭ്യത്ഥിക്കുന്നതു്. ശ്രീമതി അക്കാമ്മയുടെ പരാജയം നാടിന്റേയും ജനാധിപത്യത്തിന്റേയും വിജയമാണെന്നു് നാം ഓക്കണം. ഇതു സാധിക്കാതെ ഈ രാജ്യത്തെ ഒരു പൌരനും അവന്റെ കത്തവ്യം നിവ്വഹിച്ചു എന്നു പറയാൻ നിവ്വത്തിയില്ല."

ശ്രീ സി. എം. സ്റ്റീഫൻ എന്ന മറെറാരു പ്രാസംഗികനും ശക്തിയുക്തമായ ഭാഷയിൽ ഏതാണ്ടിതേരൂപത്തിൽത്തന്നെ ജനങ്ങളെ ആഹ്വാനംചെയ്യുകയുണ്ടായി.

ഈ സാഹചര്യങ്ങളിൽ, നമ്മുടെ മാതൃഭൂമിയിൽ കമ്മ്യൂണിസം വളരാൻ ശ്രീമതി അക്കാമ്മ വക്കീ ഇഷ്ടപ്പെടുന്നില്ലെങ്കിൽ, സ്വന്തം പേരും സമുദായത്തിന്റെ അഭിമാനവും സംരക്ഷിച്ചുകൊണ്ടുപോകാനും അവർ നേരത്തെ ചെയ്തിട്ടുള്ളതായി പറയപ്പെടുന്ന സേവനത്തിന്റെ പ്രഭ മങ്ങാതിരിപ്പാനും ആഗ്രഹിക്കുന്നെങ്കിൽ, അവർചെയ്യേണ്ടതു് ത്യാഗസന്നദ്ധതയോടെ തിരഞ്ഞെടുപ്പിൽ മത്സരിക്കാതെ പിന്മാറുകയാണു്. എങ്ങനെയായാലും വോട്ടിങ്ങു് നടക്കാതെ നിവ്വത്തിയില്ലല്ലോ. വോട്ടിങ്ങിൽ കത്തോലിക്കരുടേയും മറെറല്ലാ രാജ്യസ്നേഹികളുടേയും കത്തവ്യം മേൽ പ്രസ്താവിച്ചതിൽനിന്നെല്ലാം സുവ്യക്തമാണു്. ഓരോ വോട്ടും കോൺഗ്രസ്സു് സ്ഥാനാത്ഥിക്കു നൽകുക. വോട്ടുചെയ്യാതെ നിഷ്പക്ഷതാമനോഭാവമവലംബിച്ചു വീട്ടിൽ കുത്തിയിരിക്കുന്നതും തെററായിരിക്കും.

## പ്രസാധകക്കുറിപ്പുകൾ

### ക്രിസ്തീയസഭയെ ദ്രോഹിക്കുന്നവർ ക്രിസ്തുരാജനെത്തന്നെ ദ്രോഹിക്കുന്നു

കഴിഞ്ഞമാസം അവസാനത്തെ ഞായറാഴ്ച ക്രിസ്തുരാജത്തിരുനാൾ കത്തോലിക്കാലോകം മുഴുവൻ കൊണ്ടാടി. വ്യക്തികളും കുടുംബങ്ങളും സ്ഥാപനങ്ങളും സമുദായങ്ങളും രാഷ്ട്രങ്ങളും തങ്ങളെ ക്രിസ്തുരാജനു് പ്രതിഷ്ഠിച്ചു. കേരളീയകത്തോലിക്കർ ഈ ആഘോഷങ്ങളും പ്രതിഷ്ഠകളും നടത്തുന്നതിൽ വളരെ താല്പര്യവും തീക്ഷ്ണതയും പ്രകടിപ്പിക്കുക പതിവാണു്. ആ തിരുനാൾ സംബന്ധിച്ചുള്ള കുർബാനയിൽ വായിക്കുന്ന വിശുദ്ധ പൌലോസ് ശ്ലീഹായുടെ കൊളസായക്കാക്കുള്ള ലേഖനത്തിലെ വാക്യങ്ങളിൽ (I, 12—20) ക്രിസ്തുരാജനോടു് ഓരോ മനുഷ്യനും ഉള്ള അഭേദ്യമായ ബന്ധം ഏററവും വ്യക്തമായി പ്രകാശിപ്പിച്ചിട്ടുണ്ടു്:-

ക്രിസ്തു ദൈവപുത്രനാണു്. ദൃശ്യങ്ങളും അദൃശ്യങ്ങളും സ്വർഗ്ഗീയങ്ങളും ഭൌമികങ്ങളുമായ സകല സൃഷ്ടവസ്തുക്കളും അങ്ങയിൽ അസ്തിത്വം സ്വീകരിച്ചിരിക്കുന്നു. അങ്ങുവഴിയായും അങ്ങയിലുമാണു് അവയെല്ലാം സൃഷ്ടിക്കപ്പെട്ടിരിക്കുന്നതു്. ഭൂമിയിലോ സ്വർഗ്ഗത്തിലോ ഉള്ള സകല വസ്തുക്കളേയും അങ്ങുവഴിയായി, കുരിശിൽ ചിന്തിയ അങ്ങയുടെ രക്തം വഴിയായി, വീണ്ടും നേടുവാനും താനുമായി സമാധാനപ്പെടുത്തുവാനും തന്നോടു് യോജിപ്പിക്കുവാനും ദൈവത്തിനു തിരുവുള്ളമുണ്ടായി. നമ്മുടെ പാപങ്ങളിൽനിന്നു് നമുക്കു വിമോചനം നൽകുന്ന പരിത്രാണം നാം കണ്ടെത്തുന്നതു് ദൈവപുത്രനായ അങ്ങയിലാണു്, അങ്ങയുടെ രക്തത്തിലാണു്.

ഓരോ മനുഷ്യനും, ഓരോ സൃഷ്ടിക്കും ക്രിസ്തുവുമായുള്ള സാരഭൂതവും അഭേദ്യവുമായ ബന്ധം ശ്ലീഹായുടെ ഈ വാക്കുകൾ സ്പഷ്ടമാക്കുന്നുണ്ടല്ലോ. എന്നാൽ നതിനുംപുറമെ ഓരോ കത്തോലിക്കനും ക്രിസ്തുവിനോടു് ഒരു പ്രത്യേകബന്ധമുണ്ടെന്നു് ശ്ലീഹായുടെ ഒരു വാക്യം പഠിപ്പിക്കുന്നു. "അവിടുന്നു് ശിരസ്സും, തിരുസ്സഭ അവിടുത്തെ ഉടലുമാകുന്നു." ഈ ബന്ധംനിമിത്തം ക്രിസ്തുവും ക്രിസ്ത്യാനിയും, ശിരസ്സും അവയവവുംപോലെ, ഒന്നായിരിക്കുന്നു. അവയവത്തോടു ചെയ്യുന്നതെന്തും തന്നോടുതന്നെ ചെയ്യുന്നതായി ശിരസ്സു് പരിഗണിക്കുമെന്ന ന്യായത്താൽ, ക്രിസ്തീയസഭയോടു് പൊതുവായോ അതിലെ അംഗങ്ങളോടു് പ്രത്യേകമായോ ചെയ്യുന്നതു് തന്നോടു ചെയ്യുന്നതായി ക്രിസ്തു പരിഗണിക്കും. ക്രിസ്തീയസഭയെ, ക്രിസ്ത്യാനികളെ, പീഡിപ്പിച്ചിരുന്ന ശാവോലിനോടു് "ശാവോലെ ശാവോലെ നീ എന്തിനു് എന്നെ പീഡിപ്പിക്കുന്നു" എന്നു ക്രിസ്തു അത്ഭുതകരമായ ഒരു ദശ്നം വഴിയായി പ്രത്യക്ഷപ്പെട്ടു് ചോദിച്ചപ്പോൾ അവിടുന്നു് ഈ തത്വമാണു് പഠിപ്പിച്ചതു്. ആ വാക്കുകൾ കേൾക്കുകയും ആ പാഠം പഠിക്കുകയും ചെയ്ത ശാവോൽ തൽക്ഷണം മാനസാന്തരപ്പെട്ടു് പൌലോസായിത്തീന്നു. തന്മൂലം ആ ശ്ലീഹാ തന്റെ ലേഖനങ്ങളിൽ ഉടനീളമെന്നോണം മൌതികശരീരതത്വം—ക്രിസ്തു ശിരസ്സും ക്രിസ്ത്യാനികൾ അവയവങ്ങളുമാണെന്ന തത്വം—പ്രഖ്യാപിച്ചിട്ടുണ്ടു്. ക്രിസ്തുരാജന്റെ തിരുനാളവസരം ഈ മഹാതത്വത്തേയും അതിന്റെ പ്രയോഗത്തേയും വിശ്വാസികളുടെ ശ്രദ്ധയ്ക്കു വിഷയീഭവിപ്പിക്കുവാൻ ഇംഗ്ലണ്ടിലേയും വെയിൽസിലേയും മെത്രാന്മാരുടെ സംഘം ഉപയോഗപ്പെടുത്തി. കമ്മ്യൂണിസ്റ്റു് ഗവമ്മെന്റുകളുടെ കീഴിൽ ക്രിസ്തീയസഭ പൊതുവിലും വൈദികരും അൽമേനികളുമായ അതിന്റെ അംഗങ്ങൾ പ്രത്യേകം പ്രത്യേകമായും അനുഭവിച്ചുകൊണ്ടിരിക്കുന്ന ഭയങ്കരങ്ങളായ പീഡനങ്ങളെ വിഷയീകരിച്ചു് ആ തിരുമേനിമാർ ഒരു സംയുക്ത പ്രസ്താവന പുറപ്പെടുവിച്ചു.

* * *

### ഇംഗ്ലീഷ് മെത്രാന്മാർ ആവശ്യപ്പെടുന്നു പീഡിതസഭയ്ക്കുവേണ്ടി പ്രാത്ഥിക്കുവാൻ

ഇംഗ്ലണ്ടിലേയും വെയിൽസിലേയും കത്തോലിക്കാ വൈദികാദ്ധ്യക്ഷന്മാർ വെസ്റ്റുമിനിസ്റ്ററിലുള്ള മെത്രാപ്പോലീത്തൻ മന്ദിരത്തിൽ സമ്മേളിച്ചു് പുറപ്പെടുവിച്ച ഒരു പ്രസ്താവനയിൽ, കമ്മ്യൂണിസ്റ്റു് ഗവമ്മെന്റുകളുടെകീഴിൽ പീഡനങ്ങളനുഭവിക്കുന്ന കത്തോലിക്കർക്കുവേണ്ടി ക്രിസ്തുരാജത്തിരുനാളിൽ പ്രാത്ഥിക്കണമെന്നും മതത്തിനെതിരായുള്ള ദൈവദ്രോഹപരമായ ആക്രമണങ്ങൾക്കു് പരിഹാരം ചെയ്യണമെന്നും ആവശ്യപ്പെട്ടിരുന്നു. അതിലെ ചില വാക്യങ്ങൾ ഉദ്ധരിക്കാം:-

കമ്മ്യൂണിസ്റ്റു് ഗവർമ്മെന്റുകൾ മതത്തിനെതിരായി ഭയങ്കരങ്ങളായ ആക്രമണങ്ങൾ നടത്തുകയാണെന്നുള്ളതിനു് വർദ്ധമാനമായ തെളിവുകളുണ്ടു്. പോളണ്ടിലെ കർദ്ദിനാൾ പ്രൈമററിനെ ഈയിടെ അറസ്റ്റുചെയ്തതിനെതിരായും, ആ നിർഭാഗ്യരാജ്യത്തു് മതസ്വാതന്ത്ര്യം ഹനിച്ചുകളയുന്നതിനെതിരായും, എന്നുവേണ്ട കിഴക്കെ യൂറോപ്പിൽ ആകമാനം തിരുസ്സഭയ്ക്കെതിരായി അഴിച്ചുവിട്ടിരിക്കുന്ന പൈശാചികമായ പീഡനങ്ങൾക്കെതിരായും ഏററവും ശക്തിയായി പ്രതിഷേധിക്കുവാൻ വെസ്റ്റുമിനിസ്റ്ററിൽ സമ്മേളിച്ചിരിക്കുന്ന ഇംഗ്ലണ്ടിലേയും വെയിൽസിലേയും വൈദികാദ്ധ്യക്ഷരായ ഞങ്ങൾ ആഗ്രഹിക്കുന്നു. ബാൾക്കൻ രാജ്യങ്ങളിലും യൂഗോസ്ലാവിയായിലും ചെഞ്ചൈനായിലും നടത്തപ്പെടുന്ന നിഷ്ഠുരമായ പീഡനങ്ങളേയും ഞങ്ങൾ പ്രതിഷേധിക്കുന്നു. ക്രിസ്തുമതത്തിനെതിരായി ഇത്ര വിപുലവും ദുഷ്ടവുമായ ആക്രമണം മുമ്പൊരിക്കലും ഉണ്ടായിട്ടില്ലതന്നെ. തങ്ങളധീനപ്പെടുത്തിയ രാജ്യങ്ങളിൽ മാർക്ക്സിസ്റ്റു വ്യവസ്ഥിതി അടിച്ചേൽപ്പിക്കുവാനുള്ള ശ്രമങ്ങളിൽ കമ്മ്യൂണിസ്റ്റു നേതാക്കന്മാർക്കു് ബോദ്ധ്യംവന്നിട്ടുണ്ടു്, അവയുടെ വിജയത്തിനു് ആവശ്യകമായ ഒരുപാധി ജനങ്ങളുടെ മതജീവിതം നിമ്മൂലമാക്കുകയാണെന്നു്. അതിനുവേണ്ടി സകല നീതിയും സത്യവും വലിച്ചെറിയപ്പെട്ടിരിക്കുന്നു. മെത്രാന്മാരേയും വൈദികരേയും തടവിലടയ്ക്കുകയോ വധിക്കുകയോ ചെയ്യുക, സന്യാസസ്ഥാപനങ്ങൾ പിരിച്ചുവിടുക, അവയുടെ സ്വത്തുക്കളും ഫണ്ടുകളും കണ്ടുകെട്ടുക, മതപരമായ പ്രസിദ്ധീകരണങ്ങളും അഭിപ്രായപ്രകാശത്തിനുള്ള മററു മാഗ്ഗങ്ങളും നിരോധിക്കുക, സെമ്മിനാരികളും സ്കൂളുകളും ഇതര വിദ്യാഭ്യാസസ്ഥാപനങ്ങളും അടച്ചുപൂട്ടുക, എന്നിവകൾ വഴിയായി കമ്മ്യൂണിസ്റ്റുകൾ തിരുസിംഹാസനത്തോടുള്ള കത്തോലിക്കരുടെ വിധേയത്വം വേർപെടുത്തുവാനും, രാഷ്ട്രത്തിനു് നിർബന്ധപൂവ്വം അവരെ അടിമപ്പെടുത്തിക്കൊണ്ടു് തീകച്ചും നിരീശ്വരപരമായ ഭൌതികജീവിതത്തിലേക്കുള്ള മാഗ്ഗം ഒരുക്കുവാനും ശ്രമിച്ചുകൊണ്ടിരിക്കുകയാണു്. ക്രിസ്തുവിന്റെ സഭയ്ക്കുവേണ്ടി ഇത്രവളരെ സഹിക്കുന്ന ആ രാജ്യങ്ങളിലെ ജനങ്ങളോടു് ഞങ്ങൾ സഹതാപം പ്രദശിപ്പിക്കുന്നു. അവരുടെ സഹനം വ്യത്ഥമാകുന്നില്ലെന്നു ഞങ്ങൾക്കറിയാം. ആക്രമണം എത്ര കൈപ്പേറിയതായാലും അവരുടെ വിശ്വാസം പ്രബലപ്പെടുമെന്നു് ഞങ്ങൾക്കു പരിപൂണ്ണവിശ്വാസമുണ്ടു്. ഞങ്ങളുടെ പ്രാത്ഥനകളിൽ അവരെ ഇടവിടാതെ ഞങ്ങൾ അനുസ്മരിക്കുകയും ചെയ്യുന്നു.

* * *

### 12 രാജ്യങ്ങളിലെ പീഡനങ്ങളുടെ കണക്കു്

വൈദികാദ്ധ്യക്ഷന്മാരുടെ പ്രസ്തുതപ്രസ്താവനയോടു് ചേത്തു് 12 രാജ്യങ്ങളിലെ പീഡനങ്ങളുടെ സംക്ഷിപ്തമായ ഒരു കണക്കും നൽകിയിട്ടുണ്ടു്.

അൽബേനിയ:- ഡെലഗാട്ട് അപ്പസ്തോലിക്കായെ നാടുകടത്തി, രണ്ടു മെത്രാന്മാരെ വധിച്ചു, രണ്ടു പേരെ തടവിലാക്കി. സന്യാസസഭാംഗങ്ങളായ പുരുഷന്മാർ മിക്കവരേയും വധിക്കുകയോ നാടുകടത്തുകയോ ചെയ്തു, ബാക്കിയുള്ളവർ ചിതറിപ്പോകുകയോ ഒളിവിൽ ഇരിക്കുകയോ ചെയ്യുന്നു. സന്യാസസഭാംഗങ്ങളായ സ്ത്രീകളിൽ 20 ശതമാനത്തെ നിർബന്ധവേലയ്ക്കു വിധിക്കുകയോ തടങ്കൽപ്പാളയത്തിൽ അടയ്ക്കുകയോ ചെയ്തിരിക്കുന്നു.

ബൾഗേറിയ:- ഒരു മെത്രാനെ മരണശിക്ഷയ്ക്കു വിധിച്ചു, രണ്ടുപേരെ അറസ്റ്റുചെയ്തു. സകല സന്യാസമന്ദിരങ്ങളും നിത്തലാക്കി.

ചൈന:- 250 ചൈനീസു് വൈദികരും സന്യാസികളും ജയിലിലാണു്. 100-ലധികം ചൈനീസു് വൈദികരേയും 28 സന്യാസികളേയും കൊലപ്പെടുത്തി. വിദേശമിഷനറിമാരുടെ സംഖ്യ 5,380 ആയിരുന്നതു് കഷ്ടി 400-ൽപ്പരമായി കുറഞ്ഞു. 1952 അവസാനത്തോടുകൂടി ചുരുങ്ങിയതു് 68 വിദേശമിഷനറിവൈദികർ കൊല്ലപ്പെടുകയോ ജയിലിൽക്കിടന്നു മരിക്കുകയോ ചെയ്തു.

ചെക്കോസ്ലോവാക്കിയ:- കർദ്ദിനാൾ പ്രൈമററിനേയും 4 മെത്രാന്മാരേയും കാരാഗൃഹത്തിലാക്കി, 2 മെത്രാന്മാരെ നാടുകടത്തി. സന്യാസമന്ദിരങ്ങൾ അധികവും നിത്തലാക്കി, സകല കത്തോലിക്കാ സ്കൂളുകളും അടച്ചുപൂട്ടി.

ഹങ്കറി:- ഒരു മെത്രാനേയും, 21 വൈദികരേയും സന്യാസികളേയും വധിച്ചു. കർദ്ദിനാൾ പ്രൈമററിനേയും 5 മെത്രാന്മാരേയും (അവരിൽ 2 പേർ ജയിലിൽ കിടന്നു മരിച്ചു) 70-ലധികം വൈദികരേയും സന്യാസികളേയും തടവിലിടുകയോ തടങ്കൽപ്പാളയങ്ങളിൽ അടയ്ക്കുകയോ ചെയ്തു. സന്യാസമന്ദിരങ്ങളിൽ 95 ശതമാനവും, സകല സ്കൂളുകളും നിത്തലാക്കി.

ലിത്തുവാനിയ:- ഒരു മെത്രാനെ മരണത്തിനു വിധിച്ചു, 7 പേരെ നാടുകടത്തി. 1940-ൽ ഉണ്ടായിരുന്ന 1482 വൈദികരിൽ ഏകദേശം 100പേർമാത്രം ശേഷിച്ചിരിക്കുന്നു. സകല സെമ്മിനാരികളും കന്യകാമഠങ്ങളും അടച്ചുപൂട്ടി.

ലാത്വിയായും എസ്റ്റോണിയായും:- മൂന്നു മെത്രാന്മാരെ നാടുകടത്തി, അവരിലൊരാൾ പക്ഷെ മരിച്ചിരിക്കണം. മിക്ക വൈദികരും നാടുകടത്തപ്പെട്ടു.

പോളണ്ടു്:- കർദ്ദിനാൾ പ്രൈമററിനേയും ഒരു മെത്രാനേയും ഈയിടെ അറസ്റ്റുചെയ്തെന്നു് റിപ്പോർട്ടുണ്ടു്, ഒരു മെത്രാൻ തടവിൽ കിടന്നു മരിച്ചു, 7 മെത്രാന്മാരെ കാരാഗൃഹത്തിലാക്കി. 2000-ത്തിൽപ്പരം വൈദികരെ തടവിലിടുകയോ നാടുകടത്തുകയോ ചെയ്തു. കുറഞ്ഞതു് 37 പേരെ കൊലപ്പെടുത്തിയതായറിയാം.

റുമേനിയ:- പേപ്പൽ നൺഷിയോയെ ബഹിഷ്കരിച്ചു, മെത്രാന്മാർ 12 പേരെയും തടവിലാക്കുകയോ നാടുകടത്തുകയോ ചെയ്തു. (അവരിൽ 3 പേർ തടവിൽക്കിടന്നു മരിച്ചു).750-വൈദികരിലധികം വധിക്കപ്പെട്ടു, 55 പേരെ തടവിലാക്കുകയോ നിർബന്ധവേലയ്ക്കു് അയക്കുകയോ ചെയ്തു.

ട്രാൻസ്കാർപ്പേത്തിയ (യുക്രെയിനിനോടു് കൂട്ടിച്ചേത്തതു്):- യൗനായ കത്തോലിക്കാസഭയെ (460,000 അംഗങ്ങൾ) നിശ്ശേഷം ഇല്ലാതാക്കി. മെത്രാനെ മരണത്തിനു വിധിച്ചു, 12 വൈദികരെ കൊലപ്പെടുത്തി, 111 പേരെ നാടുകടത്തി, 93 പേരെ നിർബന്ധവേലയ്ക്കു വിധിച്ചു; 50,000 ആളുകളെ നാടുകടത്തുകയോ തടങ്കലിൽ വയ്ക്കുകയോ ചെയ്തു.

യൂഗോസ്ലാവിയ:- കർദ്ദിനാൾ മെത്രാപ്പോലീത്തായെ തടങ്കലിൽ വച്ചിരിക്കുന്നു. രൂപതകളിൽ 3-ൽ 2 ഭാഗത്തിനും മെത്രാന്മാരില്ലാതായി. 348 വൈദികരെ കൊലപ്പെടുത്തി, 200പേർ കാരാഗൃഹത്തിലാണു്, 300 മതസ്ഥാപനങ്ങൾ അടച്ചുപൂട്ടി.

* * *

### കമ്മ്യൂണിസ്റ്റു് മതപീഡനം ഇന്നാട്ടുകാരേയും ബാധിച്ചേക്കാം

കമ്മ്യൂണിസ്റ്റു് ഗവമ്മെന്റുകളുടെ കീഴിൽ നടന്നുകൊണ്ടിരിക്കുന്ന ഏററവും ഭയങ്കരമായ മതപീഡനത്തിന്റെ ഈ ചുരുങ്ങിയ വിവരങ്ങൾ വായിക്കുന്നവർ രണ്ടുതരംപ്രത്യാഘാതത്തോടുകൂടിയവരാകാം. കമ്മ്യൂണിസ്റ്റുകാർ ഏററവും സമത്ഥവും വഞ്ചനാപരവുമായ പ്രചരണങ്ങളാലും പ്രവത്തനങ്ങളാലും ഇന്നാട്ടിലെ അധികാരം പിടിച്ചെടുക്കുവാൻ സവ്വയത്നങ്ങളും ചെയ്തു

കൊണ്ടിരിക്കുകയാണെന്നും അവ ഫലിച്ചാൽ ഇന്നിവിടെക്കാണുന്ന മതജീവിതം മുഴുവനും അപകടത്തിലാകുമെന്നും, തന്മൂലം കമ്മ്യൂണിസ്റ്റ്ശക്തി കെട്ടുത്തുവാനുള്ള സകലന്യായമായമാർഗ്ഗങ്ങളും സർവ്വശക്തിയുമുപയോഗിച്ച് വിനിയോഗിക്കേണ്ടതാണെന്നും വിചാരിക്കുകയും നിശ്ചയിക്കുകയും ചെയ്യുന്നവർ ഒരുകൂട്ടർ; ഇന്നാട്ട് മതവിശ്വാസത്തിലും മതാനുഷ്ഠാനത്തിലും വേരുറച്ചിരിക്കുന്നതിനാൽ കമ്മ്യൂണിസം വളരുവാനുള്ള മണ്ണ് ഇവിടെ ഇല്ലെന്നുള്ള ധാരണയാൽ കമ്മ്യൂണിസ്റ്റ് വിപത്തിനെ ശരിക്കു ഭയപ്പെടാതിരിക്കുകയും, അതിനെ തടുക്കുവാൻവേണ്ട പ്രതിവിധികൾ പ്രയോഗിക്കാതിരിക്കുകയും ചെയ്യുന്നവരാണ് വേറൊരുകൂട്ടർ. ഈ രണ്ടാമത്തെ കൂട്ടർ ദിവാസ്വപ്നത്തിലാണ് ജീവിക്കുന്നതെന്നുള്ളതിന്, ഏററവും ഉറച്ച കത്തോലിക്കാരാജ്യങ്ങളും പ്രദേശങ്ങളും കമ്മ്യൂണിസ്റ്റ് ഗവമെൻറുകളുടെ പിടിയിൽപ്പെട്ടവയിൽ ഉൾപ്പെട്ടുന്നുണ്ടെന്ന വസ്തുത അനിഷേദ്ധ്യമായ തെളിവാണ്. ഈ പ്രകൃതത്തിൽ 11-ാംപീയൂസ് മാർപ്പാപ്പാ മാർ ഈവാനിയോസുമായുള്ള സംഭാഷണത്തിനിടയിൽ അരുളിച്ചെയ്ത വാക്യങ്ങൾ ഏററവും ശ്രദ്ധാർഹങ്ങളാണ്. മാർ ഈവാനിയോസ് തിരുമേനി പരിശുദ്ധ പിതാവിനോട് സംഭാഷണത്തിനിടയിൽ പറയുകയുണ്ടായി, "ബോൾഷെവിസം നിരീശ്വരത്വം മുതലായവയെപ്പററി ഞങ്ങളധികം ഭയപ്പെടേണ്ട ആവശ്യമുണ്ടാകുമെന്നു കരുതേണ്ടതില്ല, ഇന്ത്യാക്കാർ അത്ര മതചൈതന്യം ഉള്ളവരാണ്" എന്ന്. അതിനു മറുപടിയായി പരിശുദ്ധപിതാവ് അരുളിച്ചെയ്ത വാക്കുകളാണ് ഞങ്ങളുദ്ധരിക്കാൻപോകുന്നത്. മാർ ഈവാനിയോസിൻെറ ഡയറിയിൽനിന്നെടുത്ത് റിപ്പോർട്ടുചെയ്തിട്ടുള്ള വാക്യങ്ങളാണവ.

* * *

11-ാംപീയൂസ് മാർപ്പാപ്പാ മാർ ഈവാനിയോസിനോടുപറഞ്ഞ വാക്കുകൾ

"ബോൾഷെവിസത്തിൽ നിന്നുള്ള അപകടം ഭയപ്പെടേണ്ടതില്ലെന്നു പറയുന്നതു വളരെ കരുതലോടെവേണം. അതിനു റഷ്യക്കാരെപ്പററി ശരിയായ ഒരു അവബോധം സമ്പാദിച്ചിരിക്കണം. അവർ എത്രമാത്രം മതബോധമുള്ളവരായിരുന്നു എന്ന് എനിക്കറിയാം. അവരുടെ പ്രാർത്ഥനയിലുള്ള തീക്ഷ്ണതയും വളരെ പ്രാവശ്യം എനിക്കു ദൃഢബോദ്ധ്യമായിട്ടുള്ളതാണ്. വളരെ മണിക്കൂർനേരം അവർ പ്രാർത്ഥനാനിരതരായിരിക്കുന്നതു ഞാൻ കണ്ടിട്ടുണ്ട്. പ്രാർത്ഥനയിൽ അവർക്കുള്ള അഭിനിവേശം എന്നെ ചിലപ്പോൾ അത്ഭുതപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ!! എന്നാൽ!! ആ റഷ്യയിൽ നിന്നാണല്ലോ ഈ ബോൾഷെവിസം, അതിൻെറ നിരീശ്വരത്വവും ദൈവത്തിനെതിരായുള്ള യുദ്ധവും അടങ്ങിയ പരിപാടികളോടുകൂടി ആവിർഭവിച്ചത്. അതിനാൽ ഇന്ത്യയിലായാലും നിങ്ങൾ വളരെ കരുതലുള്ളവരായിരിക്കണം.

"മതബോധമുള്ളവർപോലും കള്ളപ്രവാചകന്മാരാൽ വഞ്ചിക്കപ്പെടും. ഞാൻ മൂന്നുവർഷക്കാലം റഷ്യയിൽ കഴിച്ചുകൂട്ടിയിട്ടുണ്ട്. കരിങ്കടൽമുതൽ ബോൾട്ടിക്ക്‌വരെയുള്ള പ്രദേശങ്ങൾ എനിക്കു സുപരിചിതങ്ങളാണ്. ഞാൻ മുമ്പു പറഞ്ഞതുപോലെ "സ്ലാവ്"കാരുടെ പ്രാർത്ഥനയിലുള്ള തീക്ഷ്ണതയിൽ പലപ്പോഴും ഞാൻ അത്ഭുതപരതന്ത്രനായിട്ടുണ്ട്. അങ്ങനെയിരിക്കുന്ന റഷ്യയാണല്ലോ നമുക്കു ബോൾഷെവിസം സൃഷ്ടിച്ചുതന്നതു്."

പരിശുദ്ധപിതാവിൻെറ ഈ വാക്കുകൾ എത്ര അർത്ഥഗർഭങ്ങളാണെന്ന് കമ്മ്യൂണിസ്റ്റ്പാർട്ടിക്ക് ഇന്ന് ഇന്ത്യയിൽ പൊതുവിലും തിരു-കൊച്ചിയിൽ പ്രത്യേകിച്ചും കൈവന്നിട്ടുള്ള സ്വാധീനവും പ്രാബല്യവും തെളിയിക്കുന്നില്ലയോ?

* * *

കമ്മ്യൂണിസ്റ്റ്ശക്തി കുറയ്ക്കാൻ തിരഞ്ഞെടുപ്പുപയോഗിക്കണം

കമ്മ്യൂണിസ്റ്റു പാർട്ടി തങ്ങളുടെ ശക്തി വർദ്ധിപ്പിക്കുവാൻ തിരഞ്ഞെടുപ്പിൽ പല തന്ത്രങ്ങളും ഉപയോഗിക്കാറുണ്ട്. ഒന്ന്, വിജയസാദ്ധ്യതയുള്ള നിയോജകമണ്ഡലങ്ങളിൽ സ്വന്തം സ്ഥാനാർത്ഥികളെ നിർത്തുകയാണ്. മററൊന്ന്, വിജയസാദ്ധ്യതയില്ലാത്ത നിയോജകമണ്ഡലങ്ങളിൽ കോൺഗ്രസ്സിനെതിരായി നില്ക്കുന്ന സ്ഥാനാർത്ഥികളെ, മററു പാർട്ടിയംഗങ്ങളായാലും സ്വതന്ത്രരായാലും, സഹായിക്കുകയാണ്. അടുത്തുവരുന്ന മീനച്ചിൽ ഉപതിരഞ്ഞെടുപ്പിൽ ഈ രണ്ടാമത്തെ അടവാണ് കമ്മ്യൂണിസ്റ്റ്പാർട്ടി സ്വീകരിച്ചിരിക്കുന്നതു്. അവിടത്തെ സ്വതന്ത്രസ്ഥാനാർത്ഥിക്കുവേണ്ടി ആ നിയോജകമണ്ഡലം മുഴുവനും സഞ്ചരിച്ച് അവർ പ്രചരണം നടത്തും. ആ പ്രചരണത്തിൽ അവരുടെ പ്രധാനലക്ഷ്യം ആ പാർട്ടിയുമായുള്ള സമ്പർക്കവും പരിചയവും വേഴ്ചയും ആ പ്രദേശങ്ങളിൽ വർദ്ധിപ്പിക്കുകയും അങ്ങനെ പരോക്ഷമായി അവർക്ക് അവിടങ്ങളിൽ സ്ഥാനമുണ്ടാക്കുകയുമായിരിക്കും. മീനച്ചിൽ നിയോജകമണ്ഡലം മൊത്തത്തിൽ കത്തോലിക്കർ അധിവസിക്കുന്നതാകയാൽ അവരുടെ ഇടയിലാണ് ഈ വിപത്തുണ്ടാകുവാൻ പോകുന്നതു്. അതു തടുക്കുവാൻ കത്തോലിക്കർ ഒത്തൊരുമിച്ചു പ്രവർത്തിക്കുകയും തങ്ങളുടെ പ്രചരണപരിപാടി ഊർജ്ജിതപ്പെടുത്തുകയും ചെയ്യേണ്ടിയിരിക്കുന്നു.

സത്യദീപം വരിസംഖ്യ

| | പ്രതിവർഷം |
|---|---|
| ഇൻഡ്യയിൽ | ക. 6— 8—0 |
| ഇൻഡ്യക്കുപുറമെ | " 8—12—0 |

## അടുത്തയാഴ്ചയിൽ

നവംബർ

8 ഞാ: പന്തക്കുസ്താ 24-ാം ഞായർ

9 തി: തിയോഡോർ

10 ചൊ: അന്ത്രയോസ് അവെല്ലിനോസ്

11 ബു: മർത്തീനോസ്

12 വ്യാ: മർത്തീനോസ് പാപ്പാ

13 വെ: സ്തനിസ്ലാവോസ് കോസ്തു

14 ശ: ലൂക്കാ

## സെറാഫിക്ക് റിപ്പോർട്ടർ

ഫ്രാൻസിസ്കൻ മൂന്നാംസഭയുടേയും സത്യാരാധനസഖ്യത്തിൻേറയും ഔദ്യോഗികജിഹ്വയായി പൈക (പൂവരണി P. O.) യിൽനിന്നും പ്രസിദ്ധപ്പെടുത്തിത്തുടങ്ങിയിരിക്കുന്ന "സെറാഫിക് റിപ്പോർട്ടർ" എന്ന മാസികയുടെ പ്രഥമലക്കം കൃതജ്ഞതാപൂർവ്വം കൈപ്പററിയിരിക്കുന്നു. ശ്രീ കെ. എം. ജോർജ്ജ് ബി. എ., ബി. എൽ, ശ്രീ മാത്തച്ചൻ എം. കുരുവിനാക്കുന്നേൽ എന്നിവർ യഥാക്രമം മാസികയുടെ പത്രാധിപരും പ്രസാധകനുമാണ്. പുതിയ സഹജീവിക്കു സകല വിജയവുമാശംസിക്കുന്നു.

## തിരുക്കൊച്ചിവാർത്തകൾ

കട്ജു തിരുക്കൊച്ചിയിൽ

നവമ്പർ 1-ാംനു- എറണാകുളത്തെത്തിയ കേന്ദ്രആഭ്യന്തരമന്ത്രി ഡോ. കൈലാസ്സ് നാഥ് കട്ജു 2-ാംനു- കോട്ടയം, പാലാ എന്നിവിടങ്ങളിലും 3-ം 4-ം തിയതികളിൽ തിരുവനന്തപുരം ഡിസ്ട്രിക്ടിലും 5-ാംനു- കൊല്ലത്തും പര്യടനം നടത്തുന്നതാണെന്നറിയുന്നു.

സ്ഥാനാർത്ഥിനിർണ്ണയം

അടുത്ത പൊതുതിരഞ്ഞെടുപ്പിൽ കോൺഗ്രസ്സ് സ്ഥാനാർത്ഥിത്വത്തിനു് ആളുകളെ ക്ഷണിക്കേണ്ടതില്ലെന്നും അതിനുപകരം കോൺഗ്രസ്സ് മണ്ഡലം കമ്മിററികളും ഡിസ്ട്രിക്ററു കമ്മിററികളും ശുപാർശചെയ്യുന്നവരെ കോൺഗ്രസ്സ് സ്ഥാനാർത്ഥികളായി അംഗീകരിച്ചാൽ മതിയെന്നും, കേന്ദ്രത്തിൽനിന്നും ലഭിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ മുട്ടത്തുവച്ചു കൂടിയ ഇലക്ഷൻകമ്മിററി തീരുമാനിച്ചിരിക്കുന്നു.

തിരുക്കൊച്ചിയിലെ പ്രധാന സമുദായങ്ങൾ

തിരുക്കൊച്ചിയിലെ പ്രധാന സമുദായങ്ങളുടെ സംഖ്യാബലം 1951-ലെ സെൻസസനുസരിച്ച് താഴെകാണുംപ്രകാരമാണെന്ന് ഒരു ലേഖനത്തിൽ കാണുന്നു.

| | |
|---|---|
| കത്തോലിക്കർ | 1704158 |
| യാക്കോബായക്കാർ | 547332 |
| മാർത്തോമ്മാക്കാർ | 214952 |
| മററുക്രൈസ്തവർ | 501588 |
| മുസ്ലീമങ്ങൾ | 694227 |
| ഈഴവർ | 1688682 |
| നായന്മാർ | 1511724 |
| പട്ടികജാതി | 896719 |
| മററുഹിന്ദുക്കൾ | 1505561 |

## ഇൻഡ്യാ വാർത്തകൾ

ആസ്ത്രേലിയായുടെ സംഭാവന

ധനഭദ്രാപദ്ധതിക്കുവേണ്ടി കൊളംബോ പ്ലാനനുസരിച്ച് ആസ്ത്രേലിയ 5 ലക്ഷം പവൻെറ എൻജിനുകളും ഉപകരണങ്ങളും ഇൻഡ്യക്കു നൽകുവാൻ തീരുമാനിച്ചിരിക്കുന്നു.

മുൻ നാട്ടുവാഴികൾ

പ്രിവിപേഴ്സിൽനിന്നുള്ളതല്ലാത്ത ആദായങ്ങൾക്കു് മുൻനാട്ടുവാഴികൾ നികുതിനൽകണമെന്നു് ഇൻഡ്യാഗവമെൻറു തീരുമാനിച്ചിരിക്കുന്നു.

വലിയ ഭൂവുടമകൾ

ഇൻഡ്യാഗവമെൻറിൻെറ ഭക്ഷ്യ, കൃഷി മിനിസ്ട്രി നടത്തിയ സർവ്വേ അനുസരിച്ച് 100 ഏക്കറിൽ കൂടുതൽ ഭൂസ്വത്തുള്ളവരായി ഇൻഡ്യയിൽ ഒന്നരലക്ഷം പേരുണ്ടെന്നു് കണക്കാക്കപ്പെട്ടിരിക്കുന്നു. ഇത്തരം ഭൂവുടമകൾ ഏററവും കൂടുതലുള്ളതു് ഹൈദ്രബാദിലാണത്രെ (5721 പേർ). മദ്രാസ്-ആന്ധ്രാ സ്റ്റേററുകളിൽ 11248 പേരും തിരുക്കൊച്ചിയിൽ 1135 പേരുമാണുള്ളതു്. കാഷ്മീറിൽ ഇപ്പോൾ 100 ഏക്കറിൽ കൂടുതൽഭൂമിയുള്ളവരാരുമില്ല.

ഡോക്ടർ സോമർവെൽ

ഇൻഡ്യയിലെ മിഷൻ ആസ്പത്രികളിൽ 30 കൊല്ലം പ്രശസ്തസേവനമനുഷ്ഠിച്ചശേഷം ഡോക്ടർ സോമർവെൽ ഇംഗ്ലണ്ടിലേക്കു തിരിച്ചുപോയിരിക്കുന്നു.

## വിദേശവാർത്തകൾ

പോളൻറിലെ മതമർദ്ദനം

പോളൻറിലെ കർദ്ദിനാൾ വിഷിൻസ്കിതിരുമേനിയെ തടങ്കലിൽ വയ്ക്കുന്നതിൽ പങ്കുവഹിച്ചവരെയെല്ലാം മാർപ്പാപ്പാതിരുമേനി സഭാഭ്രഷ്ടരാക്കിയിരിക്കുന്നു.

കർദ്ദിനാൾ തിരുമേനിയുടെ സഹായമെത്രാൻ ബാറനിയാക്കു തിരുമേനിയേയും പോളിഷ് ഗവമെൻറ് അറസ്റ്റുചെയ്തിട്ടുണ്ട്. പ്രസ്തുത ഗവമെൻറ് കാരാഗൃഹത്തിലടച്ച 7--ാമത്തെ മെത്രാനാണ് തിരുമേനി. വൈദികരും അത്മേനികളും ഉൾപ്പെടെ ഉദ്ദേശം 2500പേർ തടങ്കൽപ്പാളയങ്ങളിൽ അടയ്ക്കപ്പെട്ടിരിക്കുന്നു. അതിനായി പുതിയ രണ്ടു തടങ്കൽ കേന്ദ്രങ്ങൾ നിർമ്മിച്ചിട്ടുണ്ട്.



പോളൻറിലെ കമ്മ്യൂ. ഗവമെൻറിൻെറമർദ്ദനത്തിന് വിധേയനായിരിക്കുന്ന കർദ്ദിനാൾ വിഷിൻസ്കി.

ഫ്രാൻസിലെ 200 പാർലമെൻറ് സാമാജികന്മാർ, പോളൻറിലെ മതമർദ്ദനത്തെ ശക്തിയായ ഭാഷയിൽ പ്രതിഷേധിച്ചുകൊണ്ട് പാരീസിലെ പോളിഷ് പ്രതിനിധിക്കു് ഒരു കത്തയച്ചിരിക്കുന്നു. അതിൽ പറഞ്ഞിരിക്കുന്നതു് ഇപ്രകാരമാണ്: "ഒരു പരിഷ്കൃതരാജ്യത്തിനു യോജിക്കാത്ത മാർഗ്ഗങ്ങൾ ഉപയോഗിച്ചതിനെ ഞങ്ങൾ ശക്തിയായി പ്രതിഷേധിക്കുന്നു. എല്ലാ ജനാധിപത്യരാജ്യങ്ങളും താല്പര്യപൂർവ്വം സംരക്ഷിക്കുവാൻ ആഗ്രഹിക്കുന്ന ചിന്താസ്വാതന്ത്ര്യത്തെ ഹനിക്കുന്ന ഈ തടങ്കലിൽവയ്ക്കലിനെ അവസാനിപ്പിക്കുവാൻ ഞങ്ങൾ പോളിഷ്ഗവമെൻറിനോടു് ആവശ്യപ്പെടുന്നു."

ന്യായമായ പരിധിയിൽപ്പെട്ടതായി പോളൻറിലുള്ള സകലതിനും കർദ്ദിനാൾ അനുകൂലിയായിരുന്നെന്നും കത്തിൽ ചൂണ്ടിക്കാണിക്കപ്പെട്ടിരിക്കുന്നു.

ബ്രിട്ടീഷ് ഗയാനായിൽ

ബ്രിട്ടൻെറ തെക്കെ അമേരിക്കയിലെ ഒരു കോളനിയായ ബ്രിട്ടീഷ് ഗയാനായിലെ ഗവർണർ അവിടത്തെ ഭരണഘടന സസ്പെൻറു ചെയ്യുകയും മന്ത്രിസഭയെ പിരിച്ചുവിടുകയും ചെയ്തിരിക്കുന്നു. പ്രായപൂർത്തി വോട്ടവകാശത്തെ അടിസ്ഥാനമാക്കിയുള്ള ഒരു നിയമസഭയും ജനകീയമന്ത്രിസഭയും അനുവദിച്ചുകൊണ്ടുള്ള ഒരു ഭരണഘടന അവിടെ നടപ്പിലാക്കിയിട്ടു് നാലുമാസമേ ആയിട്ടുള്ളൂ. ആദ്യത്തെ പൊതുതിരഞ്ഞെടുപ്പിൽ പീപ്പിൾസ് പ്രോഗ്രസീവ് പാർട്ടിക്കു് ഭൂരിപക്ഷം ലഭിക്കുകയും പ്രസ്തുത പാർട്ടിയുടെ നേതാവായ ഡോക്ടർ ചെട്ടിജഗാൻ മന്ത്രിസഭ രൂപീകരിക്കുകയും ചെയ്തു. ഇവരുടെ ഭരണത്തിൻകീഴിൽ ബ്രിട്ടീഷ് ഗയാനായുടെ സാമ്പത്തികവും ആഭ്യന്തരവുമായ ഭദ്രത അപകടത്തിലായിരിക്കയാണെന്നും കമ്മ്യൂണിസ്റ്റ് അട്ടിമറിപ്രവർത്തനങ്ങൾ അവിടെ വർദ്ധമാനമായി വരികയാണെന്നുമാണ് അവിടത്തെ ഭരണഘടനയെ സസ്പെൻറുചെയ്യുന്നതിനും മന്ത്രിസഭയെ ഡിസ്മിസ് ചെയ്യുന്നതിനുമുള്ള കാരണമായി പറയപ്പെടുന്നതു്.

ട്രിയെസ്റ്റ്കാര്യം

യുഗോസ്ലാവ്യക്കും ഇററലിക്കും മദ്ധ്യേ വെനീസ് ഉൾക്കടലിൻെറ കരയിൽ കിടക്കുന്ന ട്രിയെസ്റ്റ് എന്ന സ്വതന്ത്രസംസ്ഥാനത്തെ രണ്ടായി വിഭജിച്ച് ഇപ്പോൾ ആംഗ്ലോ-അമേരിക്കർ കൈവശം വച്ചുകൊണ്ടിരിക്കുന്ന എ മേഖല ഇററലിക്കും യുഗോസ്ലാവ്യർ കൈവശം വച്ചുകൊണ്ടിരിക്കുന്ന ബിമേഖല യുഗോസ്ലാവ്യക്കും നൽകിക്കൊണ്ടുള്ള ആംഗ്ലോ-അമേരിക്കരുടെ തീരുമാനത്തെ യുഗോസ്ലാവ്യ പ്രതിഷേധിച്ചിരിക്കുന്നു. ഇതേതുടർന്ന് ഇരുശക്തികളും അവരുടെ സൈന്യങ്ങളെ ട്രിയെസ്റ്റിലേക്കയച്ചുകൊണ്ടിരിക്കയാണ്. ട്രിയെസ്റ്റിനെ രണ്ടു സ്വയംഭരണമേഖലകളാക്കണമെന്നാണ് യുഗോസ്ലാവ്യയുടെ വാദം. ട്രിയെസ്റ്റുപ്രശ്നം ചർച്ചചെയ്യുവാൻ സെക്യൂരിററി കൗൺസിലിൻെറ ഒരു യോഗം ഉടൻ വിളിച്ചുകൂട്ടണമെന്നു് ഐക്യരാഷ്ട്ര സമിതിയിലെ റഷ്യൻ പ്രതിനിധി മി. വിഷിൻസ്കി ഔദ്യോഗികമായി ആവശ്യപ്പെട്ടിരിക്കുന്നു.

ലാവോസ് സ്വതന്ത്രമായി

ഇൻഡോചൈനയിലെ ഫ്രഞ്ചുയൂണിയനിൽപ്പെട്ട ലാവോസ് സ്റ്റേററിനു് ഫ്രാൻസ് സ്വാതന്ത്ര്യമനുവദിച്ചിരിക്കുന്നു. ഫ്രഞ്ചുയൂണിയനിൽപ്പെട്ട മററു സ്റ്റേററുകൾക്കും സ്വാതന്ത്ര്യമനുവദിക്കുന്നതു സംബന്ധിച്ചു കൂടിയാലോചനകൾ തുടർന്നുവരുന്നു.

## വിനോദവീഥി

ജോൺ: അമ്മേ! അപ്പൻെറ തലയിലെന്താ തലമുടിയില്ലാത്തതു്?

അമ്മ: അപ്പനു വളരെയധികം ബുദ്ധിയുള്ളതുകൊണ്ടു്. കഷണ്ടിത്തല ബുദ്ധിയുടെ അടയാളമാണ്.

ജോൺ: എന്നാൽ അമ്മേ, അമ്മയുടെ തലയിലെന്താ ഇത്രയധികം മുടിയുള്ളതു്?

* * *

യജമാനൻെറ തല തൂണിന്മേൽ മുട്ടിയപ്പോൾ വേലക്കാരൻ ചിരിച്ചു.

"എടാ നിഷേധി, നീ എന്താ ചിരിക്കുന്നതു്?"

"ഏമാനൻെറ തലയ്ക്കൊന്നും പററിയില്ലല്ലോ എന്നോർത്തു സന്തോഷിച്ചതാണു്."

* * *

ഡോക്ടർ: "നിങ്ങൾക്കൊരു സുഖക്കേടുമില്ല. അല്പം ആശ്വസിച്ചാൽ നന്നായിരിക്കും."

സ്ത്രീ: "എൻെറ ഡോക്ടറേ, അങ്ങനെ പറയല്ലേ. എനിക്കുതീരെ വയ്യ. എന്തോ സുഖക്കേടുണ്ടു്. എൻെറ നാക്കൊന്നു നോക്കുക."

ഡോക്ടർ: "നാക്കിനും ആശ്വാസം ആവശ്യമാണ്."

ചെറുകഥ

# "മുദ്രവച്ച കത്തു്"

(മണിമല)

പകലന്തിയോളം പണിയെടുക്കുന്നതു ഒരു പ്രയാസമല്ല; പക്ഷെ എങ്ങോട്ടെങ്കിലും പോകാൻവേണ്ടി ബസ്സു കാത്തിരിക്കേണ്ടിവരുന്നതാണു് ബുദ്ധിമുട്ടു്. അകലെയെന്താനും ഒരു വണ്ടിയുടെ ഒച്ചകേട്ടാൽ ആവേശപൂർവ്വം എഴുന്നേററു നോക്കുക, പിന്നെയും നൈരാശ്യത്തോടെ ആ പഴയബെഞ്ചിൽ ഇരിക്കുക, അങ്ങനെ ഞാൻ മിനിട്ടുകളല്ല, മണിക്കൂറുകൾതന്നെ അവിടെ കഴിച്ചുകൂട്ടി. ഉല്ലംഘ്യയിലൂടെ പിറകോട്ടു നടക്കുന്ന നീണ്ട മണിക്കൂറുകൾ!



ആ നാട്ടുപുറത്തു ഞാൻ എഴുവർഷങ്ങൾക്കുമുമ്പു് ചെന്നിട്ടുണ്ടു്. പക്ഷെ അന്നും ഇന്നും തമ്മിൽ അവിടെ എന്തൊരന്തരം! മുൻവശത്തു തട്ടികവച്ചു ഒരു ചായക്കടയായിരുന്നു അന്നു് അവിടെയുണ്ടായിരുന്ന ഏക പൊതുസ്ഥാപനം. ഇന്നോ? റേഷൻകട, ജവുളിക്കട, പോസ്റ്റാഫീസു്, കള്ളുഷാപ്പു് ഇങ്ങനെ പോകുന്നു സ്ഥാപനങ്ങളുടെ ലിസ്റ്റു്. ഓ, ഒന്നു വിട്ടുപോയി. എടുത്തുപറയേണ്ടതാണു് ആ ബസ്സ് സ്റ്റാൻഡു്.

രണ്ടു പഴയ ബെഞ്ചുകളാണു് അവിടെ യാത്രക്കാർക്കുള്ള ഏററവും മികച്ച സജ്ജീകരണങ്ങൾ. ഒന്നു് ഓററക്കാലനുമാണു്; മററവശം അടുത്തുള്ള ഒരു കയ്യാലയിൽ ഉയർത്തിവച്ചു ശരിപ്പെടുത്തിയിരിക്കുന്നു.

ഞങ്ങൾ രണ്ടു യാത്രക്കാർ അവിടെ "സത്യഗ്രഹം" തുടങ്ങിയിട്ടു സമയം കുറെയായി. ഓററക്കാലൻ ബെഞ്ചിലാണു് എൻെറ ഇരിപ്പു്. എതിർവശത്തു് ഒരു പെൺകുട്ടിയും. അവൾ ഒരു കോളേജുകുമാരിയാണെന്നു തോന്നുന്നു. വേഷഭൂഷാദികളൊക്കെ മെച്ചമാണു്. കടുംനിറത്തിൽ അതിലോലമായ സാരിയാണുടുത്തിരിക്കുന്നതു്. കഴുത്തിലുംകൈയിലുമൊക്കെ നവവധുവിൻെറ "സൂചന"കളുണ്ടു്. രണ്ടു മൂന്നു പുസ്തകവും ഒരു ഹാൻഡുബാഗും മറിക്കാചൻ കുടയുമാണു് അവളുടെ സാമഗ്രികൾ.

ദീർഘസമയം അവിടെയിരുന്നെങ്കിലും ഞങ്ങൾ പരസ്പരം ഒന്നും സംസാരിച്ചില്ല. രണ്ടു് അപരിചിതർ, പുരുഷനും സ്ത്രീയും, ഇരുവരും ചെറുപ്പക്കാർ; എന്തു സംസാരിക്കാനാണു്? എന്തിനു സംസാരിക്കാനാണു്? ചെറുപ്പക്കാർ കുറെയൊക്കെ "ലോഹ്യം" കാച്ചുവയ്ക്കുന്നതാണു് നല്ലതു്, എന്നു് ഒരു വന്ദ്യവൈദികൻ പറഞ്ഞിട്ടുള്ളതു ഞാൻ ഓർത്തു.

ദൂരെനിന്നു് ഒരു ഹോൺ കേട്ടു ഞങ്ങൾ ഇരുവരും ബസ്സിൽ കയറാൻ തയ്യാറായിനിന്നു. പക്ഷെ അതു തടികയററിക്കൊണ്ടുപോകുന്ന ഒരു ലോറിയായിരുന്നു. താങ്ങാവുന്നതിലേറെ ഭാരംകയററി, തേങ്ങിക്കരഞ്ഞു കടന്നുപോയ ആ വാഹനത്തെ മനസാ ശപിച്ചുകൊണ്ടു ഞാൻ കുറേനേരമങ്ങു നിന്നുപോയി. ആ "അറിയാത്ത" കൂട്ടുകാരി പിന്നെയും പഴയസ്ഥാനത്തുതന്നെ ഇരിപ്പുറപ്പിച്ചു.

"നേരും നെറിവുമില്ലാത്ത വണ്ടിക്കാർ." അവൾ ആരോടെന്നില്ലാതെ പറഞ്ഞു. അല്പംകഴിഞ്ഞു് എനിക്കു പരിചയമുള്ള ഒരു വൈദികൻ അങ്ങോട്ടു കടന്നുവന്നു. ഞാൻ ഉപചാരപൂർവ്വം എഴുന്നേററു് അദ്ദേഹത്തെ നമസ്കരിച്ചു. ഉടൻതന്നെ ആ "അജ്ഞാതസുഹൃത്തു്" എങ്ങോട്ടോ പോവുകയുംചെയ്തു.

ഞങ്ങൾ പത്തുമിനിട്ടോളം അവിടെയിരുന്നു സംസാരിച്ചു. അദ്ദേഹത്തിനു പോകേണ്ട വണ്ടിവന്നു. അദ്ദേഹം യാത്രപറഞ്ഞു പിരിഞ്ഞു.

അന്നത്തെ ദൌർഭാഗ്യത്തെ ശപിച്ചുകൊണ്ടു ഞാൻ പിന്നെയും നിമിഷങ്ങൾ എണ്ണുകയാണു്. അതാ കൂട്ടുകാരി പിന്നെയും അങ്ങോട്ടു കടന്നുവരുന്നു.

"ആ അച്ചനെ പരിചയമുണ്ടോ?" ഒരു പരിചയപ്പെടലിനുള്ള താല്പര്യത്തോടെ അവൾ ചോദിച്ചു.

"ഉണ്ടു്."

"ഞങ്ങളുടെ വികാരിയാണു്."

"കൊള്ളാം. എന്നിട്ടാണൊ നിങ്ങൾ ഒരു സ്തുതിചൊല്ലുകയെങ്കിലും ചെയ്യാതിരുന്നതു്?"

"സാർ എന്നെ അങ്ങനെ വിളിക്കരുതു്." ലജ്ജാഭാരത്തോടെ അവൾ പ്രതിവചിച്ചു.

"എങ്ങനെ?' ഞാൻ ചോദിച്ചു.

"നിങ്ങൾ എന്നു്."

"നീ എന്നുള്ള സംബോധന മാന്യതയ്ക്കു ചേർന്നതല്ലല്ലോ."

"എന്നാലും വേണ്ടില്ല, പക്ഷെ, എനിക്കു പേരുണ്ടല്ലോ" സ്ത്രീസഹജമായ സങ്കോചം ഒട്ടൊതുക്കി തെല്ലൊരഭിമാനത്തോടെയാണവളുടെ സംസാരം.

"അതു ശരി, പക്ഷെ ഞാൻ അതറിയണമെന്നില്ലല്ലോ."

"സാറിനെ ഞാനറിയും."

"എങ്ങനെ?" ജിജ്ഞാസയിൽ കോർത്തെടുത്ത നീണ്ട ചോദ്യം.

"പത്രങ്ങളിൽ ബ്ലോക്കു കണ്ടിട്ടുണ്ടു്." അവൾ അനുക്ഷണം മറുപടി പറഞ്ഞു. എനിക്കുണ്ടുതാംതോന്നി. ബസ്സ്സ്റ്റാൻഡിലെ "കാത്തിരിപ്പുപരിചയ"ത്തിനു മുമ്പു് അവൾ എന്നെ അറിയുമെന്നു്!

ഞാൻ എന്തെങ്കിലും മറുപടി പറയുന്നതിനുമുമ്പു് വാചാലനായ ഒരു പഴയ സുഹൃത്തു് അവിടെ വന്നു.

"അല്ല രണ്ടുപേരുംകൂടെ എങ്ങോട്ടാണു പുറപ്പെട്ടിരിക്കുന്നതു്. കല്യാണത്തിനു് എന്നെ ക്ഷണിച്ചില്ലെങ്കിലും ഞാൻ അതൊക്കെ അറിഞ്ഞു. ഇപ്പോഴെങ്കിലും ശ്രീമതിയെ ഒന്നു കാണാൻ സാധിച്ചല്ലോ." എന്നെയും ആ യുവതിയെയും മാറിമാറി നോക്കിക്കൊണ്ടു് അയാൾ ഒററശ്വാസത്തിൽ തട്ടിവിട്ടു. അവൾ ഒന്നാടിക്കുണുങ്ങി കുറച്ചകലെ മാറിനിന്നു.

"ആര രണ്ടുപേരുംകൂടെ?" ആഗതൻെറ രസകരമായ തെററിദ്ധാരണയ്ക്കു ഞാൻ ഒരു വിശദീകരണം ആവശ്യപ്പെട്ടു

"ഓഹോ, ശരി, എന്നെ തട്ടിക്കാനാണു ശ്രമം അല്ലേ? നിങ്ങൾ രണ്ടുപേരുംകൂടെ എങ്ങോട്ടാണെന്നാണു ചോദിച്ചതു്." നീണ്ട ചൂണ്ടുവിരൽകൊണ്ടു് ഞങ്ങളെ പ്രത്യേകം നിർദ്ദേശിച്ചുകൊണ്ടു് അയാൾ പിന്നെയും പറയുകയാണു്.

"ഞാൻ കോട്ടയത്തിനാണു്. ആ പെൺകുട്ടി എങ്ങോട്ടാണെന്നറിഞ്ഞുകൂടാ. നിങ്ങൾ ചോദിച്ചുനോക്കൂ."

"ഓ പിന്നെ" അയാൾ സംഭാഷണത്തിൽ തോററുമാറുന്നകൂട്ടത്തിലല്ല. "പിടിച്ചമുയലിനു കൊമ്പു രണ്ടെ"ന്ന മട്ടുകാരനാണു്. "ഇപ്പോൾ കണ്ടിട്ടുമില്ല, കേട്ടിട്ടുമില്ല. ഒരു കാര്യം പറഞ്ഞേക്കാം. നിങ്ങൾ സത്യദീപത്തിലെ ഒരെഴുത്തുകാരനല്ലേ? സ്ത്രീകളുടെ വസ്ത്രധാരണത്തെപ്പററിയുള്ള പിതാക്കന്മാരുടെ ഇടയലേഖനവുമൊക്കെ അറിയാമല്ലോ. അച്ചന്മാർ ഇക്കാര്യംതന്നെ എന്നുമെന്നും പറയുന്നുമുണ്ടു്. പക്ഷെ എന്തുഫലം? എവിടെനോക്കിയാലും കണ്ണാടിസാരിക്കാരെയും മറിക്കെയ്യൻ ചട്ടക്കാരെയുമേ കാണാനുള്ളു. നിങ്ങളൊക്കെ ഇതിനു മാതൃകകാണിച്ചു കൊടുക്കണമെന്നാണു ഞാൻ വിചാരിച്ചതു്. എന്നിട്ടു് ഇങ്ങനെയൊക്കെ പൂമ്പാററകളെപ്പോലെ അണിയിച്ചൊരുക്കിക്കൊണ്ടു നടക്കുന്നതു നന്നല്ല കേട്ടോ?" ഭീമാബദ്ധത്തിൻെറ തനിക്കാമ്പെടുത്തു എൻെറ നേർക്കൊരു പ്രത്യസ്ത്രം അയാൾ പ്രയോഗിച്ചു. ഞാൻ അമ്പരന്നുപോയി. എങ്കിലും ആ യുവതിയെപ്പററി എനിക്കുതോന്നിയ അഭിപ്രായം അയാളും സ്ഥിരീകരിച്ചതിൽ ഉള്ളുകൊണ്ടൊന്നു ചിരിക്കുവാൻ തോന്നി.

"നോൺസെൻസു്", വല്ലവരും ബസ്സ് സ്റ്റാൻഡിലിരിക്കാൻപോലും സമ്മതിക്കയില്ല; വയ്യാവേലികൾ." അവൾ അസഹ്യമായ വെറുപ്പോടെ പറഞ്ഞു. ആ കണ്ണുകളിൽ വിദ്വേഷത്തിൻെറ ഒരു സാമ്രാജ്യം കാണാമായിരുന്നു. പക്ഷെ അഭിമാനഭംഗത്തിൻെറ മതിൽക്കെട്ടിൽ അതു് ഒതുങ്ങിപ്പോയി. ആടിക്കുണുങ്ങി റോഡിലേക്കിറങ്ങിപ്പോയ ആ യാത്രക്കാരി ആഗതൻെറ സംഭാഷണത്തിലെ അനൗചിത്യത്തെ വെല്ലുവിളിക്കുകയായിരുന്നു. എങ്കിലും അവൾ ഒരു പരാജയത്തിൻെറ പര്യായംപോലെ എനിക്കു തോന്നി.

ഞങ്ങൾ ദമ്പതികളല്ലെന്നു് ആഗതനെ പറഞ്ഞു ധരിപ്പിക്കുവാൻ കുറെസമയം വേണ്ടിവന്നു.

"കഷ്ടം! എന്നാൽ മോശമായിപ്പോയല്ലോ. ഞാൻ അറിയാതെ പറഞ്ഞതാണെന്നു് ആ പെണ്ണിനോടു പറഞ്ഞേക്കണേ." അയാൾ യാത്രപറഞ്ഞു പിരിഞ്ഞപ്പോൾ എന്നെ ഒരു ചുമതലഏല്പിച്ചു. പക്ഷേ ഈ ക്ഷമാപണം ഏററുവാങ്ങി സമർപ്പിക്കേണ്ട ആവശ്യമൊന്നും എനിക്കില്ലായിരുന്നു.

"സർ, ആ മനുഷ്യദ്രോഹി പോയോ? എവിടെക്കിടന്ന കാട്ടുമാടൻ." അവൾ വീണ്ടും എൻെറയടുത്തുവന്നു ചോദിച്ചു.

"മനുഷ്യർ പലതരക്കാരില്ലേ? ആക്കുചേതം?"

"സർ, അയാളുടെ ചെവിക്കല്ലിനു രണ്ടു കൊടുത്തുവിട്ടില്ലല്ലോ."

"അതു സാഹസമല്ലേ? അയാൾ ഇന്നാട്ടുകാരൻ. ഞാൻ വിദേശിയും. പോരെങ്കിൽ ഞങ്ങൾ പഴയ സുഹൃത്തുക്കളുമാണു്. എൻെറ വിവാഹത്തിനു് അയാളെ ക്ഷണിക്കാഞ്ഞതാണല്ലോ ഈ പ്രമാദത്തിനു കാരണം." ഞാൻ അക്ഷോഭ്യനായി പറഞ്ഞു.

"എന്നാലും സാറിൻെറയും എൻെറയും അഭിമാനത്തെ സ്പർശിക്കുന്ന ഒരു ചോദ്യം അയാളിൽ നിന്നുണ്ടായപ്പോൾ......"

അവൾ മുഴുമിക്കുന്നതിനുമുമ്പു് ഒരു യാചകബാലിക അവിടെ കടന്നുവന്നു. ഞാൻ അവൾക്കു ഭിക്ഷകൊടുത്തു. കീറിപ്പറിഞ്ഞ വസ്ത്രഖണ്ഡങ്ങൾ വാരിച്ചുററിക്കൊണ്ടു് അവൾ കോളേജുകാരിയുടെ മുമ്പിലും കൈക്കുമ്പിൾ നീട്ടി. അവളും എന്തോ കൊടുത്തു. പിറകേ പിടിപ്പതു ശകാരവും:

"വൃത്തികെട്ട ജന്തുക്കൾ! നാണമില്ലല്ലോ ഈ വേഷത്തിൽ നടന്നു തെണ്ടാൻ...... ഇതിനൊക്കെ പോയി ചാകരുതോ, മനുഷ്യരെ ഉപദ്രവിക്കാതെ..."

ആ യാചിക എന്തോ പിറുപിറുത്തുകൊണ്ടു് അവിടെനിന്നു പോയി.

"അതെ ആ ചോദ്യം സഹോദരിയോടുതന്നെ ചോദിക്കൂ." അവളുടെ ശകാരവർഷം തീരുന്നതിനുമുമ്പു് ഞാൻ പറഞ്ഞു.

"എന്തിന്?" അനല്പമായ ആശ്ചര്യത്തോടെ അവൾ എൻെറ മുഖത്തേക്കു നോക്കി. "സർ, എന്നെയും ഒരു തെണ്ടിയാക്കുകയാണോ?"

"ഒരിക്കലുമല്ല, നിങ്ങൾ ഒരു കുബേരകുമാരിയാണെന്നുതന്നെ ഞാൻ ഊഹിക്കുന്നു." "നിങ്ങൾ" എന്നു ഞാൻ വീണ്ടും ഉച്ചരിച്ചപ്പോൾ അവളുടെ മുഖം തെല്ലു ചുളിഞ്ഞു.

"ഞാൻ "നിങ്ങളു"ല്ല. എനിക്കു പേരുണ്ടു്. "സിസിലി" എന്നാണു്." അതുച്ഛമായ ഒരഭിമാനബോധം അവളെ ചൊടിപ്പിച്ചു.


"സമ്മതിച്ചു. ഇനി ഞാൻ ആ വാക്യം തിരുത്തിപ്പറയാം. മിസ്സ് സിസിലി........"

"വേണ്ട സാർ..." ഞാൻ പറഞ്ഞുതീരുന്നതിനുമുമ്പു് അവൾ തുടർന്നു "എന്നെ അത്രയൊന്നും കളിയാക്കണ്ടാ. ഞാൻ ആ തെ

## സൗജന്യവിതരണ ഫണ്ടു്

ത്യാഗപ്പെട്ടി

| | ക. ണ. പ. |
|---|---|
| ആലുവാ | 6— 8—0 |
| Rev. Fr. J. Puthenkary | 20— 0—0 |
| കൊററമം | 9—11—0 |
| Rev. Fr. Joseph Chiramal | 20—0—0 |
| മഞ്ഞപ്ര | 10—0—0 |
| Well wisher | 3—0—0 |
| തഴവൻകുന്നു് M. P. School | 6—0—0 |
| കുലശേഖരമംഗലം | 1—8—6 |
| നാഗപ്പുഴ | 7—8—9 |
| ചുണങ്ങംവേലി | 6—4—5 |




ഏഷ്യാററിക്ക മർക്കൈൻറൽ ബാങ്കു ലിമിററഡ്
H. O. കൊച്ചി. ബ്രാഞ്ചുകൾ: എറണാകുളം & തൃശ്ശൂർ
തിരു-കൊച്ചി ഗവമ്മെൻറിൽനിന്നു സിദ്ധിച്ച 4-9-'53-ലെ L· Dis 5956/53 R. D. ഉത്തരവുപ്രകാരം തുടങ്ങുന്ന

പുതിയ മാസക്കുറി.

56 നമ്പ്ര്. നമ്പ്ര് 1-ൽ 2നറുക്കു്. നറുക്കു് 1ക്കു് 100ക. ആകെ സല. 11200ക. ഒരു നറുക്കു് എടുക്കലും ഒരു നറുക്കു് ലേലവും—മററു നിശ്ചയങ്ങളോടുകൂടി ബാങ്കിൻെറ കൊച്ചി ബ്രാഞ്ചിൽനിന്നും 3—12—1953-ൽ (18—4—1129-ൽ) ഒരു പുതിയ മാസക്കുറി തുടങ്ങുന്നതാകുന്നു. കൂടുതൽ വിവരങ്ങൾക്കു് ഹെഡാഫീസിലോ ബ്രാഞ്ചുകളിലോ ആവശ്യപ്പെടുക.


കൊച്ചി 10-9-'53 | എ. എൽ. ശ്രീധരദാസനായി, ചെയർമാൻ ഓഫ് ദി ബോർഡ് ഓഫ് ഡയറക്ടേഴ്സ്

ഞങ്ങളുടെ സ്ഥാപനത്തിൻെറ പേരു്

കാളൻ

എന്നുമാത്രമാണെന്നും, നാനാവിധ രോഗങ്ങളേയും സുപ്രസിദ്ധങ്ങളായ നിംബാസവം, ദ്രാക്ഷാഘൃതം, ശാരിബാതൈലം എന്നീ ഔഷധങ്ങളേയുംപററി പ്രതിപാദിക്കുന്നതും 500 പേജുള്ളതുമായ "അറിയേണ്ടും കാര്യങ്ങൾ" എന്ന പുസ്തകത്തിൻെറ രണ്ടാംപതിപ്പിൻെറ അച്ചടി തുടങ്ങിയെന്നും, കത്തുമൂലമുള്ള ചികിത്സ നിർത്തൽചെയ്തിരിക്കുന്നതുകൊണ്ടു് മേലാൽ "രോഗവിവരക്കത്തുകൾ" അയക്കേണ്ട ആവശ്യമില്ലെന്നും, അനുകരണങ്ങളെ സൂക്ഷിക്കണമെന്നും താഴെ കാണുന്ന രണ്ടു വാക്കുമാത്രമേ ഞങ്ങളുടെ സ്ഥാപനത്തിലേക്കയക്കുന്ന കത്തുകളിലുംമററും വിലാസം എഴുതാവു എന്നും അറിയിച്ചുകൊള്ളുന്നു.

കാളൻ, നെല്ലായി



ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

K. J. Devassia,
Kunnel house, Marumannu

ങ്ങീപ്പെണ്ണിനെ ശകാരിച്ചതു താങ്കൾക്കിഷ്ടമായില്ല, അല്ലേ? അവൾ തെണ്ടുന്നതിലല്ല എന്റെ പരാതി."

"പിന്നെ?"

"കൗമാരം കഴിഞ്ഞ പെൺകുട്ടികൾ കുറച്ചു ഭേദപ്പെട്ട രീതിയിൽ വസ്ത്രം ധരിക്കാതെ ഇറങ്ങി നടക്കാമോ? വാസ്തവത്തിൽ സാറിനു ലജ്ജതോന്നിയില്ലേ അവൾക്കു ഭിക്ഷകൊടുക്കാൻ?"

"അതു ശരിതന്നെ. പക്ഷെ അവൾ അഗതി. വയറിന്റെ പ്രശ്നം വസ്ത്രത്തെക്കാൾ മികച്ചതാണ്. ആ പാവം എന്തുചെയ്യും. എന്നാലും അവളുടെ ചെയ്തികൾ നന്നല്ലെന്നു സമ്മതിക്കാം. പക്ഷെ, അതേ കുററത്തിനുതന്നെ, മിസ്സ് സിസിലിയും വളരെയേറെ ശകാരിക്കപ്പെടണം."

സിസിലിക്കു് ഏതാണ്ടൊരു ലജ്ജാവൈവർണ്യം. അവൾ സ്വശരീരത്തിലാകമാനം ഒന്നു കണ്ണോടിച്ചു.

"സാറിന്റെ ആശയം എനിക്കു മനസ്സിലായി. പക്ഷെ താങ്കൾ ജീവിക്കുന്നതു പത്തൊൻപതാം നൂററാണ്ടിലാണെന്നു ഞാൻ മനസ്സിലാക്കണമോ?" അവൾ എന്നെ തിരിച്ചടിക്കുവാൻ ശ്രമിക്കുകയാണ്.

"നൂററാണ്ടുകൾ ഒന്നോരണ്ടോ കൂടെ പിറകോട്ടെണ്ണിക്കൊള്ളണം. പക്ഷെ മനുഷ്യനു ചില ധാർമ്മികസംസ്കാരങ്ങളുണ്ട്. അവ സ്ഥലകാലാതീതമാണ്. മാനുഷികമൂല്യങ്ങൾക്കു വിലയിരുത്തുന്ന ജീവിതചര്യകൾ ഏതു നൂററാണ്ടിലും നിഷിദ്ധമാണെന്നോർക്കണം."

"ഇതൊക്കെ പത്രത്തിലെഴുതാൻകൊള്ളാം. പക്ഷെ പുരോഗമിച്ചുകൊണ്ടിരിക്കുന്ന സമൂഹരംഗത്തു് അത്ര പ്രായോഗികമല്ല"

"എന്തുകൊണ്ട്? വെറും വാദത്തിനുവേണ്ടി ഞാൻ പറയുകയല്ല. മിസ്സ് സിസിലി ശരിയായി ചിന്തിക്കൂ. വസ്ത്രധാരണത്തിനു ചില മൗലികമായ ലക്ഷ്യങ്ങളില്ലേ? ആ ലക്ഷ്യങ്ങൾ സഫലീകരിക്കുന്നില്ലെങ്കിൽ പിന്നെ അതിന്റെ ഉപയോഗമെന്തു?"

"ഞാൻ നാടൻ കച്ചമുറിയും മുഴുക്കൈയൻ ചട്ടയും അമ്മൂമ്മക്കുണിയും ധരിച്ചിരുന്നെങ്കിൽ സാറിനു് എതിരൊന്നുമില്ലായിരുന്നു അല്ലേ?"

"ഞാൻ എതിർക്കുന്നതോ അനുകൂലിക്കുന്നതോ പരിഗണിക്കേണ്ട. സിസിലി സ്വന്തം അന്തരംഗത്തോടു ചോദിക്കൂ. ഇത്തരം വസ്ത്രധാരണം വെറും "ബുക്കു് പോസ്റ്റ്" രീതിയല്ലേ?"

"എന്തു്? ബുക്കു്പോസ്റ്റോ?" അവളുടെ വാചാലത ഉൽക്കണ്ഠയുടെ മതിൽക്കെട്ടിൽ തടഞ്ഞു നിന്നു.

"അതെ, പോസ്റ്റൽ അധികൃതർക്കു് നിർബ്ബാധം തുറന്നുനോക്കുവാനുള്ള ഉരുപ്പടികളാണു് ഒട്ടിക്കാത്ത കൂടിനുള്ളിൽ അയക്കാറുള്ളൂ."

"നല്ല ഉപമ. അല്ലെങ്കിലും ഈ പത്രലേഖകന്മാരെ പേടിക്കണം." അവളുടെ മുഖത്തു മൊട്ടസൂചികൊണ്ടു കുത്തിയാലെന്നതുപോലെ പെട്ടെന്നൊരു വൈകൃത്യം. പക്ഷെ ആ സൂത്രശാലിനി നേരിയ പുഞ്ചിരികൊണ്ടു് അതു മൂടിപ്പൊതിഞ്ഞുകളഞ്ഞു.

പ്രതീക്ഷകളുടെ ശൃംഖലാബന്ധങ്ങൾ വെട്ടിപ്പൊട്ടിച്ചുകൊണ്ടു ബസ്സ് വന്നു. ഞങ്ങൾ യാത്രയായി. വൈ. ഡബ്ല്യു. സി. എ. ഗേററിങ്കൽ ഇറങ്ങിയപ്പോൾ മര്യാദയുടെപേരിൽ യാത്രപറയാൻവേണ്ടിമാത്രമേ പിന്നെ സിസിലി എന്നോടു സംസാരിച്ചുള്ളൂ.

* * *

ആഴ്ചകളേയും മാസങ്ങളേയും വിഴുങ്ങിക്കൊണ്ടു് വർഷം ഒന്നു കടന്നുപോയി. പ്രകൃതി തേഖചിതമായ നീലാംബരവും ശുഭ്രസുന്ദരമായ മേഘാംബരവും മാറി മാറി അണിഞ്ഞുകൊണ്ടിരുന്നു.

ആ ഇടവകയിലെ ഭക്തസഖ്യങ്ങളുടെ വാർഷികയോഗത്തിൽ പ്രസംഗിക്കുവാൻ എനിക്കു ക്ഷണം ലഭിച്ചു. എല്ലാ പ്രസംഗകരും പറയാറുള്ള ഒഴിവുകഴിവുകൾ ഞാനും പറഞ്ഞുനോക്കി. പക്ഷെ നയചതുരനായ വികാരിയച്ചൻ അതൊന്നും വകവച്ചില്ല.

യോഗം ആരംഭിച്ചു. വശ്യവചസ്സായ അദ്ധ്യക്ഷൻ വസ്ത്രധാരണത്തിൽ അവലംബിക്കേണ്ട ശാലീനതയെപ്പററി സുദീർഘമായി പ്രതിപാദിച്ചു. സദസ്സിലുണ്ടായിരുന്ന ഏതാനും "ചിത്രശലഭ"ങ്ങൾ അവനതമുഖികളായി. അമേരിക്കയിൽ നിലവിലിരിക്കുന്ന സഭ്യതാസഖ്യ (Legion of decency) ത്തെ പരാമർശിച്ചു ഞാനും എന്തൊക്കെയോ സംസാരിച്ചു.

മീററിംഗ് അവസാനിച്ചു ജനങ്ങൾ പിരിഞ്ഞുപോയി. ഒന്നുരണ്ടു സ്നേഹിതന്മാരുമായി സംസാരിച്ചുകൊണ്ടു ഞാൻ കുറച്ചുസമയം ആ ഹോളിൽത്തന്നെ നിന്നു.

"സാറിനെ കാണാൻവേണ്ടി ഒരു പെൺകുട്ടി വരാന്തയിൽ കാത്തുനില്ക്കുന്നു." ആരോ ഒരാൾ എന്നെ അറിയിച്ചു. ഞാൻ പുറത്തേക്കിറങ്ങി.

കൈപ്പത്തിവരെ മൂടിക്കിടക്കുന്ന ശുഭ്രകഞ്ചുകവും വെള്ള ഖദർസാരിയും ധരിച്ചു ഒരു യുവതി എന്റെ മുമ്പിൽനിന്നു കൈകൂപ്പി. ഞാനും പ്രത്യഭിവാദനം ചെയ്തു.

"മിസ്സ് സിസിലിയാണ്. ഇവിടത്തെ മരിയസൈന്യത്തിലെ സ്ത്രീകൾക്കായുള്ള പ്രസീദിയത്തിന്റെ പ്രസിഡന്റ്." വികാരിയച്ചൻ അവളെ എനിക്കു പരിചയപ്പെടുത്തിയിട്ടു മുറിയിലേക്കുപോയി.

"സാറിനെ കണ്ടിട്ടു പോകാനാണു് ഞാൻ ഇത്രയുംസമയം കാത്തുനിന്നതു്" അവൾ സവിനയം പറഞ്ഞു.

"വളരെ ഉപകാരം, എന്തൊക്കെയുണ്ടു വിശേഷങ്ങൾ?" വെറും ഉപചാരത്തിന്റെ പ്രതിപ്രശ്നം.

"ഞാൻ കഴിഞ്ഞകൊല്ലം ജയിച്ചു. ഇപ്പോൾ ജൂനിയർ ബി. എ. ക്കാണ്."

"കൊള്ളാം. എന്റെ അനുമോദനങ്ങൾ."

"ഇപ്പോൾ ഞാൻ "ബുക്കുപോസ്റ്റാ"ണോ? സാറിനെന്തു തോന്നുന്നു?" അല്പസമയത്തെ മൗനത്തിനുശേഷം ഹൃദ്യമായമന്ദഹാസത്തോടെ അവൾ ചോദിച്ചു.

"അല്ല; അമൂല്യമായ ആത്മാവിന്റെ രഹസ്യങ്ങൾ സൂക്ഷിക്കുന്ന "ഒരു മുദ്രവച്ച" കത്താണ്."

"അത്രയൊന്നും പ്രശംസിക്കേണ്ട."

"പ്രശംസയൊന്നുമല്ല; വെറും പരമാർത്ഥം."

"ഏതായാലും അന്നു ബസ്സ് സ്റ്റാൻഡിലെ കാത്തിരിപ്പിൽ സാർ എന്നെ ഒരു നല്ല പാഠം പഠിപ്പിച്ചു. ഞാനാണു് ഞങ്ങളുടെ ഹോസ്റ്റലിൽ ഈ പ്രസ്ഥാനം ആദ്യം ആരംഭിച്ചതു്. ഇപ്പോൾ അവിടെ മുറിക്കൈയൻ ബ്ലൗസും സിൽക്കുസാരിയുമണിയുന്നവരാരുമില്ല"

"എന്നാൽ മിസ്സ് സിസിലി ഒരു വലിയ പരിവർത്തനം വരുത്തിക്കളഞ്ഞല്ലോ."

"എന്റെയൊന്നും പറയാനില്ല. അന്നു ഞാൻ അണിഞ്ഞിരുന്ന ജോർജ്ജിയറുസാരി അവിടെ തെണ്ടാൻവന്ന പെണ്ണിനു കൊടുത്തു. ബാക്കിയുണ്ടായിരുന്നതെല്ലാമെടുത്തു് അനുജത്തിമാർക്കു് ഉടുപ്പു തയ്പിക്കുകയും ചെയ്തു."

"വളരെ നന്നായി. മിസ്സ് സിസിലിക്കു ചിന്താശക്തിയുള്ള ഒരു ഹൃദയമുണ്ടെന്നാണു് ഇതിന്റെയൊക്കെയർത്ഥം. ഞാൻ പോകട്ടെ. എനിക്കു് ഇന്നുതന്നെ നാട്ടിലേക്കു മടങ്ങണം." ഞാൻ അല്പം തിടുക്കംകൂട്ടി.


അവൾ കൃതജ്ഞതാഭരിതയായി യാത്രപറഞ്ഞു പിരിഞ്ഞു. കർമ്മസാക്ഷി ചരമശയ്യയിലേക്കു തളർന്നുവീണിരുന്നു. വിണ്ടലവീഥിയിൽനിന്നു നീലാംബരം ഊരിയെറിഞ്ഞിട്ടു വെള്ളിമേഘവസനമണിഞ്ഞുകൊണ്ടു് ശശികല നിന്ദിമേഷയായി നിന്നു തിളങ്ങി.

## ഏജന്റന്മാരുടെ ശ്രദ്ധയ്ക്കു്

ഏജൻസിവ്യവസ്ഥയനുസരിച്ചു് പത്രവില മുൻകൂർ അടയ്ക്കാത്തവർക്കു് പത്രം അയക്കുന്നതല്ലെന്നു് അറിയാമല്ലോ. എന്നാൽ ചില ഏജൻറുമാർ മുൻകൂർ സംഖ്യ വൈകി അയക്കുന്നതുകൊണ്ടു് പത്രക്കെട്ടം താമസിച്ചയക്കാൻ ഇടയാവുന്നതിനാൽ പത്രവരിക്കാർ അതൃപ്തി പ്രദർശിപ്പിക്കുന്നുവെന്നും മററും ഞങ്ങളെ അറിയിച്ചിരിക്കുന്നു. ആഴ്ചയിൽ ബുധനും വ്യാഴവും മാത്രമേ തപാലാപ്പീസിൽ പത്രക്കെട്ടുകൾ സ്വീകരിക്കുകയുള്ളൂ. അതിനാൽ സമയംവൈകി സംഖ്യ അടയ്ക്കുന്നവർക്കു ടി. ദിവസങ്ങൾ തെററിയാൽ പിറെറ ആഴ്ചയേ പത്രം അയച്ചുതരാൻ സാദ്ധ്യമാവുകയുള്ളുവെന്നും അറിയിച്ചുകൊള്ളുന്നു. അതിനാൽ മേൽപ്രകാരമുള്ള അസൗകര്യങ്ങൾ ഒഴിച്ചുവയ്ക്കണമെന്നാഗ്രഹിക്കുന്ന ഏജൻറുമാർ കുറഞ്ഞപക്ഷം അതാതാഴ്ചയിലെ മുൻകൂർ പത്രവിലയെങ്കിലും തലേ തിങ്കളാഴ്ചയ്ക്കുള്ളിൽ ഇവിടെ കിട്ടത്തക്കവണ്ണം അയച്ചിരിക്കേണ്ടതാണ്. പത്രം കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യേണ്ട വിവരവും ടി. ദിവസത്തിനുള്ളിൽത്തന്നെ അറിയിച്ചിരിക്കേണ്ടതാണെന്നും ഓർപ്പിച്ചുകൊള്ളുന്നു.

മാനേജർ, സത്യദീപം

Thanksgiving




for favours received

Dominic Perumpanany, Kaloor

# ബാലപാഠം

പ്രിയപ്പെട്ട കുഞ്ഞുങ്ങളേ,

ലോകത്തിലുള്ള നല്ല ക്ലോക്കുകളെല്ലാം വലത്തോട്ടു് എപ്പോഴും തിരിഞ്ഞുകൊണ്ടിരിക്കുന്നു. സെക്കൻറുകൾ, മിനിട്ടുകൾ, മണിക്കൂറുകൾ, ദിവസങ്ങൾ അങ്ങനെ ഒന്നിനു പുറകെ മറെറാന്നായി മറിഞ്ഞുമാറിക്കൊണ്ടിരിക്കുന്നു. അതോടൊന്നിച്ചു് നമ്മുടെയെല്ലാം ആയുസ്സിന്റെ അംശങ്ങളും കത്തിക്കൊണ്ടിരിക്കുന്ന വിളക്കിലെ എണ്ണ കുറയുംപോലെ തീർന്നുകൊണ്ടിരിക്കയാണ്.

നിങ്ങളൊക്കെ തിടുക്കത്തിൽ നിങ്ങളുടെ ജോലികൾ ചെയ്തുതീർക്കുന്നുണ്ടോ? അതോ ഉന്നം ചാരി ഉറക്കംതൂങ്ങി ദിവസങ്ങൾ തള്ളിനീക്കുകയാണോ? കുഞ്ഞമ്മാവനൊന്നു പറഞ്ഞേക്കാം. നിങ്ങളിപ്പോൾ വലുതാകും, ശബ്ദമെല്ലാം പൗരുഷം കലർന്നതായിത്തീരും, കൊച്ചുടുപ്പുകളും നിക്കറുകളും ഒന്നും നിങ്ങൾക്കു് പാകമാകാതെവരും. ചെറിയ ക്ലാസുകളിൽ പഠിക്കുന്ന നിങ്ങൾ വലിയ ക്ലാസുകളിലാകും. എളുപ്പം ഒരു യുവാവാകും. പിന്നെ വളർന്നു പുരുഷന്മാരും ഗൃഹനായികമാരും ഒക്കെയാകും. തലനരച്ചുതുടങ്ങും. മുഖത്തു തെളിഞ്ഞ വടിവുകൾ വീഴും. വൃദ്ധരാകും. ആ കത്തുന്ന വിളക്കണയും!! അതണയുംമുമ്പേ എത്രയെത്ര കാര്യങ്ങളാണു് നമുക്കു് ചെയ്തുതീർക്കേണ്ടതു? നിങ്ങളതിനെക്കുറിച്ചൊന്നും ആലോചിക്കാറില്ലായിരിക്കാം. ഒന്നാലോചിക്കു. വൃഥായിരുന്നു കാലം കളയരുതെ! ചൊറുചൊറുക്കായി പിടിപിടിന്നു് ചെയ്തുതീർക്കാനുള്ളതെല്ലാം ചെയ്യൂ. ജീവിതത്തിൽനമുക്കു് വിജയംവരണം. വിജയത്തിന്റെ അടിസ്ഥാനം പ്രാപ്തിയെക്കാളേറെ സ്ഥിരോത്സാഹമാണെന്നു് അനുഭവം തെളിയിക്കുന്നു.

നിങ്ങളെല്ലാം ഇന്നു് സമ്പാദിക്കുന്ന അറിവു ഗുരുമുഖങ്ങളിൽനിന്നും പാഠപ്പുസ്തകങ്ങളിൽനിന്നുമാണല്ലോ. വേണ്ടത്ര അറിവുണ്ടാകുന്നതിനും എളുപ്പം നല്ല കഴിവുള്ളവരായിത്തീരുന്നതിനും നിങ്ങൾ ഇപ്പോൾമുതൽതന്നെ മററുമാർഗ്ഗങ്ങളും അവലംബിച്ചു തുടങ്ങണമെന്നാണു് കുഞ്ഞമ്മാവന്റെ അഭിപ്രായം.

എന്താണീ മററുമാർഗ്ഗങ്ങൾ? സ്കൂളിൽ നല്ല ലൈബ്രറി ഉണ്ടാകും. അവിടന്നു് നല്ല പുസ്തകങ്ങൾ നിങ്ങൾക്കു് വായിക്കാൻ കിട്ടും. അവയെടുക്കണം. വീട്ടിൽ കൊണ്ടുചെന്നു് ഒരു സ്ററൂളിലോ മൂലയിലോ പറമ്പിലെ മാവിന്റെ ചുവട്ടിലോ പോയിരുന്നു സൗകര്യമായി അതങ്ങു വായിക്കണം. അപ്പോൾ അതിലെ കഥാനായകന്മാരും നായികമാരും ഒക്കെ നിങ്ങളുടെ സ്വന്തം കൂട്ടുകാരാകും. അവരുടെ അനുഭവങ്ങളിൽക്കൂടി കൂടുതൽ കൂടുതൽ അറിവു് സമ്പാദിക്കാം. വായന നിങ്ങളെ അറിവുകളുടെ ഒരു കലവറയാക്കും. കൂടുതൽ കഴിവുള്ളവരാക്കും. അനേകംകാലത്തെ ഗവേഷണങ്ങൾകൊണ്ടും ചിന്തകൾകൊണ്ടും എഴുതിത്തീർത്തിരിക്കുന്ന പുസ്തകങ്ങൾഏതാനും മണിക്കൂറുകൾകൊണ്ടു നിങ്ങൾക്കിപ്പോൾ മനസ്സിലാക്കാൻ സാധിക്കുന്നു. അതു് എത്രയോ കാര്യമാണെന്നാലോചിച്ചുനോക്കൂ. വാസ്തവത്തിൽ പുസ്തകങ്ങൾ നിങ്ങളുടെ കൂട്ടുകാരായ ചെറിയ മനുഷ്യരാണെന്നു സങ്കല്പിച്ചുകൊള്ളൂ. ഒന്നിനുപുറകെ മറെറാന്നായി തരം കിട്ടുമ്പോഴൊക്കെ വായിച്ചു മനസ്സിലാക്കി വേണ്ടത്ര അറിവു സമ്പാദിച്ചുകൊള്ളൂ. ഇപ്പോഴുള്ള നല്ല പത്രങ്ങളിൽനിന്നും നിങ്ങൾക്കു് പിന്നെയും കൂടുതൽ അറിവ കിട്ടുന്നുണ്ട്. പത്രംകൂടി ഇപ്പോഴുള്ള കുട്ടികൾ വായിക്കണം. അങ്ങനെ വായിക്കാത്തതിന്റെ ഫലം ഈയിടെ ചില പരീക്ഷാക്കടലാസുകളിൽനിന്നും മനസ്സിലായി. വലിയ ക്ലാസിൽ പഠിക്കുന്ന ചില വിദ്യാർത്ഥികൾ "നെഹ്റു ഒരു രാജാവാണെ"ന്നും "തമിഴ് സ്പെയിനിലെ ഭാഷയാണെ"ന്നും "തിരുകൊച്ചി യൂറോപ്പിലാണെ"ന്നും മററുമുള്ള വിഡ്ഢിത്തങ്ങൾ എഴുതിവെച്ചു.

നിങ്ങളിൽ ആർക്കെങ്കിലും നമ്മുടെ പ്രധാനമന്ത്രി ആരാണെന്നോ, നെഹ്റു ആരാണെന്നോ അറിയാൻ പാടില്ലാതെ വരുകയില്ല എന്നു കുഞ്ഞമ്മാവൻ കരുതുന്നു. നിങ്ങൾ പതിവായി പത്രങ്ങളും വായിക്കാൻ സമയമുണ്ടാക്കണം. അങ്ങനെ ഇന്നത്തെ ലോകത്തിനു് പററിയ രൂപത്തിൽ നിങ്ങളും വളരണം. അതിനുവേണ്ടി ഇന്നുമുതൽ പരിശ്രമിക്കുക.

നിങ്ങൾ വായിക്കുന്ന പുസ്തകങ്ങളുടെ പേരും തിയതിയും, അതിലെ നല്ല ആശയങ്ങളും പണ്ടൊരിക്കൽ കുഞ്ഞമ്മാവൻ പറഞ്ഞിരുന്ന "കൂട്ടുകാരൻ നോട്ടുപുസ്ത"ത്തിൽ കുറിച്ചുവെച്ചുകൊള്ളൂ. പിന്നീടവ ഉപകാരപ്പെടും.

വായന ഒരു ശീലമാക്കണമെന്നു് പ്രിയപ്പെട്ട കുഞ്ഞുങ്ങളെ ഒന്നുകൂടി അനുസ്മരിപ്പിച്ചുകൊണ്ടു്


സ്നേഹപൂർവ്വം

നിങ്ങളുടെ സ്വന്തം

കുഞ്ഞമ്മാവൻ.

വി. അന്തോനീസിന്റെ സഹായത്താൽ കളഞ്ഞുപോയ സാധനം തിരികെ കിട്ടിയതിനു നന്ദിപറഞ്ഞുകൊള്ളുന്നു.

ഫ്രാൻസീസ് പയ്യപ്പിള്ളി, ആലുവാ



സൗകര്യമായി വായിക്കണം

# കൽക്കദോനിയാ സൂനഹദോസിൻെറ 15-ാം ശതാബ്ദപൂർത്തി

## പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സിലെ "നിത്യരാജൻ" എന്നാരംഭിക്കുന്ന വിശ്വലേഖനം

(പരിഭാഷകൻ: ഫാദർ തോമസ്സ് വടക്കേൽ എൽ. ഡി.)

### രണ്ടാംഭാഗം

### "പത്രോസ് ലെയോൻെറ അധരങ്ങൾവഴി സംസാരിച്ചിരിക്കുന്നു"

ഈ പ്രശ്നം മുഴുവൻെറയും മർമ്മസ്ഥാനത്തേക്ക്, അതായത് എവുത്തിക്കോസിൻെറ വിനാശകരമായ അബദ്ധത്തെ നിരസിക്കയും ശപിക്കയും ചെയ്യുകൊണ്ടു കത്തോലിക്കാവിശ്വാസത്തെ സമഗ്രമായം അഭ്യസനംചെയ്ത വിഷയത്തിലേക്ക ഇനി നാം പ്രവേശിക്കേണ്ടിയിരിക്കുന്നു. ഈ വിശുദ്ധ സൂനഹദോസിൻെറ നാലാമത്തെ യോഗത്തിൽ, ഒരു പുതിയ വിശ്വാസപ്രമാണം നിർമ്മിക്കണമെന്നു ചക്രവത്തിയുടെ പ്രതിനിധികൾ ആവശ്യപ്പെട്ടു. എന്നാൽ പാപ്പായുടെ പ്രതിനിധിയായ പസ്കാസീനൂസ് എല്ലാവരുടെയും അഭിപ്രായത്തെ അഭിവ്യഞ്ജിപ്പിച്ചുകൊണ്ട് സഭയിൽ നേരത്തെ ഉപയോഗത്തിലിരിക്കുന്ന വിശ്വാസപ്രമാണങ്ങളും കാനോനാകളും പ്രത്യേകിച്ച് ഈ വിഷയത്തിൽ ലെയോൻ മാർപ്പാപ്പാ ഫ്ളാവിയനു് അയച്ച ലേഖനവും മതിയാകയാൽ പുതിയ ഒരു വിശ്വാസപ്രമാണം ആവശ്യമില്ലെന്നു മറുപടി പറഞ്ഞു. ഉടനെ പസ്കാസീനൂസ് ഇപ്രകാരം പ്രസ്താവിച്ചു:- "മൂന്നാമതായി (അതായത് നിക്യായിലേയും കോൺസ്റ്റൻറിനോപ്പിളിലേയും വിശ്വാസപ്രമാണങ്ങൾ, ഇവയെ സംബന്ധിച്ച് എഫേസൂസ് സൂനഹദോസിൽ വി. ക്യൂറില്ലോസ് ചെയ്ത വിശദീകരണം എന്നിവ കഴിഞ്ഞ ശേഷം) എത്രയും അനുഗ്രഹീതനും സാർവ്വത്രികസഭയുടെ അപ്പൊസ്തോലിക പാപ്പായുമായ ലെയോൻ നെസ്തോറിയസിൻെറയും എവുത്തിക്കോസിൻെറയും പാഷണ്ഡതയെ ശപിച്ച് എഴുതി അയച്ചിട്ടുള്ളവ സത്യവിശ്വാസം എന്താണെന്നു നേരത്തെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അപ്രകാരം ഈ വിശുദ്ധ സൂനഹദോസും ഈ വിശുദ്ധ വിശ്വാസത്തെതന്നെ സ്വീകരിച്ച് അതിനോടു യോജിക്കുന്നു."(12)

ദൈവവചനത്തിൻെറ മനുഷ്യാവതാരത്തെ സംബന്ധിച്ചു വി. ലെയോൻ ഫ്ളാവിയനു് അയച്ചതും സർവ്വപ്രാധാന്യം അർഹിക്കുന്നതുമായ ആ ലേഖനം സൂനഹദോസിൻെറ മൂന്നാംസമ്മേളനത്തിൽ വായിക്കപ്പെട്ടു എന്ന സംഗതി ഇത്തരുണത്തിൽ പ്രസ്താവിക്കുന്നതു പ്രയോജനകരമത്രെ. ഈ ലേഖനം വായിച്ചു ആളുടെ വാക്കുകൾ അന്തരീക്ഷത്തിൽ ലയിക്കുന്നതിനു മുമ്പായി അവിടെ സന്നിഹിതരായ എല്ലാവരും ഏകഹൃദയത്തോടും ഏകസ്വരത്തിലും ഇപ്രകാരം ആർത്തുവിളിച്ചു:- "ഇതാണു പിതാക്കന്മാരുടെ വിശ്വാസം; ഇതാണ് അപ്പൊസ്തോലന്മാരുടെ വിശ്വാസം. ഇപ്രകാരം ഞങ്ങളെല്ലാം വിശ്വസിക്കുന്നു. സത്യവിശ്വാസം സ്വീകരിച്ചിട്ടുള്ളവരെല്ലാം ഇപ്രകാരം വിശ്വസിക്കുന്നു. ഇപ്രകാരം വിശ്വസിക്കാത്തവൻ ശപിക്കപ്പെട്ടവനാകട്ടെ. പത്രോസ് ലെയോൻെറ അധരങ്ങൾവഴി സംസാരിച്ചിരിക്കുന്നു."(13)

തദനന്തരം, റോമ്മാമെത്രാൻെറ ഈ പ്രമാണരേഖ നിക്യായിലെയും കോൺസ്റ്റൻറിനോപ്പിളിലെയും വിശ്വാസപ്രമാണങ്ങളോടു പരിപൂർണ്ണമായി യോജിക്കുന്നെന്നു് എല്ലാവരും ഐകകണ്ഠ്യേന ഉദ്ഘോഷിച്ചു. എന്നിരുന്നാലും സൂനഹദോസിൻെറ അഞ്ചാമത്തെ സമ്മേളനത്തിൽ മാർസിയൻ ചക്രവത്തിയുടെയും ആലോചനാസംഘത്തിൻെറയും ആവത്തിച്ചുള്ള അഭ്യർത്ഥനയനുസരിച്ചു വി. എവുഫേമിയായുടെ നാമത്തിലുള്ള ദേവാലയത്തിലെ പ്രാർത്ഥനാലയത്തിൽ സമ്മേളിച്ചതും, വിവിധദേശങ്ങളിൽനിന്നു തെരഞ്ഞെടുക്കപ്പെട്ട മെത്രാന്മാർ ഉൾപ്പെട്ടതുമായ ഒരു കമ്മിററി പുതിയ ഒരു വിശ്വാസപ്രമാണം തയ്യാറാക്കുകയുണ്ടായി. ആ വിശ്വാസപ്രമാണത്തിൽ ഒരു മുഖവുരയും, നിക്യാവിശ്വാസപ്രമാണവും, അന്നു് ആദ്യമായി നടപ്പിൽ വരുത്തിയ കോൺസ്റ്റൻറിനോപ്പിൾ വിശ്വാസപ്രമാണവും, എവുത്തിക്കോസിൻെറ അബദ്ധോപദേശത്തെ ശപിച്ചുകൊണ്ടുള്ള ഔദ്യോഗികവിധിയും ഉൾപ്പെടുന്നു. ഈ വിശ്വാസപ്രമാണത്തെ സൂനഹദോസിലെ പിതാക്കന്മാർ ഏകാഭിപ്രായമായി അംഗീകരിച്ചു.

വന്ദ്യസഹോദരരേ, കത്തോലിക്കാവിശ്വാസത്തെ പ്രഗത്ഭമായി സ്ഥാപിക്കുന്ന റോമ്മാമെത്രാൻെറ ഈ പ്രമാണരേഖയെ വിശദീകരിക്കുന്നതിനു് അല്പസമയം വിനിയോഗിക്കുന്നതു പ്രയോജനപ്രദമാണെന്നു നാം കരുതുന്നു. ഒന്നാമതായി, "യോജിപ്പിനു മുമ്പു നമ്മുടെ കർത്താവിനു രണ്ടു സ്വഭാവമുണ്ടായിരുന്നെന്നു ഞാൻ ഏററുപറയുന്നു; എന്നാൽ യോജിപ്പിനുശേഷം ഒരു സ്വഭാവം മാത്രമുള്ളതായിട്ടേ ഞാൻ ഏററുപറയുന്നുള്ളു"(14) എന്നിങ്ങനെ ഉദ്ഘോഷിച്ചിരുന്ന എവുത്തിക്കോസിനു് എതിരായി എത്രയും പരിശുദ്ധനായ ലെയോൻ ന്യായയുക്തമായ അമർഷത്തോടുകൂടി തന്നെ സത്യത്തിൻെറ ഭാസുരപ്രകാശത്തെ ഈ വാക്കുകളിൽ പ്രത്യുജ്ജ്വലിപ്പിക്കുന്നു:- "ഇത്രമാത്രം മലിനവും അബദ്ധജടിലവുമായ പ്രസ്താവനയെ വിധികർത്താക്കൾ യാതൊരു ശാസനയാലും കുററപ്പെടുത്താത്തതിൽ നാം വിസ്മയിക്കുന്നു.........ശരീരിയായിത്തീർന്ന വചനത്തിനു് ഏകസ്വഭാവം മാത്രമേ ഉള്ളു എന്നു സമ്മതിക്കുന്നതുപോലെ ദൈവനിന്ദാപരമത്രെ മനുഷ്യാവതാരത്തിനു മുമ്പു ദൈവത്തിൻെറ ഏകജാതനു രണ്ടു സ്വഭാവമുണ്ടായിരുന്നു എന്നു പറയുന്നതും."(15) അബദ്ധോപദേശത്തിൽ എവുത്തിക്കോ-

(12) Mansi, 7, 10 (Act. 4)

(13) Schwartz, 2 Vol. 1, pars altera, p. 81 (277) (Act. 3); Mansi, 6, 971 (Act. 2)

(14) St. Leo the Great (Ep. 28, 6 PL 54, 777)

(15) Ibid.

# വലിയ വീട്

(തോമസ് സെബാസ്റ്റ്യൻ ബി. എ. എൽ. ററി.)

വലിയ വീടു പണിയിക്കുന്നവരെപ്പററി എനിക്കു സഹതാപമാണു്. അനേകകാലത്തെ സമ്പാദ്യം, പല നല്ല കാര്യങ്ങൾക്കും വിനിയോഗിക്കപ്പെടാമായിരുന്ന ധനം, പല ആദായമാർഗ്ഗങ്ങളിലും മുടക്കാമായിരുന്ന പണം, പ്രതിഫലം കുറവുള്ള മരാമത്തിൽ മുടക്കിക്കഴിയുമ്പോൾ അവരുടെ മനോഭാവം, "അണ്ടികളഞ്ഞ അണ്ണാനെ"പ്പോലെയുള്ള അവരുടെ മനോഭാവം, എന്തായിരിക്കും? ഒന്നാലോചിച്ചു നോക്കു. അതാണെനിക്കവരോടു സഹതാപം.



ഒരു ഗംഭീരമായ വീടു വരുത്തിവച്ച കുടുംബകലഹത്തെപ്പററി എനിക്കു നേരിട്ടറിയാം. സാധാരണ കൂലിക്കാർക്കു 5 അണയും തച്ചന്മാർക്കു 8 അണയും കൂലിയായിരുന്ന കാലത്തു ഏകദേശം ഒരുലക്ഷം ഉറുപ്പിക ചെലവുചെയ്തു കുടുംബത്തിൻെറ സമ്പത്തിനും യശസ്സിനും അനുസരിച്ചു ഒരു വീടു പണുതു. ഗംഭീരമായ ഒരു രണ്ടുനില മാളിക.

മക്കൾ 5 പേരാണു്. ഭാഗകാര്യം വന്നപ്പോൾ വീടു് ആർക്കും വേണ്ട. വീടു് എടുക്കുന്നവനു ഒരു ലക്ഷം രൂപയുടെ നിലമോ തോട്ടമോ ചേരിക്കാലോ കുറവുവരും. വീടു് ആർക്കും വേണ്ട. എന്തു ചെയ്യും? കുടുംബത്തിൻെറ പ്രതാപം നിലനിത്താൻ പണിയിച്ച വീടു് ആർക്കും വേണ്ട. ഒടുവിൽ സമുദായത്തിലെ പ്രമുഖന്മാരുടെ ഏടപെടൽമൂലവും, നാട്ടുകാരറിഞ്ഞാൽ നാണക്കേടും കുടുംബത്തിൻെറ യശസ്സിനു കോട്ടവും വരുമെന്നുള്ള ഭയംമൂലവും ഒരു മകൻ നാല്പതിനായിരം ഉറുപ്പിക വിലവച്ചു് ആ വീടു എടുത്തു. മററു നാലുപേർക്കും തുല്യമായ തുക പണമായി ലഭിച്ചതിൽ ഏകദേശം പതിനായിരംവീതം ചെലവുചെയ്തു ആവശ്യത്തിനുമാത്രം വലിപ്പമുള്ള നല്ല ഭംഗിയുള്ള വീടുകൾ പണിയിച്ചു് ബാക്കി ആദായമാർഗ്ഗങ്ങളിൽ മുടക്കി ആദായമെടുത്തുകൊണ്ടിരിക്കുന്നു.

വലിയ വീടു് ഒരു അനാവശ്യമാണു്. നമുക്കു ഉപയോഗമില്ലാത്ത പല ഭാഗങ്ങളും അതിലുണ്ടാകും. നമ്മുടെ ശ്രദ്ധ ചെന്നെത്താത്ത പല ഭാഗങ്ങളും അതിനുണ്ടാകും. ആ സ്ഥാനങ്ങളെല്ലാം നമുക്കു ഗുണത്തെക്കാളധികം ദോഷം ചെയ്യുന്നവയായിത്തീരും.

ഒന്നിലധികം നിലയുള്ള കെട്ടിടങ്ങൾ പട്ടണങ്ങളിൽ ഉപയോഗപ്രദമായേക്കാം. ഗ്രാമപ്രദേശങ്ങളിൽ അവ അനാവശ്യമാണു്. നരിച്ചീർ, മരപ്പട്ടി മുതലായവയുടെ അധിവാസസ്ഥാനമായി രണ്ടാംനിലകൾ പ്രായേണ അനുഭവപ്പെടുന്നുണ്ടു്. ഈ തിയ്യക്കജന്തുക്കൾക്കു പാപ്പിടമുണ്ടാക്കിക്കൊടുക്കുക എന്നതു "മനോഗുണപ്രവൃത്തി"കളിൽ പെടുന്നില്ല.

ഒരു വലിയവീടു പണിയിച്ചയാളിനു പിന്നീടു് അതു വില്ക്കേണ്ട ആവശ്യം വന്നു. നെൽപ്പാടം നഷ്ടപ്പെടാൻ പോകുന്നു. വീടുവിററും വയൽ രക്ഷിച്ചേ തീരൂ. 14,000 രൂപാ മുടക്കുള്ള വീടിനു 3500 കിട്ടിയാൽ കൊടുക്കാമെന്നുണ്ടു്. വാങ്ങാൻ ആളില്ല. പാവം, "ഉണ്ടിരിക്കുമ്പോൾ കണ്ടിരിക്കാനുള്ള" നിലം നഷ്ടപ്പെടുകതന്നെ ചെയ്തു. വലിയ വീട്ടിൽ "ചുരുളപണി"യുകയാണിപ്പോൾ.

ഒരു പാവത്തിനു, കുറെ പണം കൈവശം വന്നുചേർന്നപ്പോൾ ഭാര്യയുടെ ഉപദേശപ്രകാരം ഒരു ഗംഭീരൻ വീടു പണിയാൻ തോന്നി. പണി പൂർത്തിയാക്കാൻ തെങ്ങിൻതോപ്പു വിററു. ഇപ്പോൾ പുരമേയാൻ ഓലയില്ല. ഓല വാങ്ങാൻ കാശില്ല. കാശു കിട്ടാൻ ആദായമില്ല. പറമ്പില്ല. ആ ബുദ്ധിശാലികളായ ദമ്പതികൾ—മക്കളില്ലാത്തതു ഭാഗ്യം—ജീർണ്ണം ഭവിച്ച പുരയുടെ ഒരു കോണിൽ കിടന്നുറങ്ങും. പായ് കൊണ്ടു താല്ക്കാലിക മേൽക്കൂരയുണ്ടാക്കും, നനയാതിരിക്കാൻ.

കമ്മ്യൂണിസ്റ്റു് പിടി മുറുകിയിരുന്ന ഒരു പട്ടണത്തിൽക്കൂടി ഒരു സന്ധ്യാവേളയിൽ ഞാൻ നടക്കുമ്പോൾ രസകരമായ ഒരു സംസാരംകേട്ടു. മുൻപിൽ രണ്ടുപേർ പോകുന്നു. നല്ല ചുണയിലാണു് നടപ്പു്. തെരുവിൻെറ ഒരു വശത്തു ഗംഭീരമായ ഒരു സൗധം ഉയർന്നുവരുന്നു. ഒരുവൻ അപരനോടു്: "ഇതെന്തിനു കൊള്ളാം?"

അപരൻ: രണ്ടാംനില പാർട്ടിമീററിങ്ങിനു പററിയതാണു്.

ഒന്നാമൻ: താഴത്തെനില നമ്മുടെ സ്റ്റോറിനും.

രണ്ടാമൻ: അമ്പമ്പോ, കക്ഷിസുതന്നെ നമ്മുടെയൊക്കെ പുരയെക്കാൾ കേമമാണല്ലോ.

ഒന്നാമൻ: അതും കൊള്ളാമെടോ നമുക്കു്. ഇടിവണ്ടി വരുമ്പോൾ ഓടിയൊളിക്കാൻ ഒരു ഗുഹയുണ്ടതിനു്.

കേട്ടില്ലേ സംസാരം? ഇനി ഞാനൊന്നും പറയണ്ടല്ലോ.

ഒരു വലിയ വീട്ടിൽ ഒരു കട്ടിൽ ഞാനൊരിക്കൽ കണ്ടു. ഞാൻ നോക്കിനിന്നുപോയി. മുതലാളി സാഭിമാനം പറയുകയാണു് "അതിനു 300 തച്ചായി" എന്നു്. 300 തച്ചു്! ഇന്നത്തെ സ്ഥിതിക്കു ആയിരത്തിൽപ്പരം രൂപാ! ഒരു ചെറിയ പറമ്പും വീടുംകൂടി വാങ്ങാനുള്ള തുക!! കണ്ടില്ലേ താലന്തുകൾ കൈയിൽ കിട്ടിയ കാര്യസ്ഥൻെറ ധൂർത്തു്? എന്നിക്കൊരു കൊതി. കണക്കുംകൊണ്ടു് യജമാനൻെറ പക്കൽ ചെല്ലുമ്പോൾ അടുത്തെങ്ങാനും ഒളിഞ്ഞുനിന്നു് അതൊന്നു കേൾക്കാൻ.

വലിയ വീടു പണിയുന്നതുകൊണ്ടു് ഒരു ഗുണം ഞാൻ കാണുന്നുണ്ടു്. മററുവിധത്തിൽ സാധുക്കളുടെയിടയിൽ വിതരണം ചെയ്യപ്പെടാനിടയില്ലാത്ത തുകകൾ അവർക്കായി വീതിക്കപ്പെടുമല്ലോ എന്നു്.

സിൻെറ വിപരീതകോടിയെ അവലംബിച്ചിരുന്ന നെസ്തോറിയസിനെയും ഇതിലൊട്ടും കുറഞ്ഞ ശക്തിയോടുകൂടിയല്ല പാപ്പാ ഭർത്സിക്കുന്നതു്. "താൻ ജനിച്ച കന്യകയിൽനിന്നു ദൈവസുതൻ മാംസം എടുത്തപ്പോൾ ഏകവ്യക്തിത്വത്തിൽ രണ്ടു സ്വഭാവങ്ങളും യോജിച്ചതായി സമ്മതിക്കേണ്ടതിനാൽ മനുഷ്യപുത്രൻ സ്വർഗ്ഗത്തിൽനിന്നു് ഇറങ്ങിയതായി (വേദപുസ്തകത്തിൽ) നാം വായിക്കുന്നു. വീണ്ടും ദൈവപുത്രൻ കുരിശിൽ തറയ്ക്കപ്പെടുകയും സംസ്കരിക്കപ്പെടുകയും ചെയ്തതായി നാം പറയുന്നു. എന്നാൽ ഇവ നിത്യത്വത്തിലും സാരാംശത്തിലും പിതാവിനോടു സമത്വമുള്ളവൻ എന്ന നിലയിൽ ആ ദൈവത്വത്തിൽ അല്ല, പ്രത്യുത മാനുഷികസ്വഭാവത്തിൻെറ ബലഹീനതയിലാണു് അവിടുന്നു പീഡകൾ സഹിച്ചതു്. ഇപ്രകാരം ദൈവത്തിൻെറ ഏകജാതനായ പുത്രൻ കുരിശിൽ തറയ്ക്കപ്പെട്ടു സംസ്കരിക്കപ്പെട്ടു എന്നു നാമെല്ലാവരും വിശ്വാസപ്രമാണത്തിൽ ഏററുചൊല്ലുന്നു."(16)

ക്രിസ്തുവിലുള്ള രണ്ടു സ്വഭാവങ്ങളുടെയും വിഭിന്നതയെ മാത്രമല്ല, ഓരോ സ്വഭാവത്തിൻെറയും പ്രകൃതിഗുണവ്യാപാരങ്ങളുടെ വിഭിന്നതയെയും വി. ലെയോൻ അതിവിശദമായി ചൂണ്ടിക്കാണിക്കുന്നു. അദ്ദേഹം പറയുന്നു:- "ഏക വ്യക്തിത്വത്തിൽ സംയോജിച്ച രണ്ടു സ്വഭാവങ്ങളുടെയും പ്രകൃതിഗുണങ്ങൾ അന്യൂനം നിലനില്ക്കുകതന്നെ ചെയ്യുന്നു. എന്നിരുന്നാലും വിനീതാവസ്ഥ ഉന്നതാവസ്ഥയാലും, ബലഹീനത ബലത്താലും, മർത്ത്യത നിത്യതയാലും സംവഹിക്കപ്പെടുന്നു."(17) വീണ്ടും അദ്ദേഹം പറയുന്നു:- "എന്തുകൊണ്ടെന്നാൽ ഓരോ സ്വഭാവവും അതിൻെറ സ്വകീയപ്രകൃതിഗുണത്തെ അന്യൂനമായി പരിരക്ഷിക്കുന്നു."(18)

എന്നാൽ "ഒരേ വ്യക്തിതന്നെ സത്യമായി ദൈവപുത്രനും സത്യമായി മനുഷ്യപുത്രനും"(19) ആയിരിക്കയാൽ ഈ പ്രകൃതിഗുണങ്ങളുടെയും വ്യാപാരങ്ങളുടെയും വിവിധശ്രേണികൾ ദൈവവചനമാകുന്ന വ്യക്തിയുടേതായി പറയപ്പെടുന്നു. ഇങ്ങനെ ഓരോ സ്വഭാവവും പരസ്പരം ഐക്യത്തിൽ വർത്തിച്ചു് അതതിൻെറ സ്വകീയവ്യാപാരങ്ങൾ നിർവ്വഹിക്കുന്നു, അതായതു ദൈവവചനം ദൈവവചനത്തിനു് അനുസൃതമായും, ജഡം ജഡത്തിനു് അനുസൃതമായും പ്രവർത്തിക്കുന്നു."(20) വി. ക്യൂറില്ലോസ് നെസ്തോറിയസിനെതിരായി ക്രിസ്തുവിൻെറ രണ്ടു സ്വഭാവങ്ങളും ദൈവവചനത്തിൻെറ ഏകവ്യക്തിത്വത്തിൽ—അതായതു് നിത്യത്വത്തിൽ ദൈവത്വപ്രകാരം പിതാവിൽനിന്നു് ഉല്പാദിതവും, കാലയളവിൽ മനുഷ്യത്വപ്രകാരം മറിയത്തിൽനിന്നു സംജാതവുമായ ദൈവവചനത്തിൻെറ ഏകവ്യക്തിത്വത്തിൽ—അധിഷ്ഠിതമായിരിക്കുന്നു എന്നുള്ള സുദൃഢതത്വത്തെ ആസ്പദമാക്കി സമഞ്ജസമായി വാദിച്ചു സ്ഥാപിച്ചതും, "പ്രകൃതിഗുണങ്ങളുടെ പരസ്പരാരോപണം" ("Communication of idioms") എന്നു വിളിക്കപ്പെടുന്നതുമായ ആ വിശ്രുതതത്വം ഇവിടെ പ്രത്യക്ഷീഭവിക്കുന്നു.

(തുടരും)

(16) EP. 28, 5: PL 54, 771; cf. Augustinus, "Contra sermonem Arianorum, c. 8 (PL 42, 688)

(17) EP. 28, 3; PL 54, 763; cf. St. Leo the Great Serm. 21, 2 (PL 54, 192)

(18) EP. 28, 3; PL 54, 765 cf. Serm. 232 (PL 54, 201)

(19) EP. 28, 4 (PL 54, 767)

(20) Ibid.

വി. അന്തോനീസിൻെറയും വി. കൊച്ചുത്രേസ്യായുടേയും മദ്ധ്യസ്ഥതയാൽ ദിനം സുഖംപ്രാപിച്ചതിനു് ഉപകാരസ്മരണ.

എം. എ. കാച്ചപ്പിള്ളി
ആലുവാ

Reg. M. No. 2293

# Sathya Deepam

Vol. 27 Ernakulam November 4, 1953 No. 11

# വിവിധവൃത്താന്തങ്ങൾ

## സ്വര്‍ഗ്ഗീയബാങ്കിൽ നിക്ഷേപിക്കുന്ന വിധം

ലിവർപ്പൂൾ അതിരൂപതയിലുള്ള ഒരു പള്ളി കേടുഭവിച്ചു നില്ക്കുകയായിരുന്നു. ഇയ്യിടെ ഒരു ദിവസം ഒരു മാന്യൻ വികാരിയുടെ മുറിയിൽ കടന്നുചെന്നു് ഒരു കടലാസുകെട്ടു് അദ്ദേഹത്തിനു സമര്‍പ്പിച്ചു. പതിനായിരം പവൻെറ നോട്ടുകളാണു അതിലുണ്ടായിരുന്നതു്. പള്ളിപണി ഉടനെ അതുകൊണ്ടു നടത്തണമെന്നും തൻെറ പേരു പരമരഹസ്യമായിരിക്കണമെന്നും അയാൾ അപേക്ഷിച്ചു. 20 കൊല്ലംമുമ്പു് ഇംഗ്ലണ്ടിൽത്തന്നെ ഇതുപോലെ വേറൊരു ദാനം നടന്നു. നിസ്തുലനായ കാനൻ ഫ്രാൻസിസ്സ് റീഡിങ്ങ് എന്ന സ്ഥലത്തെ മോട്ടോർ ചാപ്പലിൽ പ്രസംഗിക്കയായിരുന്നു. "ഇനി ഇവിടെ സ്ഥിരമായ ഒരു നല്ല പള്ളി പണിയാൻ അത്യാവശ്യമായിരിക്കുന്നു. ഈ പ്രസംഗം കഴിയുമ്പോൾ ഒരു പതിനായിരം പവൻ വല്ലവരും കൊണ്ടുവന്നു തന്നെങ്കിൽ—" അത്ഭുതമേ! പ്രസംഗാവസാനത്തിൽത്തന്നെ പതിനായിരം പവൻെറ ഒററച്ചെക്കു് ഒരു സഹൃദയൻ കൊണ്ടുചെന്നു രഹസ്യമായി അദ്ദേഹത്തെ ഏല്പിച്ചു. ഇംഗ്ലീഷ് രക്തസാക്ഷികളുടെ ഒരു പള്ളിയാണു് അതുകൊണ്ടു പണികഴിപ്പിച്ചതു്. വന്ദ്യനായ കാനൻ അവിടെ മരിച്ചു അടക്കപ്പെട്ടിട്ടു രണ്ടുകൊല്ലമേ ആയിട്ടുള്ളു.

## നേപ്പിൾസ് ബസിലിക്കാ പുനരുദ്ധരിക്കപ്പെട്ടു

1943 ആഗസ്റ്റ് 4-ാം തീയതിയിലെ സഖ്യകക്ഷിബോംബിങ്ങുകൊണ്ടാണു് വിശ്വവിശ്രുതമായ നേപ്പിൾസിലെ സെൻറ് ക്ലാര ബസിലിക്കാ തകർന്നതു്. റോമിനു തെക്കായി ഇത്ര മനോഹരമായ വേറൊരു പള്ളിയുണ്ടായിരുന്നില്ല. കേടു പോക്കിയെടുക്കാൻ പാടില്ലാത്തവണ്ണം അതു നഷ്ടപ്പെട്ടുപോയി എന്നുതന്നെയായിരുന്നു പൊതുവേയുള്ള അഭിപ്രായം. എന്നാൽ കൃത്യം പത്തുകൊല്ലംകൊണ്ടു അതു വീണ്ടും പണികഴിച്ചെടുത്തു. ഇയ്യിടെ വെഞ്ചരിപ്പുകർമ്മം നടത്തിയിരിക്കുന്നു. ഉല്‍ഘാടനാവസരത്തിൽ പരിശുദ്ധ പിതാവു തിരുമനസ്സുകൊണ്ടു് കാസിൽ ഗൺഡോൾഫോയിൽനിന്നയച്ച റേഡിയോസന്ദേശത്തിൽ നേപ്പിൾസ് നിവാസികളെ ഹാർദ്ദമായി അഭിനന്ദിച്ചിരിക്കുന്നു. "ഇത്രവേഗം ഇതു പുനരുദ്ധരിക്കാൻ നേപ്പിൾസുകാരെക്കൊണ്ടല്ലാതെ സാദ്ധ്യമല്ല" എന്നത്രേ തിരുമേനി പറഞ്ഞിരിക്കുന്നതു്.

## യുദ്ധത്തടവിൽവച്ചു ജ്ഞാനസ്നാനം സ്വീകരിച്ചവർ

മനിലായിൽനിന്നു വിട്ടതൽ പ്രാപിച്ച 110 ജാപ്പുതടവുകാരെയുംകൊണ്ടു ഒരു കപ്പൽ കഴിഞ്ഞ മാസത്തിൽ യോക്കോഹാമാ തുറമുഖത്തടുത്തു. അവരെ സ്വീകരിക്കാൻ ചെന്നെത്തിയിരുന്ന ജപ്പാൻകാരുടെ കൂട്ടത്തിൽ ഫ്രഞ്ചുകാരിയായ മദർ മരിയെ ദെ ചെർവെല്ലോൺ എന്നൊരു ഫ്രാൻസിസ്കൻ കന്യാസ്ത്രീയുമുണ്ടായിരുന്നു. ഈ കന്യാസ്ത്രീ മുമ്പു മനിലായിൽ ജോലിചെയ്തിരുന്നതാണു്. ഇപ്പോൾ ജപ്പാനിൽ മദർ പ്രൊവിൻഷ്യലായി ജോലി നടത്തുന്നു. ജാപ്പനീസ് ഭാഷ ക്ലേശരഹിതമായി സംസാരിപ്പാൻ കഴിയുന്ന ഈ കന്യകാമണി മനിലായിലായിരിക്കയിൽ ആഴ്ചതോറും ജപ്പാൻ സൈനികതടവുകാർ കിടന്നിരുന്ന കാരാഗൃഹം സന്ദര്‍ശിക്ക പതിവായിരുന്നു. തടവുകാർക്കു സിഗററ്, മധുരപലഹാരങ്ങൾ, ജാപ്പ് പത്രമാസികകൾ മുതലായവ നൽകിയിരുന്നതുകൂടാതെ മതകാര്യങ്ങളെപ്പററി ഇടയ്ക്കിടെ അവരോടു സംസാരിക്കയും ചെയ്തുവന്നു. ഭടന്മാരിൽ 20 പേരുടെ ആഗ്രഹാനുസരണം മദർ മരിയേ അവർക്കായി ഒരു വേദപാഠക്ലാസുതന്നെ നടത്തി. അതിൽ 18 പേരും ജ്ഞാനസ്നാനപ്പെട്ടു കത്തോലിക്കാമതം സ്വീകരിച്ചു. യോക്കോഹാമായിൽ വന്നടുത്ത കപ്പലിൽ അവരിൽ 15 പേർ കൂടി ഉണ്ടായിരുന്നതിനാലത്രേ മദർ മരിയേ അവരെ സ്വീകരിക്കാൻ സന്നിഹിതയായതു്. സ്വന്തമാതാവിൻെറ പക്കലേക്കെന്നപോലെ ഭടന്മാർ ആ കന്യാസ്ത്രീയുടെ ചുററും ഓടിക്കൂടി. ജ്ഞാനസ്നാനപ്പെട്ട പ്രസ്തുത ജാപ്പ്ഭടന്മാരുടെ ഗണത്തിൽ ലെഫ്ററനൻറ് കണ്ണൽ ഫ്രാൻസിസ് സു, മേജർ ഇഗ്നേഷ്യസ് ഹരാദ ആദിയായ പല പ്രമുഖന്മാരും ഉണ്ടായിരുന്നു.

## ഫ്ളോറൻസിലെ നഗരസഭാദ്ധ്യക്ഷൻ

49 വയസ്സുള്ള ജോർജ് ലാ പിരാ എന്ന ദേഹത്തെ ഫ്ളോറൻസുനഗരത്തിൻെറ മേയറായി ഇയ്യിടെ തിരഞ്ഞെടുത്തപ്പോൾ ചില മുതലാളിപ്രമാണികൾ പരിഭ്രമിച്ചു. "നഗരം മുഴുവൻ അദ്ദേഹം സാധുക്കൾക്കു് എഴുതിക്കൊടുത്തേക്കും" എന്നായിരുന്നു അവരുടെ ഭീതി. അദ്ദേഹവും തൻെറ തിരഞ്ഞെടുപ്പിനെ എതിർക്കുകയാണു ചെയ്തതു്. "സാധുലോകത്തിനുവേണ്ടിയുള്ള എൻെറ ജോലികൾക്കു വിഘ്നം നേരിടുന്നപക്ഷം ഈ ജോലി കൈയേൽക്കാൻ എനിക്കു നിവൃത്തിയില്ല" എന്നദ്ദേഹം പ്രതിഷേധിച്ചു. അതിനു യാതൊരു വിഘ്നവും വരുത്തേണ്ടതില്ലെന്നു കൗൺസിലറന്മാർ ഉറപ്പുകൊടുത്തതനുസരിച്ചാണു് അദ്ദേഹം ഉദ്യോഗം ഏറെറടുത്തതു്. പ്രൊഫസർ ജോലിയിൽനിന്നും, നിയമസഭാമെമ്പർസ്ഥാനംകൊണ്ടും മററും തനിക്കു ലഭിച്ചിരുന്ന വരുമാനങ്ങളത്രയും ദിവ്യഗുരുവിൻെറ ആഹ്വാനാനുസരണം ഇക്കഴിഞ്ഞ 20 കൊല്ലങ്ങളായി സാധുജനോദ്ധാരണത്തിനായി അദ്ദേഹം വിനിയോഗിച്ചുവരികയാണു്. പരിശുദ്ധ കുർബാനയിൽ സംബന്ധിച്ചു ദിവ്യഭോജനവും ഉൾക്കൊള്ളാതെ അനുദിനകൃത്യങ്ങളിലേക്കു പ്രവേശിക്കുക അദ്ദേഹത്തിനു സാദ്ധ്യമല്ല. പണമില്ലാതെ വരുമ്പോൾ സ്വന്തസാധനസാമഗ്രികൾ വിററു സാധുസേവനം നിർവ്വഹിക്കയാണു് അദ്ദേഹത്തിൻെറ മുറ. കഴിഞ്ഞ ക്രിസ്തുമസിനു പ്രധാനമന്ത്രി ഗസ്പാരി അദ്ദേഹത്തിനു സമ്മാനിച്ച മൂന്നു നെക്ടൈകൾ വളരെനാൾ സൂക്ഷിച്ചുവച്ചിരുന്നെങ്കിലും ഇപ്പോൾ വിററുപോയി. ഡെമൊക്രാററിക്കു് കക്ഷിക്കാരനാണെങ്കിലും കമ്മ്യൂണിസ്റ്റു നേതാവായ ടൊഗ്ലിയാററിയും അദ്ദേഹത്തിൻെറ ആപ്തമിത്രമാണു്. മേയറായി കഴിഞ്ഞശേഷം നഗരസേവക കാര്യങ്ങളിലൊന്നും ഈ ധാരാളത്വം പ്രദര്‍ശിപ്പിക്കുന്നില്ലെന്നുള്ളതു് നഗരവാസികൾക്കു് വലിയ ആശ്വാസത്തിനു കാരണമായിട്ടുണ്ടു്.

## നഗരവീഥികളിലെ തിരുക്കൂടുകൾ

യൂറോപ്യൻ നഗരങ്ങളിലെ ഒരു മഹനീയകാഴ്ചയാണു് തെരുവീഥികളിൽ അവിടവിടെയായി നിലകൊള്ളുന്ന മനോഹരങ്ങളായ ചെറുകപ്പേളകൾ. റോമാനഗരത്തിൽ തീർത്ഥകരുടെ കണ്ണും കരളും കവരുന്ന ഒരു അന്യാദൃശ കാഴ്ചതന്നെയാണിവ. എന്നാൽ ഫ്ളോറൻസുനഗരം ഈ വിഷയത്തിൽ റോമായേയും മുന്നിട്ടുനില്ക്കുന്നു. പുരാതനങ്ങളായ ശില്പവൈദഗ്ദ്ധ്യത്തെയും കലാനിപുണതയെയും പ്രദര്‍ശിപ്പിക്കുന്ന 1011 കപ്പേളകളാണു് ഫ്ളോറൻസിൻെറ നഗരവീഥികളിൽ അങ്ങിങ്ങായി സ്ഥിതിചെയ്യുന്നതു്. അവയിൽ മിക്കതിലുംതന്നെ പരിശുദ്ധ ദൈവജനനിയുടെ ചിത്രങ്ങളും പ്രതിമകളുമാണു സ്ഥലംപിടിച്ചിരിക്കുന്നതു്. അവയിൽ പലതും വിശ്വവിശ്രുത കലാകാരന്മാരായ മൈക്കൽ ആഞ്ചലോ, ഒറൊനതെല്ലോ, ലൂക്കാ ഡെല്ലാറോബിയാ മുതലായവരുടേതുമാണു്. ഈ തരത്തിലുള്ള പുരാതനകലാനികേതനങ്ങളുടെ സംരക്ഷണത്തിലേക്കായി കാർഡിനൽ ഡല്ലകോസ്റ്റാ തിരുമേനിയുടെ മേൽനോട്ടത്തിൽ ഇയ്യിടെ ഫ്ളോറൻസിൽ ഒരു കമ്മിററി ഏർപ്പെടുത്തിയിരിക്കുന്നു. നഗരസഭാമെമ്പറന്മാരും കമ്മിററിയിൽ ഉൾപ്പെട്ടിട്ടുണ്ടെന്നു മാത്രമല്ല, നഗരസഭയുടെ സകലവിധ സഹായങ്ങളും കമ്മിററിക്കാർക്കു വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ടു്. ഡാൻറിയുടെ പുരാതന നഗരത്തിൻെറ കലാപാരമ്പര്യം അസ്തമിച്ചുപോകാതെ ഭാവിയിലും സംരക്ഷിച്ചുകൊണ്ടുപോകണമെന്നുള്ളതാണു ഇതിൻെറ പ്രണേതാക്കളുടെ പ്രധാനോദ്ദേശ്യം.

## ഏഴുതരത്തിലുള്ള ദാതാക്കന്മാർ

ഒന്നാംതരത്തിലുള്ള ദാതാക്കൾ സന്മനസ്സോടും ധാരാളത്വത്തോടുംകൂടി നൽകുന്നവരാണു്. പക്ഷേ എപ്പോഴും സ്വന്തകാര്യത്തിനുവേണ്ടി മാത്രമായിരിക്കുമെന്നേയുള്ളു. രണ്ടാമതൊരു കൂട്ടരുണ്ടു്. ഉന്നതമായ യാതൊരുദ്ദേശ്യവുംകൂടാതെ ദാനംചെയ്യുന്നതിനാൽ ഇവർ ഫലം നഷ്ടപ്പെടുത്തുന്നു. വേറൊരുതരക്കാർ സ്വന്തമനഃസാക്ഷിയെ ശാന്തിപ്പെടുത്തുന്നതിലേക്കു പരിഹാരകൃത്യമായി ദാനം അര്‍പ്പിക്കുന്നു. നല്ലതുതന്നെ. നാലാമത്തെ വകുപ്പുകാർ പൊതുജനകീർത്തനത്തെ കാംക്ഷിച്ചു് പ്രദര്‍ശനാർത്ഥം ദാനധര്‍മ്മം ചെയ്യുന്നവരാണു്. വെറും നഷ്ടം. ഇനിയുമൊരുകൂട്ടർ ഒട്ടും മനസ്സായിട്ടു നൽകുന്നവരല്ല. മററുള്ളവർ കൊടുത്തല്ലോ, ഞാനും കൊടുക്കാഞ്ഞാൽ, ശേഷംപേർ എന്തുപറയും, ഈ പേടിയാണു് അവരുടെ ദാനത്തിനു നിദാനം. നിഷ്പ്രയോജനം. മറെറാരു കൂട്ടരുണ്ടു്. സ്നേഹചിന്തകൊണ്ടു പ്രേരിതരായിട്ടല്ല എന്തെങ്കിലും കൊടുക്കുന്നതു്. എങ്കിലും അതു തങ്ങളുടെ കടമയാണു് എന്ന ബോദ്ധ്യത്താൽ ചെയ്യുന്നു. വളരെ നല്ലതുതന്നെ. സന്മാര്‍ഗ്ഗികദാതാക്കൾ എന്നവരെ പറയാം. എന്നാൽ ഏഴാമത്തെ ശേഖരക്കാർ ഏററം ഉത്തമമായി ചെയ്യുന്നു. നമ്മുടെ കർത്താവിൻെറ അരൂപിയിൽ അവർ ദാനകർമ്മങ്ങൾ ചെയ്യുന്നു. അതായതു്, തങ്ങളുടെ അയല്ക്കാരെയും തങ്ങളെപ്പോലെ സ്നേഹിക്കുന്നതുകൊണ്ടു്, സര്‍വ്വോപരി അവരെ സഹായിപ്പാൻ ആഗ്രഹിക്കുന്നതുകൊണ്ടു്. ഇവരെ ആദ്ധ്യാത്മിക ദാതാക്കൾ എന്നു വിവക്ഷിക്കാം. ഇത്രയും വിവരിച്ചശേഷം, ഇതിൽ ഏതു തരത്തിൽ നീ പെടും എന്നു ചിന്തിക്കുക എന്നു "മിഷനറി കാറെക്കിസ്സ്" എന്ന മാസിക ഉപദേശിക്കുന്നു.

## എനിക്കു തരുമോ? മാർപ്പാപ്പാ ചോദിച്ചു

ഒരുസംഘം പട്ടാളക്കാർ പരിശുദ്ധ പിതാവിനെ സന്ദര്‍ശിക്കുന്നതിനായി വത്തിക്കാനിൽ എത്തിയിരിക്കയായിരുന്നു. സന്ദര്‍ശനഹാളിൽ അവർ അണിനിരന്നു. പന്ത്രണ്ടാം പീയൂസ് ആഗതനായി ഓരോരുത്തർക്കും ഹസ്തദാനംചെയ്തു. ഒരു ഭടൻെറ അടുത്തു ചെന്നപ്പോൾ പരിശുദ്ധ പിതാവു സ്തബ്ധനായി നിന്നുപോയി. അയാളുടെ വലതുകൈ നഷ്ടപ്പെട്ടിരുന്നു. മുഖത്തുണ്ടായിരുന്ന വച്ചുകെട്ടിൽക്കൂടി കവിൾത്തടത്തിലെ ദയനീയസ്ഥിതി ദൃശ്യമായിരുന്നു. ഒടുവിൽ മൗനമുദ്ര ഭഞ്ജിച്ചു മാർപ്പാപ്പാ ചോദിച്ചു. "മകനേ! പൊയ്പ്പോയ നിൻെറ കരവും, നഷ്ടീഭവിച്ച നിൻെറ കവിൾത്തടങ്ങളും എനിക്കു നീ തരുമോ?" "പിതാവേ! അവ എവിടെയാണെന്നു് എനിക്കുതന്നെ അജ്ഞാതമാണല്ലോ." "എവിടെയാണെന്നല്ലല്ലോ ഞാൻ ചോദിക്കുന്നതു്. അവ എനിക്കു നീ തരാൻ മനസ്സാകുന്നോ?" "നിശ്ചയമായും." "കൊള്ളാം. നാളെ എൻെറ ദിവ്യബലിയിൽ നമ്മുടെ കർത്താവിൻെറ മുറിഞ്ഞുതകർന്ന തിരുശ്ശരീരത്തോടൊന്നിച്ചു ആ നഷ്ടശിഷ്ടങ്ങളും പരമപിതാവിനു ഞാൻ സമർപ്പിക്കും. എൻെറ ബലി അങ്ങനെ കൂടുതൽ ഫലപ്രദായകമായിത്തീരും. എനിക്കുംനിനക്കും അതു പ്രയോജനകരമായി ഭവിക്കുകയുംചെയ്യും."

## കിളിയെക്കൊണ്ടു കാര്യം കാണാൻ ശ്രമം

ബ്രിട്ടനിലെ വിദേശവകുപ്പിൻെറ മേധാവി കുറേമുമ്പു തൻെറ കീഴുള്ള ഒരു വൈമാനികനോടാവശ്യപ്പെട്ടു, ആഫ്രിക്കയിൽനിന്നു് ഒരു നല്ല തത്തയെ കൊണ്ടുവരണമെന്നു്. ആജ്ഞാനുസരണം അയാൾ ചെയ്തു. മേലുദ്യോഗസ്ഥൻ തത്തയെക്കൊണ്ടു സംസാരിപ്പിക്കാൻ ശ്രമമായി. തത്ത ഉടനെ പറഞ്ഞു: "വിമാനസേനയ്ക്കു ശമ്പളം കൂട്ടിക്കൊടുക്കുക. വിമാനസേനയ്ക്കു ശമ്പളം കൂട്ടിക്കൊടുക്കുക." ഈ തന്ത്രംകൊണ്ടു ഫലം വല്ലതുമുണ്ടായോ എന്നു അറിയുന്നില്ല. എങ്കിലും തന്ത്രം നല്ലതുതന്നെയായിരുന്നു.

വി. ദേവസ്യാനോസു സഹദായുടെ മാദ്ധ്യസ്ഥത്താലും ബ. അൽഫോൻസാമ്മയുടെ സഹായത്താലും കാര്യസാദ്ധ്യതയുണ്ടായതിൽ ഉപകാരസ്മരണ.

സി. ഇ. ദേവസ്സിക്കുട്ടി,
മോതിരക്കണ്ണി, പരിയാരം

*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam—1

